
www.malankaralibrary.com



# മലങ്കര വിശുദ്ധ കുർബ്ബാന

## ഒരു ലഘു പഠനം

ബിജു കുര്യാക്കോസ്, വേലുക്കിഴക്കേതിൽ

www.malankaralibrary.com



www.malankaralibrary.com

# മലങ്കര വിശുദ്ധ കുർബ്ബാന

## ഒരു ലഘു പഠനം

ബിജു കുര്യാക്കോസ്, വേലുക്കിഴക്കേതിൽ

"എല്ലാം അങ്ങേ മഹത്വത്തിനായ്-

എല്ലാം അങ്ങേ പുകഴ്ചക്കുമായ്

തീർന്നീടേണമേ പ്രിയനെ

തിരുനാമം ഉയർന്നിടട്ടേ"

www.malankaralibrary.com

**MALANKARA VISUDHA QURBANA**

**Oru Lekhu Paddanam**

(Malayalam)

*Author*

Biju Kuriakose

Velukizhakethil

Mandiram P.O.

Ranny - 689672

Ph : 9446960966

*First Edition*

July 2014

*Printed at*

Arackamannil Printers

Ranny

Ph : 04735-226212, 9447207272

www.malankaralibrary.com

# സമർപ്പണം

കുരിശിന്റെ വഴിയിലും, കുരിശിൽ ചുവട്ടിലും, നിശബ്ദസാന്നിധ്യമായി, ആ ബലിയോട് ഏറ്റം ചേർന്നുനിന്ന - അപ്പോഴും ഹൃദയത്തിൽ വിശ്വാസം കാത്തുസൂക്ഷിച്ച, എല്ലാം ഹൃദയത്തിൽ സംഗ്രഹിച്ചവളായ അമ്മയുടെ വിമല ഹൃദയത്തിന്; ഒപ്പം, ഉറയ്ക്കാത്ത ഉച്ചിയിൽ മാമ്മോദീസാ വെള്ളം വീഴ്ത്തി സത്യസഭയിലേക്ക് എന്നെയും സ്വീകരിച്ച പുരോഹിതാ അങ്ങേക്ക്, പ്രഥമ ദിവ്യകാരുണ്യ സ്വീകരണത്തിൽ ഈശോയെ നാവിൻ തുമ്പിൽ വെച്ചുതന്ന ആചാര്യാ അങ്ങേക്ക്, പാപത്തിന്റെ പന്നികൂട്ടിൽ നിന്നും സുബോധമുണ്ടായപ്പോഴെല്ലാം, ഒരായിരം തവണ 'നിന്റെ പാപങ്ങൾ ക്ഷമിക്കപ്പെട്ടിരിക്കുന്നു' എന്നു പറഞ്ഞാശ്വസിപ്പിച്ച വൈദികരെ നിങ്ങൾക്ക്, ജീവിതത്തിന്റെ അവസാന പേജും മറിച്ചു കഴിയുമ്പോൾ, ഒരുപിടി മണ്ണും, കുന്തിരിക്കവും ഇട്ട് നിത്യാനന്ദത്തിലേക്ക് യാത്രാമംഗളങ്ങൾ നേരാനിരിക്കുന്ന-നിത്യകാലവും വിശുദ്ധ ത്രോണോസ്സിനു മുമ്പിൽ ഈ കാട്ടത്തിവൃക്ഷത്തെയും ഓർക്കുന്ന പ്രിയപ്പെട്ട പുരോഹിതൻമാരെ നിങ്ങൾക്കോരുത്തർക്കും......

www.malankaralibrary.com

# ഉള്ളടക്കം


സന്ദേശം

ആശംസ/അവതാരിക.

വിശുദ്ധ കുർബ്ബാന, ആമുഖം

1. മലങ്കര സുറിയാനി ആരാധനാ ക്രമം.
- ഒരുക്ക ശുശ്രൂഷ.
- മെൽക്കിസെദേക്കിന്റെ ക്രമം.
- അഹറോന്റെ ക്രമം.

2. വചന ശുശ്രൂഷ.
- പരസ്യ ശുശ്രൂഷ.
- ത്രൈ ശുദ്ധ കീർത്തനം.

3. വിശുദ്ധ ഗ്രന്ഥ വായനകൾ.

4. പാപ പരിഹാര പ്രാർത്ഥനകൾ.
- ധൂപക്കുറ്റി വാഴ്വ്.
- വിശ്വാസ പ്രമാണം.

5. അന്നാഫുറ.
- സമാധാന പ്രാർത്ഥനകൾ.
- ശോശപ്പാ ആഘോഷം.

6. എവുക്കാറെസ്തിയ (കൃതജ്ഞതാ സ്തോത്രം).
- ശ്ലൈഹീകാശീർവാദം.
- മാലാഖമാരുടെ സ്തുതിപ്പ്.
- സ്ഥാപന വചനങ്ങൾ.
- റൂഹാക്ഷണ പ്രാർത്ഥന.
- മദ്ധ്യസ്ഥ പ്രാർത്ഥനകൾ (തുബ്ദേൻ)

7. അപ്പം മുറിക്കൽ. (ഖണ്ഡിപ്പിന്റെ) ശുശ്രൂഷ.
- കർത്തൃ പ്രാർത്ഥന.
- സമാധാനാശംസകൾ.
- തിരു ശരീര രക്തങ്ങളുടെ ആഘോഷം.

8. ധൂപപ്രാർത്ഥനകൾ (കുക്കിലിയോൻ)

9. വിശുദ്ധ കുർബ്ബാനാ സ്വീകരണം.

10. സമാപനാശീർവാദം. - ഉപസംഹാരം.

അനുബന്ധം 1. വിശുദ്ധ കുർബ്ബാന ഫലദായകമാകാൻ.

അനുബന്ധം 2. തിരുവോസ്തി മാംസമായി ഫ്രാൻസിസ് മാർപ്പാപ്പാ ദൃക്സാക്ഷിയായി.

അനുബന്ധം 3. പുതിയ നിയമത്തിൽ വി.കുർബ്ബാനയുടെ സ്ഥാപനത്തെപ്പറ്റിയുള്ള വിവരണങ്ങൾ

www.malankaralibrary.com

**ARCHDIOCESE OF TIRUVALLA**
**Dr. Thomas Mar Koorilos**
**Metrapolitan Archbishop**



## സന്ദേശം

വേലുകിഴക്കേതിൽ ബിജു കുര്യാക്കോസ് വി.കുർബാനയെപ്പറ്റി, ഒരു സാധാരണ വിശ്വാസി എന്ന നിലയിൽ എഴുതിയ പുസ്തകം വായിച്ചുനോക്കി. ഒരു സാധാരണ വിശ്വാസിക്കുള്ള അറിവും ഭക്തിയും ഏറെക്കറെ ഭംഗിയായി അവതരിപ്പിക്കുന്നതിനു കഴിഞ്ഞു എന്ന് സാക്ഷ്യപ്പെടുത്തുന്നു. വി.കുർബാനയുടെ വിവിധ ഭാഗങ്ങളും അതിലുള്ള ഭാഗഭാഗിത്വവും പ്രാർത്ഥനകളുടെയും പ്രതീകങ്ങളുടെയും മറ്റും അർത്ഥവും എല്ലാം അവതരിപ്പിക്കുവാൻ ശ്രമിച്ചിട്ടുണ്ട്. വി.കുർബാന അനുഭവമാകുന്നത് അതിന്റെ ഒരുക്കത്തിലാണെന്ന ലേഖകന്റെ നിലപാട് ഏറെ ശരിയാണ്. ഈ ഗ്രന്ഥം സാധാരണക്കാർക്ക് വിശ്വാസം വർദ്ധിക്കുന്നതിനും വി.കുർബാനയിലുള്ള ഭാഗഭാഗിത്വം സജീവമാകുന്നതിനും സഹായിക്കും.

ഇപ്രകാരമുള്ള ഒരു ഗ്രന്ഥം പഠിച്ച് രചിച്ചതിൽ ഞാൻ ബിജുവിനെ അഭിനന്ദിക്കുന്നു. ദൈവം അദ്ദേഹത്തെ ഇനിയും ഉപയോഗിക്കട്ടെ.

പ്രാർത്ഥനയോടെ


**തോമസ് മാർ കൂറിലോസ്**

**മെത്രാപ്പോലീത്തൻ ആർച്ചുബിഷപ്പ്**

**തിരുവല്ല**

www.malankaralibrary.com

## ആശംസ



വിശുദ്ധ കുർബ്ബാന ക്രൈസ്തവ ജീവിതത്തിന്റെ ഉറവിടവും അടിസ്ഥാനവുമാണ്. മറ്റെല്ലാ കൂദാശകളും, സഭാപരമായ എല്ലാ ശുശ്രൂഷകളും, പ്രേഷിത പ്രവർത്തികളും വിശുദ്ധ കുർബ്ബാനയുമായി അഭേദ്യമാം വിധം ബന്ധപ്പെട്ടിരിക്കുന്നു. എന്തെന്നാൽ സഭയുടെ ആദ്ധ്യാൽമിക സമ്പത്ത് മുഴുവനും അടങ്ങിയിരിക്കുന്ന പെസഹാ രഹസ്യമാണ് വിശുദ്ധകുർബ്ബാന. യേശുക്രിസ്തുവിന്റെ ജനനവും, ജീവിതവും, കുരിശുമരണവും, പീഡാസഹനങ്ങളും, പുനരുത്ഥാനവും അവിടുത്തെ മഹത്വമേറിയ രണ്ടാംവരവും നാം ഓരോ ദിവ്യബലിയിലും ആഘോഷിക്കുന്നു. യേശു തന്നെതന്നെ നമുക്ക് സമ്മാനമായി നൽകുന്ന സ്നേഹത്തിന്റെ കൂദാശയാണ് വി.കുർബ്ബാന. വിശുദ്ധകുർബ്ബാന ഇന്ന് കേവലമമൊരു ചടങ്ങായി-വെറുമൊരു ആചരണമായി പലരുടെയും ജീവിതത്തിൽ അധപ്പതിച്ച് പോകുന്നു എന്നതൊരു സത്യം തന്നെയാണ്. ഭക്തിയും, ശ്രദ്ധയും, വിശുദ്ധിയും ആഗ്രഹവും, ആനന്ദവും ഇല്ലാതെ ദൈവജനം ബലിയർപ്പിക്കുമ്പോൾ സ്വർഗീയ പിതാവും, സഭാ മാതാവും ഒരുപോലെ വേദനിക്കുന്നു.

ഈ ദുരവസ്ഥയ്ക്ക് ഒരു നല്ല മാറ്റമുണ്ടാക്കാൻ ഏറെ സഹായിക്കാവുന്ന ഒരു ചെറുഗ്രന്ഥമാണ്, പ്രിയപ്പെട്ട ബ്രദർ ബിജു കുര്യാക്കോസ്, വേലുകിഴക്കേതിൽ രചിച്ച മലങ്കര വിശുദ്ധകുർബ്ബാന ഒരു ലഘുപഠനം. ഭക്തിയോടും, ശ്രദ്ധയോടും, ആഗ്രഹത്തോടും ആനന്ദത്തോടും കൂടെ വിശുദ്ധ കുർബ്ബാനയർപ്പിക്കുവാൻ ഈ ഗ്രന്ഥം വിശ്വാസികളെ സഹായിക്കും എന്നത് എനിക്കുറപ്പുണ്ട് മലങ്കര കത്തോലിക്കാ

www.malankaralibrary.com

സഭയ്ക്ക് വിശ്വാസവർഷത്തിൽ ലഭിച്ച വലിയ മുതൽകൂട്ടാണ് ഈ പുസ്തകം.

വിശുദ്ധ കുർബ്ബാനയുടെ ഓരോ ഭാഗങ്ങളും, പ്രാർത്ഥനകളും വളരെ വ്യക്തമായും, കൃത്യമായും അർത്ഥപൂർണമായും അദ്ദേഹം വിശദീകരിച്ചിട്ടുണ്ട്. പരിശുദ്ധാത്മാവിന്റെ ഒരു ശക്തമായ അഭിഷേകം ഈ പുസ്തകം വായിക്കുമ്പോൾ നമുക്ക് അനുഭവിക്കാൻ സാധിക്കും. ഉപവാസത്തിലും, പ്രാർത്ഥനയിലും, ധ്യാനത്തിലും അദ്ദേഹം എഴുതിയതാണ് ഈ പുസ്തകം എന്ന് എനിക്ക് ഉറപ്പാണ്.

വിശുദ്ധ കുർബ്ബാന കേന്ദ്രീക്രതമായ ജീവിതത്തിൽ പുതിയ ഉണർവ്വും, ഉൻമേഷവും, ആനന്ദവും പരിശുദ്ധാത്മ അഭിഷേകവും ഈ ഗ്രന്ഥം വായിക്കുന്നതിലൂടെ അനേകർക്ക് ലഭിക്കട്ടെ എന്നും, ഓരോ മലങ്കര കത്തോലിക്കാ കുടുംബങ്ങളിലും ഈ ഗ്രന്ഥം എത്തിചേരട്ടെ എന്നും പ്രാർത്ഥനാപൂർവ്വം ആശംസിക്കുന്നു.

**ഫാ.ഏബ്രഹാം കൊച്ചുപറമ്പിൽ**

**ഫോൺ : 9446708469**

തൂവാനീസാ ധ്യാനകേന്ദ്രം

കോതനല്ലൂർ, കോട്ടയം

സെപ്റ്റംബർ 8, 2013

(പരി.ദൈവമാതാവിന്റെ ജനന തിരുനാൾ)

www.malankaralibrary.com

## എന്തുകൊണ്ട് വിശുദ്ധ കുർബാന ?

**Fr.Daniel Poovannathil**

മനുഷ്യന് ദൈവത്തിനർപ്പിക്കാൻ കഴിയുന്ന ഏറ്റവും വലിയ ആരാധനയാണ് വിശുദ്ധ കുർബാന. ദൈവവും, മനുഷ്യനുമായ യേശുക്രിസ്തു കാൽവരിയിലെ കുരിശിൽ തന്റെ ശരീരം പിതാവായ ദൈവത്തിന് സമർപ്പിച്ച് അവിടുത്തെ ആരാധിച്ചു - മഹത്വപ്പെടുത്തി. ഈ അത്യുന്നത ആത്മയാഗമെന്ന ആരാധനയുടെ ഇന്നും തുടരുന്ന കൂദാശാപരമായ പുനരാവിഷ്കാരമാണ് വി.കുർബാന. മനുഷ്യൻ നടത്തുന്ന ഏത് പ്രാർത്ഥനയും, ആരാധനയും വിശുദ്ധ കുർബാനയെന്ന അത്യുന്നത ആരാധനയ്ക്ക് താഴെ മാത്രമേ നിൽക്കുകയുള്ളൂ.

ശരിയായ ദൈവാരാധനയാണ് മനുഷ്യന്റെയും ഭൂമിയുടെയും സകല പ്രശ്നങ്ങൾക്കും പരിഹാരം. പുറപ്പാട് 23:25,26 "നിങ്ങളുടെ ദൈവമായ കർത്താവിനെ നിങ്ങൾ ആരാധിക്കണം. അപ്പോൾ ഞാൻ നിങ്ങളുടെ ഭക്ഷ്യവും പാനീയവും ആശീർവദിക്കും. നിങ്ങളുടെ ഇടയിൽ നിന്ന് രോഗം നിർമ്മാർജ്ജനം ചെയ്യും. ഗർഭച്ഛിദ്രമോ വന്ധ്യതയോ നാട്ടിൽ ഉണ്ടാകുകയില്ല. നിനക്ക് ഞാൻ ദീർഘായുസ് നൽകും". ദാരിദ്ര്യം,രോഗം,വന്ധ്യത,ഗർഭച്ഛിദ്രം,അകാലമരണം ഇവയുടെയെല്ലാം പ്രതിവിധി ദൈവാരാധനയാണെന്നാണ് ഇവിടെ തിരുവചനം പഠിപ്പിക്കുന്നത്. അങ്ങിനെയെങ്കിൽ ശരിയായി അർപ്പിക്കപ്പെടുന്ന, പങ്കുകൊള്ളപ്പെടുന്ന വി.കുർബാനകളാണ് മനുഷ്യന്റെയും ഈ ഭൂമിയുടെ തന്നെയും നിലനിൽപ്പിന്റെയും അതിജീവനത്തിന്റെയും ആധാരം.

അതിനുമപ്പുറം, വി.കുർബാന മനുഷ്യനെ നിത്യതയുടെ തീരങ്ങളിൽ, അവസാനിക്കാത്ത നിത്യജീവനിൽ-ദൈവത്തെ മുഖാമുഖം കണ്ട് ആരാധിക്കുന്ന സ്വർഗ്ഗീയ അനുഭവത്തിലേക്ക് നയിക്കുന്നു. യോഹ 6:54 " എന്റെ ശരീരം ഭക്ഷിക്കുകയും എന്റെ

www.malankaralibrary.com

രക്തം പാനംചെയ്യുകയും ചെയ്യുന്നവന് നിത്യജീവനുണ്ട്. അവസാന ദിവസം ഞാനവനെ ഉയിർപ്പിക്കും". അതേ, നിത്യജീവനിലേക്കുള്ള സ്വർഗ്ഗരാജ്യത്തിന്റെ താക്കോലാണ് വി.കുർബാന!

**യേശുക്രിസ്തു എനിക്ക് നൽകുന്ന ഏറ്റവും വലിയ/ അമൂല്യമായ സമ്മാനമാണ് വി.കുർബാന. എന്തുകൊണ്ട് ?**

ഒരു സമ്മാനത്തിന്റെ വില നിശ്ചയിക്കപ്പെടുന്നത് അത് നൽകുന്നതാരാണെന്നതും, സമ്മാനം നൽകാനായി ദാതാവ് എത്രമാത്രം അദ്ധ്വാനിച്ചു, വേദനിച്ചു, എത്രത്യാഗം ചെയ്തു എന്നതുമാണ്.

അങ്ങനെയാണെങ്കിൽ വി.കുർബാനയെന്ന സമ്മാനം സ്വർഗം നൽകിയ, യേശുവിലൂടെ മനുഷ്യനു ലഭിച്ച, ഏറ്റം വലിയ സമ്മാനമാണ്. കാരണം തന്റെ, ശരീര രക്തങ്ങൾ നമുക്കായി നൽകാൻ ക്രിസ്തു വേദനിച്ചിടത്തോളം മറ്റെന്തിനുവേണ്ടി അവൻ വേദന സഹിച്ചിട്ടുണ്ട്? 33 വർഷത്തെ തന്റെ ജീവിതവൃക്ഷത്തിന്റെ ആകെത്തുക-"എന്റെ ആത്മാവ് മരണത്തോളം ദുഃഖിതമായിരിക്കുന്നു" എന്ന വിലാപം, ഗെദ്സമെനി, ഗോഗുൽത്താ, ചാട്ടവാറടികൾ, തുപ്പൽ, മുൾക്കിരീടം, നഗ്നത, കുരിശിലെ മുറിവുകൾ.... ആ പട്ടിക നീളുന്നു. ഈശോ വി.കുർബാനയാവാൻ നമുക്ക് ചിന്തിക്കാനാവുന്നതിലധികം സഹിച്ചിട്ടുണ്ട്. അതുകൊണ്ട് ആ സമ്മാനമാണ് ക്രിസ്തു എനിക്ക് നൽകുന്ന ഏറ്റവും വലിയ സമ്മാനം.

ക്രിസ്തു നൽകുന്ന മറ്റേത് അനുഗ്രഹത്തെക്കാളും മികച്ചതാണ് വി.കുർബാന. രോഗശാന്തി, മനസമാധാനം, ജോലി, വിവാഹം, മക്കൾ, വീട്, സമ്പത്ത്... ഇങ്ങനെ ഏതനുഗ്രഹങ്ങൾ എണ്ണിയെടുത്താലും, അവയോരോന്നും ഈ ഭൂമിയുടെ അതിർത്തികൾക്കുള്ളിൽ ഒതുങ്ങുന്നു. മരണാനന്തരം അവയ്ക്ക് നിലനിൽപ്പില്ല. എന്നാൽ വി.കുർബാന, നിത്യജീവൻ നൽകുന്ന/ ഉറപ്പേകുന്ന അപ്പമാണ്. (യോഹന്നാൻ 6)

www.malankaralibrary.com

**ക്രിസ്തു നൽകുന്ന ഏറ്റവും നല്ല സമ്മാനം നിഷേധിക്കുന്നവർക്ക്, മറ്റെന്തെങ്കിലും അവനിൽ നിന്ന് പ്രതീക്ഷിക്കാൻ അർഹതയുണ്ടോ?**

തനിക്ക് നൽകാൻ കഴിയുന്നതിൻ ഏറ്റം ശ്രേഷ്ഠമായത് ക്രിസ്തു നൽകുമ്പോൾ, വേണ്ട എന്ന് പറയുകയും, മറുവശത്ത് മറ്റു പലതും തരണമെന്ന് ആവശ്യപ്പെടുകയും ചെയ്യുമ്പോൾ ദാതാവ് അത് നൽകണമെന്ന് യാതൊരു നിർബന്ധവുമില്ല യഥാർഥത്തിൽ വി.കുർബാനയെ ഒഴിവാക്കികൊണ്ട്, ഏത് അനുഗ്രഹത്തിനായി പ്രാർത്ഥിക്കുമ്പോഴും അത് ലഭിക്കുമെന്ന് പ്രതീക്ഷിക്കാൻ എനിക്കർഹതയില്ല തന്നെ.

വിശുദ്ധ പാദ്രേപിയോ പറഞ്ഞിരിക്കുന്നു. "സൂര്യനില്ലെങ്കിലും ഈ ഭൂമി നിലനിന്നേക്കും, പക്ഷേ വി.കുർബാന ഇല്ലാതായാൽ ഈ ഭൂമി നശിക്കും". കാൽവരിയിൽ അർപ്പിക്കപ്പെട്ട യാഗം ഇന്നും തുടരുന്നത് കൊണ്ട്, ആ ബലിയുടെ യോഗ്യതയാൽ അധർമ്മം പെരുകുമ്പോഴും ഈ ഭൂമി ഒരു മഹാപ്രളയത്താൽ നശിപ്പിക്കപ്പെടാതെ നിലനിൽക്കുന്നു. നോഹയുടെ കാലത്തെ മഴവില്ലുപോലെ കാൽവരിയിലെ കുരിശും, ഭൂമിയുടെ നാനാഭാഗങ്ങളിലെ ബലിപീഠങ്ങളും ദൈവത്തിന് മനുഷ്യനോടുള്ള സ്നേഹത്തിന്റെയും, ദൈവീക സംരക്ഷണത്തിന്റെയും ശാശ്വത സ്മാരകങ്ങളായി നിലനിൽക്കുന്നു.

വി.അമ്മത്രേസ്യാ ഈശോയോട് ഒരിക്കൽ ചോദിച്ചു. "ഈശോയേ, ഞാനെങ്ങനെയാണ് നിന്നെ സ്നേഹിക്കേണ്ടത ?" ഈശോ പറഞ്ഞു. "Go and attend a Mass" പോയി ഒരു വി.കുർബാനയിൽ സംബന്ധിക്കു. ദൈവത്തെ സ്നേഹിക്കാൻ നിങ്ങൾ ആഗ്രഹിക്കുന്നുവോ ? വരിക, ഒരു ബലിപീഠം നിങ്ങളെ കാത്തിരിക്കുന്നു.

**ഫാ.ഡാനിയേൽ പൂവണ്ണത്തിൽ**

www.malankaralibrary.com

# അവതാരിക



"കർത്താവിന്റെ ആലയത്തിലേക്ക് നമുക്ക് പോകാമെന്ന് അവൻ പറഞ്ഞപ്പോൾ ഞാൻ സന്തോഷിച്ചു" (സങ്കീ.122:1)

ദൈവദാസനായ മാർ ഈവാനിയോസ് മെത്രാപ്പോലീത്താ പെരുന്നാൾ ദിവസങ്ങളിൽ ആഘോഷമായ കുർബ്ബാന അർപ്പിക്കുവാൻ-സ്ഥാനവസ്ത്രങ്ങൾ അണിഞ്ഞ്-വൈദികരുടെയും മൈനർ സെമിനാരി വിദ്യാർത്ഥികളുടെയും-അരമന വാസികളുടെയും അകമ്പടിയോടുകൂടി സെമ്നാരി ചാപ്പലിലേക്കു എഴുന്നെള്ളുമ്പോൾ ആഘോഷ യാത്രയുടെ ആരംഭത്തിൽ ഉച്ചെയ്സ്ഥരം പ്രഖ്യാപിക്കുന്ന തിരുവചനമാണ് മേൽ ഉദ്ധരിച്ചിരിക്കുന്നത്. ആഗോളകത്തോലിക്കാ തിരുസഭ -ഇരുപത്തിമൂന്ന് വ്യത്യസ്ഥ ആരാധന രീതികളാൽ സമ്പുഷ്ടമാക്കപ്പെടുന്ന കൂട്ടായ്മയാണ്. ഭാരതത്തിൽ, കേരളത്തിൽ മൂന്നുറീത്തുകൾ-ലത്തീൻ, മലബാർ-മലങ്കര എന്നിങ്ങനെ 3 ആരാധനരീതികൾ നിലവിലുണ്ട്. ഈ ആരാധനരീതികളിൽ ഏറ്റവും വൈശിഷ്ടമാർന്ന ആരാധനക്രമം മലങ്കര കത്തോലിക്കാ സഭയുടെ ആരാധനയാണെന്നുള്ളത് എല്ലാവരും അംഗീകരിക്കുന്ന യാഥാർത്ഥ്യമാണ്. എന്നാൽ അതിന്റെ മാഹാത്മ്യം, ശ്രേഷ്ഠത, ഇന്ന് സഭാ മക്കൾക്ക് അജ്ഞാതമാണെന്നുള്ളതും ഒരു വസ്തുതയാണ്.

പരിശുദ്ധ പിതാവ് ബെനഡിക്റ്റ് പതിനാറാമൻ മാർപാപ്പ 2012 ഒക്ടോബർ മുതൽ 2013 നവംബർ അവസാനം വരെയുള്ള ഒരുവർഷക്കാലം വിശ്വാസവർഷമായി പ്രഖ്യാപിച്ചുകൊണ്ട് സഭാതനയർ വിശ്വാസത്തിൽ ആഴപ്പെട്ട ക്രൈസ്തവ ജീവിതത്തിന്റെ ഉടമകളായി ജീവിക്കുന്ന ക്രിസ്തുവിന്റെ

www.malankaralibrary.com

സാക്ഷികളായി ലോകത്തിന്റെ പ്രകാശമായി, ലോകത്തിന്റെ ഉപ്പായി, മലമേൽ പണിയപ്പെട്ട ഗോപുരങ്ങളായി, കത്തിജ്വലിക്കുന്ന ദീപങ്ങളായി രൂപാന്തരപ്പെടണമെന്ന് ആഗ്രഹിച്ചു. " വിശ്വാസം പ്രചരിപ്പിക്കുക വിശ്വാസം പ്രസരിപ്പിക്കുക" എന്ന് തിരുവെഴുത്തുകളിലൂടെയും ചാക്രീകലേഖനങ്ങളിലൂടെയും ആഹ്വാനം ചെയ്തു. വിശ്വാസം പ്രസരിപ്പിക്കണമെങ്കിൽ വിശ്വാസം സ്വന്തമാക്കണം. ഇല്ലാത്തത് കൊടുക്കുവാൻ പറ്റുകയില്ല. ഇന്ന് സഭയ്ക്ക് ആവശ്യമായിട്ടുള്ളത് ദൈവാനുഭവവും പ്രാർത്ഥനാനുഭവമുള്ള വിശുദ്ധരെയാണ്.

ഇരുളിനെ പഴിച്ചിട്ടു കാര്യമില്ല. ഈ കൂരിരുട്ടിൽ ഒരുമിന്നാമിനുങ്ങാകാൻ സാധിക്കുമോ? ഇതാണ് നമ്മുടെ മുമ്പിലുള്ള വെല്ലുവിളി. ക്രൈസ്തവ വിശ്വാസത്തിന്റെ കേന്ദ്രബിന്ദു വിശുദ്ധകുർബ്ബാനയാണല്ലോ.? വിശുദ്ധകുർബ്ബാനാർപ്പണം ഏറ്റവും ശ്രേഷ്ഠമായ ശുശ്രൂഷയാണ്. ഇത്രമഹത്തായ ശുശ്രൂഷയിൽ അനുദിനം പങ്കുചേരുന്ന വ്യക്തികളിൽ രൂപാന്തരീകരണം ഉണ്ടാകണം.

പുണ്യ പിതാവായ മാർ ഈവാനിയോസ് തിരുമേനി അവിടുത്തെ വാത്സല്യമക്കളോടു പറഞ്ഞിരുന്നത് ദൈവസേവനമല്ല.ദൈവസമ്പാദനമായിരിക്കണം നമ്മുടെ ജീവിതലക്ഷ്യം എന്നാണ്. പരിശുദ്ധ ബലിയർപ്പണത്തിൽ ദൈവസമ്പാദനം സാദ്ധ്യമാകണമെങ്കിൽ അതിൽ സജീവമായ പങ്കാളിത്തം ഉണ്ടായേ മതിയാവൂ. ഈ പങ്കാളിത്തത്തിന് നമ്മെ ഓരോരുത്തരെയും ഏറെ സഹായിക്കുന്ന ഒരുചെറിയ ഗ്രന്ഥമാണ്, "മലങ്കര വി,കുർബ്ബാന ഒരു ലഘുപഠനം" എന്നപുസ്തകം. ഈ പുസ്തകം തയ്യാറാക്കിയ പ്രിയപ്പെട്ട ബിജുകുര്യാക്കോസ് വേലികിഴക്കേതിൽ, ദൈവശാസ്ത്രജ്ഞനോ, ഭാഷപണ്ഡിതനോ ആകണമെന്നില്ല.ദൈവാത്മാവിനാൽ പ്രേരിതനായി, പ്രാർത്ഥനയിലും, പഠനത്തിലും മുഴുകി മലങ്കര മക്കൾക്ക് ഉത്തേജനം നൽകുവാൻ വി.കുർബ്ബാനയിൽ

www.malankaralibrary.com

അർത്ഥവത്തായി പങ്കുചേരുവാൻ, ഈ ചെറുഗ്രന്ഥം സഹായിക്കുമെന്നുള്ളതിൽ സംശയം വേണ്ടാ. ഇതിന്റെ ഭാഷ സുന്ദരമാണ്, മനോഹരമാണ്, ലളിതമാണ്. പണ്ഡിതനും പാമരനും, അദ്ധ്യാപകരും വിദ്യാർത്ഥിക്കും, ഒരുപോലെ ഉപകാരപ്രദമായ ഈ ഗ്രന്ഥരചനയ്ക്ക് അടിസ്ഥാനമായി അദ്ദേഹം സ്വീകരിച്ചിരിക്കുന്ന സ്രോതസ്സുകൾ യാക്കോബിന്റെ അന്നാഫുറ (ഡോ.ലൂയീസ് മൂലവീട്ടിൽ) വിശ്വാസ പരിശീലനപാഠാവലി, വി.കുർബ്ബാനയെക്കുറിച്ചുള്ള ഇതര പ്രതിപാദനങ്ങൾ എന്നിവയാണെന്ന് ഈ ഗ്രന്ഥത്തിലെ വരികളിൽകൂടെ കടന്നുപോകുന്ന ഓരോ വ്യക്തിക്കും മനസ്സിലാകും. വിശ്വാസവർഷത്തിൽ അനുഭവജ്ഞാനത്തിലൂടെ സാധ്യമായ വിധത്തിൽ, ദൈവജനത്തിന് ഏറ്റം ഉപകാര പ്രദമായ ഒരുവലിയ നിക്ഷേപം ക്രോഡീകരിച്ച ഗ്രന്ഥകർത്താവിനെ ബിജുകുര്യാക്കോസിനെ - ദിവ്യകാരുണ്യ നാഥൻ സമൃദ്ധമായി അനുഗ്രഹിച്ച് ആശിർവദിക്കട്ടെയെന്നുള്ള ആശംസയോടൊപ്പം, ഈ ചെറുഗ്രന്ഥം എല്ലാ ഭവനങ്ങളിലും എത്തിചേരുമെന്നുള്ള ശുഭപ്രതീക്ഷയോടെയും സത്യവിശ്വാസികൾ മുമ്പിൽ ഈ ചെറുഗ്രന്ഥം പ്രാർത്ഥനാപൂർവ്വം അവതരിപ്പിക്കട്ടെ.

**റൈറ്റ്.റവ.മാത്യു പൊൻമേലിൽ**
**കോർ എപ്പിസ്ക്കോപ്പാ**
**പത്തനംതിട്ട രൂപത**
**ഫോൺ : 9495661112**

സെന്റ് ജൂഡ് ധ്യാനമന്ദിരം
അന്ത്യായളൻകാവ്
ആഗസ്റ്റ് 6 രൂപാന്തരീകരണപ്പെരുന്നാൾ

www.malankaralibrary.com

# ആമുഖം

അവിടുന്ന് അവനെ മരുഭൂമിയിൽ ശൂന്യത ഓരിയിടുന്ന മണലാരണ്യത്തിൽ കണ്ടെത്തി. അവനെ വാരി പുണർന്നു, താൽപര്യപൂർവ്വം പരിചരിച്ച് തന്റെ കണ്ണിലുണ്ണിയായി സൂക്ഷിച്ചു.

(നിയമാവർത്തനം 32 :10)

ചെറുപ്പം മുതൽ തന്നെ ഉത്തമ കത്തോലിക്കാ മാതാ പിതാക്കളുടെ ശിക്ഷണത്തിൽ വളരുക, എല്ലാ ഞായറാഴ്ചകളിലും വി. ബലിയിൽ ആദ്യാവസാനം സജീവമായി പങ്കെടുക്കുക. സൺഡേ സ്കൂൾ ക്ലാസ്സുകൾ മുടക്കാതിരിക്കുക, സഭയോട് ചേർന്ന് ജീവിക്കുക, ഇതായിരുന്നു 35 വയസ്സു വരെയുള്ള എന്റെ ജീവിതം. അവിടെ നിന്നങ്ങോട്ട് അപഭ്രംശത്തിന്റെ, വറുതിയുടെ ചില നാളുകൾ, കൂദാശകളെയും, സഭയെയും, പൗരോഹിത്യത്തെയും വിട്ടൊഴിഞ്ഞ, സംശയിച്ച, തൊറ്റിപ്പോയ ബോധ്യങ്ങളുടെ ചില ദിനങ്ങൾ.

അനുഗ്രഹീതനായ ഒരു പുരോഹിതന്റെയും, നിത്യ പുരോഹിതനായ എന്റെ തമ്പുരാന്റെയും സ്നേഹമസൃണമായ ഇടപെടൽ, മരുഭൂമിയിൽ, യാക്കോബിനെ കണ്ടെത്തി, വാരിപുണർന്ന്, താൽപര്യപൂർവ്വം പരിചരിച്ച്, തന്റെ കണ്ണുലുണ്ണിയായി സൂക്ഷിച്ചവൻ ശൂന്യത ഓരിയിടുന്ന മണലാരണ്യത്തിൽ എന്നെയും കണ്ടെത്തി. സഭയുടെ സ്നേഹത്തിലേക്കും, കൂട്ടായ്മയിലേക്കും, കൂദാശകളുടെ സ്നേഹത്തിലേക്കും ഒരു മടക്കയാത്ര.

www.malankaralibrary.com

മടങ്ങിയെത്തിയവന് കരുതിവെച്ചു, അവൻ ഏറെ അനുഗ്രഹീതനായ ഒരു വൈദികനെ ഇന്നയോളമുള്ള ജീവിതത്തിൽ വഴികാട്ടിയായി, വിശുദ്ധ കുർബ്ബാനയുടെ സ്നേഹത്തിലേക്ക് നയിച്ച്, ഞാനും വിലപ്പെട്ടവനാണെന്ന തിരിച്ചറിവു നൽകിയ, പ്രിയ ബഹുമാനപ്പെട്ട ഏബ്രഹാം കൊച്ചുപറമ്പിലച്ചൻ.

വിശുദ്ധ കുർബ്ബാനയെ സ്നേഹിക്കാൻ തുടങ്ങിയപ്പോൾ ദൈവം നൽകിയ നിയോഗമായിരുന്നു 10-ാം ക്ലാസ്സിൽ വേദപാഠം പഠിപ്പിക്കുക. നാല് പാഠങ്ങളിലായി മലങ്കര ആരാധന ക്രമം കുട്ടികളെ പഠിപ്പിക്കാനായി സ്വയം മനസ്സിലാക്കാൻ ശ്രമിച്ചപ്പോൾ, വി.കുർബ്ബാനയിലെ തമ്പുരാന്റെ സ്നേഹം എന്നെ വല്ലാതെ സ്പർശിക്കാൻ തുടങ്ങി. നാളതുവരെ പങ്കെടുത്തിരുന്ന വി.കുർബ്ബാനകളായിരുന്നില്ല പിന്നീടങ്ങോട്ട്.

ഒരോ വി. കുർബ്ബാനയിലും ദൈവസ്നേഹവും, നിസീമമായ ആനന്ദവും അനുഭവിക്കാൻ തുടങ്ങിയപ്പോൾ കൊഴിഞ്ഞുപോയ സംവത്സരങ്ങൾ മനസ്സിൽ വേദനയായി ഏറെ വൈകിപ്പോയല്ലോ നിന്റെ സ്നേഹം അറിയാനെന്ന ചിന്ത അലട്ടാൻ തുടങ്ങി. കഥയറിയാതെ ആട്ടം കാണുന്നവനെപ്പോലെയോ, പലപ്പോഴും ആട്ടം പോലും കാണാതെ ആൾകൂട്ടത്തിൽ കേവല കാഴ്ചക്കാരനായി നിൽക്കുന്നവനോ ആയിരുന്നല്ലോ ഞാൻ. ഇന്നും എന്റെ അനേക സഹോദരങ്ങൾ, നിർവികാരരായി വി.കുർബ്ബാനയിൽ യാതൊരു അനുഭവവും ഇല്ലാതെ, ദേവാലയം വിട്ട് മടങ്ങിപോകുമ്പോൾ മനസ്സ് വല്ലാത്ത ഭാരപ്പെടുന്നു.

www.malankaralibrary.com

എന്റെ വിശ്വാസ ജീവിതത്തെ രണ്ടായിതിരിക്കുന്ന (എന്റെ A.D യും B.C യും) ഒന്നായിരുന്നു. വി. കുർബ്ബാനയെ അൽപമെങ്കിലും മനസ്സിലാക്കി, സ്നേഹത്തോടെ വി. കുർബ്ബാന യിൽ പങ്കെടുക്കാൻ തുടങ്ങിയ ആ കാലം. ഈ രണ്ട് കാലഘട്ട ങ്ങൾക്ക് തമ്മിൽ ആഴമേറിയ അന്തരം ഞാൻ കാണുന്നു.

അങ്ങനെ ഒരു ദിവസം പതിവുള്ള ബുധനാഴ്ച പ്രാർത്ഥന കൂട്ടായ്മയിൽ പ്രസംഗിക്കാനെത്താമെന്നേറ്റ വചന ശുശ്രൂഷകൻ വരാതിരുന്നപ്പോൾ അപ്രതീക്ഷിത മായ ഒരു നിയോഗമായി ആ ചെറിയ കൂട്ടായ്മയിൽ സംസാരിക്കേണ്ടി വന്നു. പങ്കുവെയ്ക്കാൻ ഹൃദയം തൊട്ടനുഭവിച്ചിരുന്ന ക്രിസ്തുവിന്റെ ബലിപീഠത്തിലെ സ്നേഹവും, അതിന് പിൻബലമായത് 10-ാം ക്ലാസ്സിലെ മത ബോധനം പഠിപ്പിക്കലും.

അന്ന് അത് കേട്ട, എന്നും പ്രോത്സാഹിപ്പിച്ചിരുന്ന സഹോദരങ്ങൾ നൽകിയ ആത്മവിശ്വാസം ദൈവകൃപ യോട് ചേർന്ന് നയിച്ചത് രണ്ടു മണിക്കൂർ നീളുന്ന മലങ്കര വി. കുർബ്ബാനയുടെ ഒരു പഠനം തയ്യാറാക്കുന്നതിലേക്കാ യിരുന്നു. ദൈവാനുഗ്രഹത്താൽ അനേകം ദേവാലയങ്ങ ളിൽ ഇതിനോടകം വി.കുർബ്ബാനയെപ്പറ്റി ക്ലാസ്സുകൾ നടത്താനായി. ഇന്നും തുടരുന്നു ഈ എളിയ ശുശ്രൂഷ അപ്പോഴാണ് കേൾക്കുന്ന കാര്യങ്ങൾ ഭാവിയിലും ഒന്നോർമിക്കാനായി, ഇത് ലിഖിത രൂപത്തിൽ ലഭിക്കാ നുള്ള ആഗ്രഹം പലരും പറഞ്ഞത്. അങ്ങനെ ഒരു ചിന്ത യുടെ പരിണിത ഫലമാണ് ഈ ചെറുപുസ്തകം. ദൈവ ശാസ്ത്രപരമായോ താത്വീകമായോ ഏതൊരു

www.malankaralibrary.com

പൂർണ്ണതയും ഈ ചിന്തകൾക്ക് അവകാശപ്പെടാനാകില്ല. വി.കുർബ്ബാന എങ്ങനെ എനിക്കാനന്ദാനുഭവം ആകുന്നു, എന്നും അതിനെന്നെ സഹായിച്ച ചെറു ചിന്തകളും വായനക്കാരുമായി പങ്കു വെയ്ക്കുന്നു അത്രമാത്രം.

പുസ്തക രചനയിൽ യാതൊരു മുൻപരിചയവും ഇല്ല. (ഗ്രന്ഥകാരന്റെ മറ്റ് കൃതികൾ എന്നൊക്കെ കാണാറില്ലേ?) ഇതും ഞാനെഴുതിയത് എന്ന് അവകാശപ്പെടുന്നുമില്ല. കാരണം, വേദപാഠപുസ്തകത്തിലും, ഡോ: ലൂയിസ് മൂല വീട്ടിൽലച്ചന്റെ 'യാക്കോബിന്റെ അന്നാഫൂറ ഒരു പഠനം' എന്ന ശ്രേഷ്ഠ ഗ്രന്ഥത്തിലും, മറ്റുപല പുസ്തകങ്ങളിലും, വായിച്ചറിഞ്ഞ കാര്യങ്ങളും, വന്ദ്യരായ പുരോഹിതശ്രേഷ്ഠർ നൽകിയ മാർഗ്ഗ നിർദേശങ്ങളും, ആശയങ്ങളുമാണ് ഈ പുസ്തകം. അതുകൊണ്ട് തന്നെ സ്വന്തമെന്നവകാശപ്പെടാൻ യാതൊന്നുമില്ല. വിശുദ്ധ കുർബ്ബാനയിൽ ഞാനനുഭവിക്കുന്ന സ്നേഹം ഇങ്ങനെയൊരു സാഹസം നടത്താൻ എന്നെ നിർബന്ധിതനാക്കുന്നു.

വിശുദ്ധ കുർബ്ബാനയിലൂടെ എന്നെ സ്നേഹിക്കുന്ന, വിലമതിക്കുന്ന, സമാധാനിപ്പിക്കുന്ന, സുഖപ്പെടുത്തുന്ന, തമ്പുരാന് നന്ദി. ഒപ്പം ഒരുപിടി സുമനസ്സുകൾ, അനുഗ്രഹീതരായ വൈദികർ – കൂട്ടം തെറ്റിപ്പോയവനെ സഭയുടെ സ്നേഹത്തിലേക്കും പിതൃഭവനത്തിലേക്കും മടക്കി കൊണ്ടുവന്ന പേരറിയാത്ത വൈദികൻ; പാതയിൽ വിളക്കാണ് ദൈവ വചനമെന്നും, തീർത്ഥാടകന്റെ വഴിയാഹാരവും, ശക്തിയുമാണ് വി.കുർബ്ബാനയെന്നും ബോധ്യങ്ങൾ തന്നെ എന്റെ ആത്മീയ പിതാവായ ബഹുമാനപ്പെട്ട

www.malankaralibrary.com

ഏബ്രഹാം കൊച്ചുപറമ്പിലച്ചൻ, മലങ്കര ആരാധനാക്രമത്തിന്റെ ആഴമേറിയ ദൈവശാസ്ത്ര സത്യങ്ങൾ ലളിതമായും ക്ഷമയോടെയും പഠിപ്പിച്ച, ഇന്നും സംശയങ്ങൾക്ക് കൃത്യമായ ഉത്തരം നൽകി സഹായിക്കുന്ന ബഹുമാനപ്പെട്ട മാത്യു പൊൻമേലിൽ കോറെപ്പിസ്കോപ്പ, പുസ്തകം വായിക്കുകയും വേണ്ട തിരുത്തലുകളും പ്രോത്സാഹനവും നൽകുകയും ചെയ്ത ബഹുമാനപ്പെട്ട തോമസ് കുരിശുംമൂട്ടിൽ അച്ചൻ, പ്രോത്സാഹനത്തിന്റെ വാക്കുകളാൽ ശക്തിപ്പെടുത്തിയ അലക്സാണ്ടർ പറാനിക്കലച്ചൻ, എബി അലക്സ് വടക്കേകര അച്ചൻ, ജയിംസ് പട്ടത്തേട്ട് അച്ചൻ-കൃതജ്ഞതയോടെ ഓരോരുത്തരേയും ഓർക്കുന്നു.

തന്റെ ഭാരിച്ച ഉത്തരവാദിത്തങ്ങൾക്കും തിരക്കുകൾക്കുമിടയിലും, ഈ ചെറുഗ്രന്ഥം വായിക്കുകയും, പ്രോൽസാഹന സംന്ദേശം നൽകി ആശീർവദിക്കുകയും ചെയ്ത തിരുവല്ലാ അതിരൂപതാ ആർച്ച് ബിഷപ്പ് അഭിവന്ദ്യ ഡോ.തോമസ്സ് മാർ കൂറിലോസ് പിതാവിനും, പ്രൗഢമായ അവതാരിക എഴുതിതന്ന ബഹുമാനപ്പെട്ട മാത്യു പൊൻമേലിൽ കോറെപ്പിസ്കോപ്പക്കും, അനുഗ്രഹീതമായ ഒരു സന്ദേശം നൽകിയ ബഹുമാനപ്പെട്ട ഡാനിയേൽ പൂവണ്ണത്തിൽ അച്ചനും, ആശംസകൾ നൽകിയ ബഹുമാനപ്പെട്ട എബ്രഹാം കൊച്ചുപറമ്പിൽ അച്ചനും സ്നേഹാദരങ്ങളോടെ നന്ദി പറയുന്നു.

www.malankaralibrary.com

മനോഹരമായ കവർ ഡിസൈൻ ചെയ്ത് പ്രിന്റിംഗ് ജോലികൾ ഭംഗിയായി നിർവഹിച്ച അറയ്ക്കമെണ്ണിൽ പ്രിന്റേഴ്സ്, റാന്നിയിലെ എല്ലാവരെയും നന്ദിയോടെ ഓർക്കുന്നു.

എല്ലാത്തിനും ഒപ്പമുണ്ടായിരിക്കുകയും, പ്രാർത്ഥനകളാൽ ശക്തിപ്പെടുത്തുകയും, എല്ലാ നല്ല സാഹചര്യങ്ങളും ഒരുക്കി തരികയും ചെയ്യുന്ന പ്രിയപ്പെട്ട ജീവിത പങ്കാളി ജിനി, മാതാപിതാക്കൾ, സഹോദരങ്ങൾ, പ്രാർത്ഥനയിൽ നിന്നും ഉരുത്തിരിയുന്ന ഉപദേശങ്ങളാലും, മാർഗദർശനങ്ങളാലും, എന്നും കൂടെ നിൽക്കുന്ന പ്രിയ സഹോദരൻ ജയ്മോൻ, അങ്ങനെ എത്രയോപേർ. ഒരു നല്ല മുന്തിരിതോട്ടത്തിനു നടുവിൽ നടപ്പെട്ട കാട്ടത്തിവൃക്ഷം പോലെയാണല്ലോ ഞാൻ! ഇവരിൽ നിന്നെല്ലാം സുകൃതങ്ങൾ സ്വീകരിച്ച് ജീവിക്കുന്നവൻ, ഒരുപാട് നന്മകളുള്ള ഒരുപിടി മനുഷ്യർക്ക് നടുവിൽ ജീവിക്കാൻ ഭാഗ്യം ലഭിച്ചവൻ, കൃതജ്ഞതാ ഭാരത്തോടെ ഓർക്കുന്നു നിങ്ങളെ ഒരോത്തരെയും

എല്ലാത്തിനും ദൈവമേ അങ്ങേക്ക് നന്ദി!

ബിജു കുര്യാക്കോസ്

വേലുകിഴക്കേതിൽ

മന്ദിരം പി.ഒ., റാന്നി

ഫോൺ : 9446960966

www.malankaralibrary.com

"ദൈവം സർവ്വശക്തനാണെങ്കിലും വിശുദ്ധ കുർബ്ബാനയെക്കാൾ ശ്രേഷ്ഠമായ എന്തെങ്കിലും നൽകാൻ അവിടുത്തേക്ക് സാധ്യമല്ല. ദൈവം സർവ്വ സമ്പന്നനാണെങ്കിലും വിശുദ്ധ കുർബ്ബാനയെക്കാൾ മൂല്യമുള്ള മറ്റൊരു നിധി അവിടുത്തേക്ക് നമുക്കായി നൽകാനില്ല"

വി.ആഗസ്തിനോസ്

"ക്രിസ്തു ഈ ലോകത്തിൽ നിന്ന് തന്റെ പിതാവിന്റെ പക്കലേക്ക് പോയിക്കഴിഞ്ഞ്, തന്നോടൊപ്പമുള്ള മഹത്വത്തിന്റെ അച്ചാരം വിശുദ്ധ കുർബ്ബാനയിൽ നൽകുന്നു. വിശുദ്ധ ബലിയിൽ പങ്കെടുക്കുന്നതു വഴി നാം അവിടുത്തെ ഹൃദയത്തോട് നമ്മെതന്നെ താരതമ്യപ്പെടുത്തുന്നു. ഈ ജീവിതത്തിലെ തീർത്ഥാടനത്തിൽ അത് നമ്മെ ശക്തിപ്പെടുത്തുന്നു. ശാശ്വത ജീവിതത്തിനുള്ള തീക്ഷണമായ ആഗ്രഹം അത് നമ്മിൽ ജനിപ്പിക്കുന്നു. ഇപ്പോൾതന്നെ സ്വർഗ്ഗത്തിലുള്ള സഭയോട്, പരിശുദ്ധ കന്യകയോടും എല്ലാ വിശുദ്ധരോടും നമ്മെ ഐക്യപ്പെടുത്തുകയും ചെയ്യുന്നു"

കത്തോലിക്കാ സഭയുടെ മതബോധന ഗ്രന്ഥം: 1419

www.malankaralibrary.com

"പരിപൂർണതയിലേക്കുള്ള പ്രയാണത്തിൽ വിശുദ്ധ കുർബാനയിൽ നിന്നും പോഷണം കണ്ടെത്തിയ വിശുദ്ധരുടെ മാതൃകകൾ നമ്മുടെ മുമ്പിലുണ്ട്. ഈ മഹാ രഹസ്യത്തിനു മുൻപിൽ അവർ എത്രയോ തവണ വികാരനിർഭരരായി കണ്ണീർ തൂകിയിട്ടുണ്ട്. അല്ലെങ്കിൽ, അൾത്താരയിലെ കൂദാശയുടെ മുൻപിൽ എത്രയോ മണിക്കൂറുകൾ അവാച്യമായ ആത്മീയ വിവാഹത്തിന്റെ ആനന്ദം അനുഭവിച്ചിട്ടുണ്ട്!

സമസ്ത ക്രിസ്തീയ വിശ്വാസികളേ, അനുദിന ജീവിതത്തിലെ വെളിച്ചവും ശക്തിയുമായി ദിവ്യകാരുണ്യമെന്ന മഹാദാനത്തെ വീണ്ടും കണ്ടെത്തുക. കുടുംബത്തിന്റെ ദൗത്യവും, മനോഹാരിതയും പൂർണ്ണമായി അനുഭവിക്കുന്നതിന് എല്ലാറ്റിനുമുപരി ഈ ദാനത്തെ വീണ്ടും കണ്ടെത്തുക."

[വിശുദ്ധ ജോൺ പോൾ രണ്ടാമൻ മാർപാപ്പയുടെ, "നാഥാ ഞങ്ങളോടൊന്ന് വസിച്ചാലും" എന്ന അപ്പസ്തോലിക ലേഖനത്തിൽ നിന്നും.]

www.malankaralibrary.com

# വിശുദ്ധ കുർബ്ബാന

വിശുദ്ധ കുർബ്ബാനയെക്കാൾ അനുഗ്രഹദായകമായ മറ്റൊരു പ്രാർത്ഥനയോ, വി.കുമ്പസാരത്തെക്കാൾ ശ്രേഷ്ഠമായ മറ്റൊരു വിടുതൽ ശുശ്രൂഷയോ ഇല്ല എന്നാണ് 2-ാം വത്തിക്കാൻ കൗൺസിൽ നമ്മെ പഠിപ്പിക്കുന്നത്. കൂദാശകളുടെ കൂദാശ എന്നും, സർവ്വശ്രേഷ്ഠമായ പ്രാർത്ഥനയെന്നും വി. കുർബ്ബാനയെ വിശേഷിപ്പിക്കാറുണ്ട്.

രക്ഷകനായ മിശിഹായുടെ കാൽവരിയിലെ ബലിയുടെ യഥാർത്ഥ പുനരാവിഷ്കാരമാണ് ഓരോ വി. കുർബ്ബാനയും. പ്രപഞ്ച സൃഷ്ടി തുടങ്ങി, ക്രിസ്തുവിന്റെ രണ്ടാം ആഗമനം വരെയുള്ള കാര്യങ്ങൾ അനുസ്മരിക്കുകയും, ആഘോഷിക്കുകയും ചെയ്യുന്ന കൂദാശയാണത്.

വി.കുർബ്ബാനയിൽ, ബലിവസ്തുവും, ബലി അർപ്പകനും യേശുമിശിഹാ തന്നെയും, ബലി സ്വീകരിക്കുന്നത് പിതാവായ ദൈവവുമാണ്. പുരോഹിതന്റെ കരങ്ങളിലൂടെ മിശിഹാതന്നെ ബലി അർപ്പിക്കുന്നു എന്നാണ് തിരുസഭ പഠിപ്പിക്കുന്നത്.

എല്ലാ റീത്തുകളിലും വി.കുർബ്ബാനയ്ക്ക് മൂന്ന് ഭാഗങ്ങൾ ആണുള്ളത്

1. വചന ശുശ്രൂഷ (Preperation of the word)
2. അനാഫുറ (യാഗാർപ്പണം)
3. ദിവ്യകാരുണ്യ സ്വീകരണം (Holy Communion)

www.malankaralibrary.com

## മലങ്കര സുറിയാനി ആരാധനാ ക്രമം



"മലങ്കര സഭയ്ക്ക് തനതായൊരു ജീവിത ശൈലിയുണ്ട്. അതിന് ജെറുസലേമിൽ, യാക്കോബ് ശ്ലീഹാ അർപ്പിച്ച ദിവ്യബലിയോളം പഴക്കമുണ്ട്. ക്രിസ്തീയ കൂട്ടായ്മകളുടെ ഏറ്റവും പുരാതനമായ ആരാധന ക്രമം നമ്മുടെതാണെന്നും, അതാണ്, ഇതര സഭകളിൽ നിന്നും മലങ്കരസഭയെ വ്യത്യസ്തയാക്കുന്നതെന്നും നാം മനസിലാക്കണം". കർദിനാൾ മാർ ബസേലിയോസ് ക്ലീമീസ് കാതോലിക്കാ ബാവാ [മലങ്കര കത്തോലിക് അസ്സോസിയേഷൻ നേതൃത്വസംഘത്തിന്റെ ഉദ്ഘാടന പ്രസംഗത്തിൽ നിന്നും - മലയാള മനോരമ (31-07-2011)]

www.malankaralibrary.com

# അദ്ധ്യായം - 1

## മലങ്കര സുറിയാനി ആരാധനക്രമം

## (മാർ യാക്കോബിന്റെ ക്രമം)

ആഗോള കത്തോലിക്കാ സഭയിൽ 23 വ്യത്യസ്തങ്ങളായ ആരാധനരീതികൾ രൂപപ്പെട്ടിട്ടുണ്ട്. ഇതിൽ അന്ത്യോക്യൻ സുറിയാനി ആരാധന ക്രമമാണ് മലങ്കര കാത്തോലിക്കാ സഭ ഉപയോഗിക്കുന്നത്. ജെറുസലേം സഭയുടെ പ്രഥമാദ്ധ്യക്ഷനും, അപ്പോസ്തോലനുമായ മാർ യാക്കോബ് ശ്ലീഹാ ഒന്നാം നൂറ്റാണ്ടിൽ ക്രോഡീകരിച്ചതാണ് ഈ ആരാധനക്രമം.

മലങ്കര ആരാധനക്രമത്തിൽ, പുരോഹിതൻ ഒരേ സമയം ദൈവത്തിന്റേയും ദൈവജനത്തിന്റേയും, പ്രതിനിധിയായി നിലകൊള്ളുന്നു. എപ്പോഴൊക്കെ പുരോഹിതൻ ബലിപീഠത്തിന് അഭിമുഖമായി (ജനം നിൽക്കുന്ന ദിശയിൽ) നിൽക്കുന്നുവോ, അപ്പോഴെല്ലാം അദ്ദേഹം ദൈവജനത്തിന്റെ പ്രതിനിധിയായി ദൈവസന്നിധിയിൽ, വിശ്വാസികളുടെ സമൂഹത്തിനു വേണ്ടി പ്രാർത്ഥിക്കുന്നു. അനുഗ്രഹങ്ങൾ യാചിക്കുന്നു. അതുപോലെ തന്നെ എപ്പോഴെല്ലാം വൈദികൻ ദൈവജനത്തിന് അഭിമുഖമായി നിൽക്കുന്നുവോ, അപ്പോഴെല്ലാം അദ്ദേഹം ദൈവത്തിന്റെ പ്രതിനിധിയായി നിൽക്കുന്നു.

വി. കുർബ്ബാന മദ്ധ്യേ രണ്ടു കാര്യങ്ങൾക്കുവേണ്ടി മാത്രമാണ് പുരോഹിതൻ ദൈവജനത്തിന് അഭിമുഖമായി നിൽക്കാറുള്ളൂ.

1 ദൈവത്തിന് തന്റെ ജനത്തോട് എന്തെങ്കിലും പറയാനുള്ളപ്പോൾ- ഉദാ: സുവിശേഷ വായനകളും വ്യാഖ്യാനവും

2. ദൈവത്തിന് തന്റെ ജനത്തിന് എന്തെങ്കിലും നൽകാനുള്ളപ്പോൾ- ഉദാ: വി. കുർബ്ബാന നൽകുക, സമാധനാശീർവ്വാദങ്ങൾ നൽകുക.

അന്ത്യോക്യൻ സുറിയാനി കുർബ്ബാന ക്രമത്തിൽ, പ്രപഞ്ചസൃഷ്ടി, പഴയനിയമ സംഭവങ്ങൾ, യേശുവിന്റെ ജനനം,

www.malankaralibrary.com

സ്നാനം, പരസ്യജീവിതം, പീഡാസഹനങ്ങൾ, കുരിശുമരണം, പുനരുത്ഥാനം, സ്വർഗ്ഗാരോഹണം, രണ്ടാം ആഗമനം ഇങ്ങനെ വിശുദ്ധഗ്രന്ഥത്തിന്റെ ആദ്യ അദ്ധ്യായം തുടങ്ങി ക്രമാനുഗത മായി വളർന്ന് വെളിപാടിന്റെ അവസാന അദ്ധ്യായത്തിൽ അവസാനിക്കുന്നു.

**ഘടന:** മലങ്കര ക്രമമനുസരിച്ച് വി.കുർബ്ബാനയെ നാല് ഭാഗങ്ങ ളായി തരംതിരിക്കാവുന്നതാണ്. ഈ 4 ഘട്ടങ്ങളിലൂടെയാണ് ഒരോ വി.കുർബ്ബാനയും പൂർണ്ണമാവുന്നത്. അന്ത്യോക്യൻ ആരാ ധനക്രമത്തിന്റെ 4 ഘട്ടങ്ങൾ.

1 ഒരുക്ക ശുശ്രൂഷ — 2 വചന ശുശ്രൂഷ

3 ബലി അർപ്പണം — 4 ബലി വിരുന്ന്

ഈ നാല് ഘട്ടങ്ങളെയും അവയിലെ പ്രാർത്ഥനകളെയും കുറെകൂടി വിശദമായി മനസ്സിലാക്കാൻ നമുക്ക് ശ്രമിക്കാം.

### 1) ഒരുക്ക ശുശ്രൂഷ

വി.കുർബ്ബാനയുടെ ആരംഭം മുതൽ പരസ്യ ശുശ്രൂഷ വരെയുള്ള ഭാഗമാണ് ഒരുക്ക ശുശ്രൂഷ. പേര് സൂചിപ്പിക്കുന്നതു പോലെ തന്നെ വി. കുർബ്ബാന യോഗ്യതാപൂർവ്വം അർപ്പിക്കു വാനുള്ള തയ്യാറെടുപ്പുകളാണ് അഥവാ ഒരുക്കങ്ങളാണ് ഈ ശുശ്രൂഷയിൽ. ഈ ഒരുക്കം കൂടാതെ ബലിയർപ്പണം പൂർണ്ണ മാവുന്നില്ല.അതുകൊണ്ടാണ് തിരുസഭ വി.കുർബ്ബാനയുടെ ആരംഭം മുതൽ തന്നെ വിശ്വാസികൾ പങ്കെടുക്കണമെന്ന് നിഷ്കർഷിക്കുന്നത്.

അന്ത്യോക്യൻ ആരാധനക്രമമനുസരിച്ച് യാമ നമസ്ക്കാ രത്തോട് (പ്രഭാത പ്രാർത്ഥന) കൂടെയാണ് വി.കുർബ്ബാന ആരം ഭിക്കുന്നത്. വി. കുർബ്ബാനയുടെ ആദ്യത്തെ തിരുകർമ്മം ശുശ്രൂ ഷകൻ വി. മദ്ബഹയിൽ മെഴുകുതിരികൾ കത്തിക്കുന്നതാണ്. ഇതിലൂടെ "വെളിച്ചമുണ്ടാകട്ടെ" (ഉല്പ:1:3) എന്നു പറഞ്ഞുകൊണ്ട് പ്രപഞ്ച സൃഷ്ടി ആരംഭിച്ച യഹോവയായ ദൈവത്തിന്റെ സൃഷ്ടികർമ്മത്തെ നാം അനുസ്മരിക്കുന്നു. ഒപ്പം

www.malankaralibrary.com

കത്തിനിൽക്കുന്ന മെഴുകുതിരികൾ നിറഞ്ഞു നിൽക്കുന്ന ദൈവീക സാന്നിധ്യത്തെയും സൂചിപ്പിക്കുന്നു. യേശു പറഞ്ഞു "ഞാൻ ലോകത്തിന്റെ പ്രകാശമാകുന്നു." (യോഹ 8: 12) അതേ സമയം ഈ തിരികൾ എന്നെ ഓർമ്മപ്പെടുത്തുകയും ചെയ്യുന്നു. ഞാനും, വി.കുർബ്ബാനയിൽ സംബന്ധിക്കുന്ന ഓരോ വിശ്വാസിയും അന്ധകാരം നിറഞ്ഞ ഈ ലോകത്തിൽ പ്രകാശമായി പ്രശോഭിക്കേണ്ടവരാണ് എന്ന് "നിങ്ങൾ ലോകത്തിന്റെ പ്രകാശമാണ്." (മത്തായി 5:14)

തുടർന്ന് തിരശ്ശീലമാറ്റുന്നു. തിരശ്ശീല ഉപയോഗിച്ച് വി. മദ്ബഹായെ, ഹൈക്കലായിൽ (വിശ്വാസികൾ നിൽക്കുന്ന സ്ഥലം) നിന്നും വേർതിരിച്ചിരിക്കുന്നു. വി. മദ്ബഹാ സ്വർഗ്ഗത്തിന്റെയും, ഹൈക്കലാ ഭൂമിയുടെയും പ്രതീകങ്ങളാണ്. സ്വർഗ്ഗവും ഭൂമിയും തമ്മിലുള്ള ബന്ധത്തെ സൂചിപ്പിക്കുന്ന പ്രതീകമാണ് മറ- അഥവാ തിരുശീല.

യാമ നമസ്കാര സമയത്ത് മറ നീക്കുന്നതിലൂടെ യഹോവയായ ദൈവത്തിന്റെ സൃഷ്ടികർമ്മവും, പരിപാലനയും ഭൂമിയും സ്വർഗ്ഗവും ഒന്നിച്ചു നിന്നിരുന്ന ആദിപാപത്തിന് മുമ്പുള്ള അവസ്ഥയും കാലങ്ങളും അനുസ്മരിക്കപ്പെടുന്നു. ഉല്പത്തിയുടെ ആദ്യ അദ്ധ്യായങ്ങളിൽ നാം വായിക്കുന്ന അവസ്ഥ വെയിലാറുമ്പോൾ തന്റെ മക്കളോടൊപ്പം പറുദീസയിൽ ഉലാത്താനെത്തുന്ന ദൈവം, താൻ സൃഷ്ടിച്ച സകല ചരാചരങ്ങളെയും ആദത്തിന്റെ മുമ്പിൽ കൊണ്ടുവന്ന് അവനവയെ എന്തു പേരിട്ട് വിളിക്കുമെന്ന് നോക്കുന്ന ദൈവം - സ്വർഗ്ഗവും ഭൂമിയും ഒന്നായി നിൽക്കുന്ന കാലം.

പ്രഭാത നമസ്കാര സമയത്ത് വൈദികൻ ധരിക്കുന്നത് കറുത്ത പുറംകുപ്പായമാണ്. അനുതാപത്തിലേക്ക് തിരിയേണ്ട മനുഷ്യന്റെ പാപാവസ്ഥയെ ഓർമ്മപ്പെടുത്തുന്നു ഈ പുറംകുപ്പായം. പരമ പരിശുദ്ധനായവന്റെ സന്നിധിയിൽ നിൽക്കുവാൻ അനുതാപമെന്ന വികാരം കൂടാതെ സാധ്യമല്ലെന്നും ഞാൻ ഓർക്കണം. മലങ്കര സഭയിലെ പ്രാർത്ഥനകളിൽ

www.malankaralibrary.com

അനുതാപത്തിന്റെ പ്രാധാന്യം മനസ്സിലാക്കാനാകും - നമ്മുടെ എല്ലാ യാമനമസ്കാരങ്ങളും അനുതാപത്തിന്റെ സങ്കീർത്തനമായ 51-ാം സങ്കീർത്തനം ചൊല്ലിക്കൊണ്ടാണല്ലോ നാം ആരംഭിക്കുന്നത് തന്നെ.

മാനസാന്തരപ്പെട്ട് അനുതപിക്കുവാൻ ആഹ്വാനം ചെയ്തുകൊണ്ട് ദൈവപുത്രന് വഴിയൊരുക്കുവാൻ കടന്നുവന്ന സ്നാപക യോഹന്നാനെപ്പോലെയാണ് പ്രഭാത നമസ്കാര സമയത്ത് വൈദികൻ നിൽക്കുന്നത്.

പഴയനിയമ കാലങ്ങളെ അനുസ്മരിച്ചുകൊണ്ട് നാം അനുതാപത്തിന്റെയും, ദൈവസ്തുതിയുടെയും, സങ്കീർത്തനങ്ങളും ഗീതങ്ങളും ആലപിക്കുന്നു. പ്രഭാത പ്രാർത്ഥനയ്ക്ക് ശേഷം പുരോഹിതൻ വി. മദ്ബഹായിൽ പ്രവേശിച്ച് വിശ്വാസികളുടെ സമൂഹത്തോട് പ്രാർത്ഥനാ സഹായം യാചിച്ചതിനു ശേഷം മറയിടുന്നു. ഇവിടെ തിരുശീലയിടുന്നത് ആദി മാതാപിതാക്കളുടെ പാപവും തുടർന്നുള്ള പഴയനിയമത്തിലെ പാപം പെരുകുന്ന സമയങ്ങളെയും സൂചിപ്പിക്കുന്നു. മനുഷ്യപാപം മൂലം നഷ്ടമായ ദൈവ-മനുഷ്യ ബന്ധവും, നഷ്ടമായ ദൈവീക സാന്നിധ്യവും ഓർമ്മപ്പെടുത്തുന്നു. മറയിടുന്നതിലൂടെ ദൈവ മനുഷ്യബന്ധത്തിൽ ഒരു വിള്ളൽ ഒരു തടസ്സം പാപം വഴി സംജാതമായതിനെ സൂചിപ്പിക്കുന്നു.

പുരോഹിതന്റെ ഈ മദ്ബഹാ പ്രവേശനം രണ്ടു കാര്യങ്ങളെ ഓർമ്മപ്പെടുത്തുന്നു.

### 1) ആചാര്യനായ സക്കറിയായുടെ (സ്നാപക യോഹന്നാന്റെ പിതാവ്) മഹാ വിശുദ്ധ സ്ഥലത്തേക്കുള്ള പ്രവേശനം

പുരോഹിതനുവേണ്ടി ജനമെല്ലാം പ്രാർത്ഥിക്കണമെന്ന് സഭ നമ്മെ ഓർമ്മപ്പെടുത്തുന്നു. ലൂക്കോ 1:10 "ധൂപാർപ്പണ സമയത്ത് സമൂഹം മുഴുവൻ വെളിയിൽ പ്രാർത്ഥിച്ചു കൊണ്ടിരുന്നു. അപ്പോൾ കർത്താവിന്റെ ദൂതൻ ധൂപപീഠത്തിന്റെ വലതുവശത്ത് നിൽക്കുന്നതായി അവന് പ്രത്യക്ഷപ്പെട്ടു".

www.malankaralibrary.com

ജനം പ്രാർത്ഥിച്ചുകൊണ്ടിരിക്കുമ്പോഴാണ് പുരോഹിതനിലൂടെ ദൈവത്തിന്റെ തിരുഹിതം വെളിപ്പെടുന്നത്. പ്രാർത്ഥിക്കുന്ന സമൂഹത്തിന്റെ പ്രതിനിധിയായി നിൽക്കുമ്പോഴാണ് പുരോഹിതന് ദൈവഹിതമറിയാനും, വെളിപാട് സ്വീകരിക്കാനും അത് ദൈവജനത്തിന് കൈമാറാനും സാദ്ധ്യമാകുക. അതുകൊണ്ടാണ് ജനമെല്ലാം പുരോഹിതനുവേണ്ടി പ്രാർത്ഥിക്കണമെന്ന് സഭ പഠിപ്പിക്കുന്നതും, വൈദികൻ പ്രാർത്ഥന സഹായം യാചിക്കുന്നതും.

### 2) ഇസ്രയേൽ മക്കൾക്ക് ന്യായപ്രമാണങ്ങൾ വാങ്ങാനായി ദൈവീക മഹത്വം നിറഞ്ഞു നിൽക്കുന്ന സീനായ് മലയിലേക്ക് മോശ കയറിപ്പോയത്.

മോശ മലയിലേക്ക് കയറിയത് ദൈവത്തെ കാണാനാണ്, അവിടുത്തോട് സംസാരിക്കാനാണ്, ദൈവഹിതം അറിയാനാണ്, നിർദേശങ്ങൾ സ്വീകരിക്കാനായാണ്. വിശ്വാസികൾ അഥവാ ഞാൻ ദേവാലയത്തിലേക്ക് വരുന്നതും ഇതിനൊക്കെ തന്നെയല്ലേ? അങ്ങനെയെങ്കിൽ സീനായ് മലയിലേക്ക് കയറുന്നതിന് മുമ്പായി ദൈവം മോശയ്ക്ക് കൊടുക്കുന്ന ചില നിർദേശങ്ങൾ, ഇന്ന് ഞാൻ ദേവാലയത്തിലേക്ക് കടന്നുവരുമ്പോൾ എനിക്കും മാർഗ്ഗദർശകങ്ങളാണ്.

***ചുരുക്കമായി ചിന്തിച്ചാൽ ദൈവം മോശക്ക് നൽകിയ നിർദേശങ്ങൾ ഇവയാണ്. 1 'നിന്റെ ചെരുപ്പ് അഴിച്ചുമാറ്റുക. എന്തുകൊണ്ടെന്നാൽ നീ നിൽക്കുന്ന സ്ഥലം പരിശുദ്ധമാണ്.' (പുറ. 3:5)***

ദേവാലയത്തിന്റെ വിശുദ്ധിയെ കുറിച്ച്, ജീവിക്കുന്ന ദൈവത്തിന്റെ സജീവ സാന്നിധ്യത്തിലാണ് താൻ നിൽക്കുന്നതെന്ന ബോധ്യം ഓരോ വിശ്വാസിക്കും ഉണ്ടാകണം. സങ്കീ- 69:9,ലും യോഹ:2:17 ലും നാം ഇപ്രകാരം വായിക്കുന്നു. "അങ്ങയുടെ ആലയത്തെക്കുറിച്ചുള്ള തീക്ഷണത എന്നെ വിഴുങ്ങിക്കളഞ്ഞു". ദേവാലയത്തിനുള്ളിൽ ആയിരിക്കുമ്പോൾ എന്റെ ചിന്തകളും, ചലനങ്ങളും, ശബ്ദങ്ങളും എല്ലാം

www.malankaralibrary.com

ദൈവത്തിന്റെ വിശുദ്ധിക്ക് ചേർന്നതാകണം. കമ്പോളത്തിൽ നിൽക്കുന്ന ലാഘവത്തോടെ നിൽക്കാനാകില്ല, ദേവാലയത്തിൽ. ദേവാലയത്തിന്റെ വാതിൽക്കൽ വരെ പുകവലിച്ച്, പരദൂഷണവും, കുറ്റവും പറഞ്ഞ് സെൽഫോണിൽ പാട്ടും കേട്ട്, തമാശ പറഞ്ഞ് വന്നശേഷം ചെരുപ്പും ഊരിയിട്ട് കയറി നിൽക്കാനുള്ള സ്ഥലമല്ല ദേവാലയം. ദേവാലയത്തിലേക്കുള്ള യാത്രയിൽ പോലും ഒരു വിശുദ്ധി, ഒരു തീർത്ഥാടനചിന്ത, നല്ല ചിന്തകളോടെ, സുകൃത ജപങ്ങളോടെ, പ്രാർത്ഥനയോടെ, ദൈവസ്നേഹത്തെ ധ്യാനിച്ചുകൊണ്ടാവണം ഒരു വിശ്വാസി തന്റെ ഭവനത്തിൽ നിന്നും ദേവാലത്തിലേക്ക് കടന്നുവരാൻ. പഴയനിയമ ഇസ്രായേൽ ജനത സങ്കീർത്തനങ്ങൾ പാടികൊണ്ടായിരുന്നു ദൈവാലയത്തിലേക്ക് പൊയ്ക്കൊണ്ടിരുന്നത്. ദൈവത്തിന്റെ വിശുദ്ധിയെപ്പറ്റി ബോധ്യമില്ലാത്തതിനാൽ നമുക്ക് പലപ്പോഴും തെറ്റുപറ്റുന്നു. പഴയനിയമത്തിൽ ഒരു ദൈവദൂതൻ ആർക്കെങ്കിലും പ്രത്യക്ഷപ്പെട്ടു എങ്കിൽ അടുത്ത വചനം ഇങ്ങനെയായിരിക്കും 'ഞാൻ കമിഴ്ന്നു വീണു' ഒരു ദൈവദൂതന്റെ പ്രഭയ്ക്കു മുമ്പിൽ പോലും പ്രവാചകൻമാർക്ക് നിവർന്നു നിൽക്കാനാകുന്നില്ല, അങ്ങനെയെങ്കിൽ ഭൂസ്വർഗ്ഗങ്ങളുടെ, സകല ചരാചരങ്ങളുടെയും സൃഷ്ടാവും പരിപാലകനുമായ എന്റെ ദൈവത്തിന്റെ നിറസാന്നിധ്യത്തിൽ ഞാനെത്രമാത്രം സൂക്ഷമതയോടെയും ആദരവോടെയും നിൽക്കണം? അതുകൊണ്ടാണ് ദേവാലത്തിലേക്ക് കടന്നുവരുന്ന വിശ്വാസി, തലകുനിച്ച് വണങ്ങിയ ശേഷം കുരിശുവരച്ചുകൊണ്ട് ഇപ്രകാരം പ്രാർത്ഥിക്കണമെന്ന് സഭാമാതാവ് പഠിപ്പിക്കുന്നത്. "ദൈവമേ ആദരപൂർവ്വം നിന്റെ ഭവനത്തിലേക്ക് വന്ന് എന്റെ നേർച്ചകൾ ഞാൻ നിറവേറ്റും". (വി. കുർബ്ബാന ക്രമത്തിലെ ആദ്യപ്രാർത്ഥന)

**2) പ്രഭാതത്തിൽ തന്നെ തയ്യാറായി, സീനായ് മല മുകളിൽ എന്റെ മുമ്പിൽ നീ സന്നിഹിതനാകണം (പുറ 34:2)**

നീ അതിരാവിലെ വരണം - സമയത്ത് എത്തിചേരണമെന്ന് അർത്ഥം. പ്രഭാതപ്രാർത്ഥന തുടങ്ങുന്നതിനു മുമ്പുതന്നെ

www.malankaralibrary.com

വിശ്വാസികൾ ദേവാലയത്തിനകത്ത് ഉണ്ടായിരിക്കണം. പ്രഭാത നമസ്കാരം വി.കുർബ്ബാനയുടെ അവിഭാജ്യഘടകമായതിനാൽ, മുഴുവൻ കുർബ്ബാനയിലും പങ്കെടുത്തു എന്ന് പറയണമെങ്കിൽ ഞാൻ പ്രഭാത നമസ്കാരം മുതൽ ദേവാലത്തിൽ ആയിരിക്കണം. ഓരോ വിശ്വാസിയും ആത്മശോധന ചെയ്യണം - വൈകി പോയതു കാരണം എനിക്കെത്ര തവണ ട്രെയിനിലോ, വിമാന ത്തിലോ യാത്ര ചെയ്യാൻ കഴിയാതെ വന്നിട്ടുണ്ട്?. ഒരിക്കലെ ങ്കിലും ഇത്തരം അനുഭവം ഉള്ളവർ വളരെ വിരളമായിരിക്കും എന്നാൽ വി.കുർബ്ബാനക്ക് ഞാനെത്ര തവണ വൈകിപ്പോയി ട്ടുണ്ട്? എല്ലാത്തിലും ഉപരിയായി പൂർണ്ണ ഹൃദയത്തോടെയും, പൂർണ്ണ ശക്തിയോടെയും, പൂർണ്ണ ആത്മാവോടെയും ഞാൻ ദൈവത്തെ സ്നേഹിക്കുന്നു എന്ന് ആവർത്തിച്ച് പറയുകയും, സ്വയം വിശ്വസിപ്പിക്കാൻ ശ്രമിക്കുകയും ചെയ്യുമ്പോൾ ഞാൻ തിരിച്ചറിയണം അത് സത്യമെങ്കിൽ എനിക്കൊരിക്കലും വി. കുർബ്ബാനക്ക് വൈകി എത്താനാകുകയില്ല!. ഏതെങ്കിലും സാഹ ചര്യത്തിൽ വൈകിപ്പോയാൽ മാപ്പു പറഞ്ഞ്, അടുത്ത വി.കുമ്പ സാരത്തിൽ ഏറ്റുപറഞ്ഞ് കൊള്ളാമെന്ന് കർത്തൃസന്നിധിയിൽ ഉറപ്പു നൽകിയശേഷം വേണം ബലിയിൽ പങ്കെടുക്കാൻ.

**3. ആരും നിന്നോടൊന്നിച്ച് കയറി വരരുത് (പുറ 34:3)**

എന്നെ അലട്ടികൊണ്ടിരിക്കുന്ന സകലതിനെയും ഉപേക്ഷിച്ച് വേണം, ശാന്തമായ മനസ്സോടെ ദേവാലത്തിൽ ആയിരിക്കാൻ അവിടെ ഞാനെന്റെ ദൈവത്തോടോപ്പമാണ്. മറ്റു ള്ളതൊന്നും എന്നെ അലോസരപ്പെടുത്താൻ അനുവദിക്കരു ത്. എന്റെ ചിന്തകൾ പൂർണ്ണമായും ദൈവോൻമുഖമാകണം- ദൈവ സ്നേഹത്തിലും കൃപയിലും ശരണം കണ്ടെത്തി ആകു ലതകളിൽ നിന്നും മോചനം നേടണം. മാതാപിതാക്കളും, മക്ക ളും, സഹോദരങ്ങളും ഒരുമിച്ച്-ഒരു കുടുംബമായി ദേവാലയ ത്തിലേക്ക് വരുമ്പോഴും ദേവാലയത്തിൽ ഞാൻ വിശ്വാസിക ളുടെ സമൂഹവുമായി ചേർന്ന് ബലിയർപ്പിക്കുമ്പോഴും, അവി ടെയും വ്യക്തിപരമായ ഒരു ബന്ധം, (one-to-one reliationship with Jesus) അനുഭവം എനിക്കുണ്ടാകണം.

www.malankaralibrary.com

**4 ചെത്തിയൊരുക്കിയ ഫലകങ്ങളുമായി നീ വരിക (പുറ 34:1)**

നമ്മുടെ ബലിയർപ്പണങ്ങൾ പലപ്പോഴും ഒരു അനുഭവമായി മാറാത്തതിന്റെ പ്രധാന കാരണം ഒരുക്കമില്ലാത്ത ബലിയർപ്പണങ്ങൾ നടക്കുന്നു എന്നതാണ്. ഞാൻ എന്റെ വസ്ത്രങ്ങൾ നന്നായി അലക്കി തേച്ച്, ധരിക്കുന്നു, കുളിക്കുന്നു, മുടിയും, താടിയും, ഒക്കെ ഭംഗിയാക്കുന്നു, മുഖം മിനുക്കുന്നു, ഈ ബാഹ്യമായ ഒരുക്കങ്ങൾക്കപ്പുറം, ആത്മാവിന്റെ തലത്തിൽ എന്തൊരുക്കമാണ്- ആത്മനായ ദൈവത്തെ സ്വീകരിക്കാനായി ഞാൻ നടത്തുന്നത്? എന്ന് ആഴമായി ചിന്തിക്കണം. ഞാൻ നടത്തുന്ന മറ്റു യാത്രകൾക്കെല്ലാം മുമ്പായി വളരെ കൃത്യമായ ഒരുക്കങ്ങൾ നടത്താറുണ്ട്. പഞ്ചായത്ത് ഓഫീസിൽ നിന്നും നാളെ എനിക്കൊരു കാര്യം നടത്തണമെങ്കിൽ ഞാനെവിടെയുള്ള പരിചയക്കാരെ വിളിച്ച് നേരത്തെതന്നെ സഹായം അഭ്യർത്ഥിക്കും, കുട്ടികളുമായി ഞാനൊരു വിനോദയാത്ര പോകുകയാണെങ്കിൽ ഞാനെല്ലാം ശ്രദ്ധിക്കും, വേണ്ടതും വേണ്ടാത്തതുമായ അനവധി കാര്യങ്ങൾ ഞാൻ വളരെ ശ്രദ്ധയോടെ അടുക്കിവയ്ക്കും, ഏതൊരു സാഹചര്യത്തിനും അനുസൃതമായവയെല്ലാം ഞാൻ ഒരുക്കും. എന്നാൽ ഒരു വിശ്വാസിയെന്ന നിലയിൽ എന്റെ ജീവിതത്തിലെ ഏറ്റം പ്രാധാന്യമേറിയ വി. കുർബ്ബാനയ്ക്ക് വരുമ്പോൾ ഞാനെന്തെങ്കിലും ഒരുക്കം നടത്താറുണ്ടോ? ഒരൽപ്പസമയം ഒറ്റക്കിരുന്ന് നല്ല ദൈവത്തോട് പറയണം കർത്താവേ നാളെ ഞാൻ ബലിയർപ്പിക്കാനെത്തുമ്പോൾ, എന്നെ നീ സ്നേഹത്തോടെ, കാരുണ്യത്തോടെ കാണേണമേ, എന്റെ പ്രാർത്ഥനകൾ നീ കേൾക്കേണമേ, നല്ലൊരു ബലിയർപ്പണം നടത്താൻ എന്നെ സഹായിക്കേണമേ, ഒരൽപ്പസമയം കർത്താവിനോടൊപ്പം ആയിരുന്ന് വന്നുപോയ പാപങ്ങളെ ഓർക്കുക, കുറവുകളെക്കുറിച്ച് ബോധവാനാകുക, ആവശ്യമെങ്കിൽ നല്ല ഒരു വി.കുമ്പസാരം നടത്തുക. ദൈവവചനം വായിക്കുക. ഇങ്ങനെ വ്യക്തിപരമായ ഒരു ഒരുക്കം ഓരോ ബലിയർപ്പണത്തിനും മുമ്പ് ഉണ്ടാകണം. അപ്പോൾ വി. കുർബ്ബാനയുടെ യഥാർത്ഥ ശക്തിയും, മാധുര്യവും, നമുക്ക് അനുഭവപ്പെടും.

www.malankaralibrary.com

പുരോഹിതൻ പ്രഭാത നമസ്കാരത്തിനുശേഷം വിശുദ്ധ മദ്ബഹയിൽ പ്രവേശിക്കുന്നിടത്തു നിന്നുമാണ്. അൽപം കാടു കയറിയ മേൽപറഞ്ഞ ചിന്തകൾ. ദൈവജനം ഈ സമയത്ത് തിരുശീലയാൽ മറയ്ക്കപ്പെട്ട, മറക്ക് പുറത്ത് ഗീതങ്ങൾ ആലപിച്ച് വരാനിരിക്കുന്ന രക്ഷകനായ യേശുമിശിഹായെ പ്രതീക്ഷയോടെ കാത്തിരിക്കുന്നു. രക്ഷകനെ പ്രതീക്ഷിച്ച് നൂറ്റാണ്ടുകൾ കാത്തിരുന്ന ഇസ്രായേലിനു സമമാണ് ഹൈക്കലായിൽ നിൽക്കുന്ന വിശ്വാസികളുടെ സമൂഹം.

പുരോഹിതൻ വി. ത്രോണോസിനെ വന്ദിച്ച് കോണുകളിൽ ചുംബിച്ച്, ദർഗായിൽ (വിശുദ്ധ ത്രോണോസിനു മുമ്പിലുള്ള പടി) കയറിനിന്ന് മെൽക്കിസദെക്കിന്റെയും, അഹറോന്റെയും ശുശ്രൂഷകൾ നടത്തുന്നു.

**മെൽക്കിസെദേക്കിന്റെ ശുശ്രൂഷ:** അപ്പവും വീഞ്ഞും വി. ത്രോണോസിൻ മേൽ ഒരുക്കിവയ്ക്കുന്ന ശുശ്രൂഷയാണിത്. യഹൂദമതത്തിൽ പൗരോഹിത്യം ആരംഭിക്കുന്നതിന് മുമ്പ് തന്നെ എല്ലാ ജാതികളുടെയും പ്രതിനിധിയായി ദൈവതിരുമുമ്പാകെ നിന്ന പുരോഹിതനും, സാലേമിലെ (ജെറുസലേം) രാജാവും ആയിരുന്നു മെൽക്കിസെദേക്ക് (ഉല്പ: 14:18).

വൈദികൻ ചെറുതും വലുതുമായ തിരുവോസ്ത്തികൾ, രഹസ്യപ്രാർത്ഥനകളോടും കർമ്മങ്ങളോടും കൂടെ പീലാസായിൽ ക്രമപ്പെടുത്തുന്നു. അപ്പംമുറിക്കലിന്റെ സമയത്ത് മുറിക്കാനായി വലിയ ഓസ്ത്തിയെ (ബുക്റോ=ആദ്യജാതൻ). നടുവിൽ വരഞ്ഞു വയ്ക്കുന്നു. [എന്റെ തമ്പുരാൻ-അവൻ ജനിക്കുന്നതിനു മുമ്പുതന്നെ മുറിക്കപ്പെടാനായി ഒരുക്കപ്പെടുന്നു.] തുടർന്ന് കാസായിൽ വീഞ്ഞും വെള്ളവും കലർത്തുന്നു. പുത്രൻ തമ്പുരാനായ യേശുവിൽ ദൈവത്വവും മനുഷ്യത്വവും ഒരുപോലെ സമ്മേളിച്ചിരുന്നതിനെ ഇത് സൂചിപ്പിക്കുന്നു. അപ്പവും വീഞ്ഞും ക്രമീകരിച്ചതിനുശേഷം വൈദികൻ വീണ്ടും അനുതാപത്തിന്റെ പ്രാർത്ഥനകൾ ചൊല്ലുന്നു.

www.malankaralibrary.com

**അഹറോന്റെ ശുശ്രൂഷ :** ഈ ശുശ്രൂഷ അംശ വസ്ത്രങ്ങൾ ധരിച്ചുകൊണ്ടാണ് വൈദികൻ ചെയ്യുന്നത്. ദൈവത്തിന്റെ പുരോഹിതൻ അംശവസ്ത്രം ധരിക്കുന്നത്. ദൈവത്തിന്റെ മഹത്വത്തെയും, പൗരോഹിത്യ ശുശ്രൂഷ നിർവഹിക്കാനായി ദൈവത്തിൽ നിന്നും പ്രാപിച്ച വിശുദ്ധിയുടെ അടയാളമായിട്ടുമാണ്. പ്രധാന പുരോഹിതനായിരുന്ന അഹറോനും, ലേവി ഗോത്രത്തിൽപ്പെട്ട മറ്റ് പുരോഹിതരും ധരിച്ചിരുന്ന അംശവസ്ത്രങ്ങളും, അവർ നടത്തിയിരുന്ന ധൂപാർപ്പണത്തെയും ഓർത്തുകൊണ്ട് പുരോഹിതൻ അംശവസ്ത്രങ്ങൾ അണിയുകയും, യാഗ വസ്തുക്കളുടെ മേൽ ധൂപം അർപ്പിക്കുകയും ചെയ്യുന്നു.

തുടർന്ന് "മഹത്വമുള്ളവന്റെ തേജസ്, ആകാശം കൊണ്ട് മൂടപ്പെട്ടിരിക്കുന്നു" എന്ന് ചൊല്ലിക്കൊണ്ട്, കാസായും പീലാസായും ശോശപ്പാ കൊണ്ട് മൂടുന്നു. അതിനുശേഷം ധൂപാർപ്പണത്തിലൂടെ സഭ മുഴുവനെയുംജീവിച്ചിരിക്കുന്നവരെയും, മരിച്ച് പോയവരെയും വൈദികൻ അനുസ്മരിക്കുകയും, എല്ലാവർക്കും വേണ്ടി പ്രാർത്ഥിക്കുകയും ചെയ്യുന്നു.

മറക്കുള്ളിലെ ഈ രഹസ്യ ശുശ്രൂഷയിലൂടെ ആദിമാതാപിതാക്കൾ മുതൽ അബ്രഹാം വരെയും, അബ്രഹാം മുതൽ അഹറോൻ വരെയും, അഹറോൻ മുതൽ യേശുക്രിസ്തുവരെയുമുള്ള പഴയ നിയമ രക്ഷാകര ചരിത്രം പ്രത്യേകം അനുസ്മരിക്കപ്പെടുന്നു. ഈ സമയം പുരോഹിതൻ അന്നേ ദിവസത്തെ വി. കുർബ്ബാനയുടെ പ്രത്യേക നിയോഗത്തെ (ജന്മദിനം, ഓർമ ആചാരണം, സ്തോത്ര കുർബ്ബാന etc.... ഇങ്ങനെ വിശ്വാസികൾ വി. കുർബ്ബാനയിൽ നൽകുന്ന നിയോഗങ്ങൾ) ദൈവസന്നിധിയിൽ സമർപ്പിച്ച് പ്രാർത്ഥിക്കുകയും ചെയ്യുന്നു.

ഈ സമയത്ത് ആരാധനാ സമൂഹം പാടുന്ന ഗീതങ്ങിലും, പഴയ നിയമ സംഭവങ്ങളെയും, ദൈവീക പദ്ധതിയോട് ചേർന്നു നിന്ന പ്രവാചകരെയും, പ്രമുഖരെയും നമ്മുടെ മൺമറഞ്ഞ പിതാക്കന്മാരേയും, ലോകം മുഴുവനെയും അനുസ്മരിക്കുന്നു.

www.malankaralibrary.com

"സ്വർഗാധിപതേ ദേവാ നിന്നുടെ ........... എന്നു തുടങ്ങുന്നതും വെളിവു നിറഞ്ഞോരീശോ നിൻ വെളിവാൽ....." എന്നീ ഗീതങ്ങളാണ് സാധാരണയായി നാം പാടുന്നത്. വാക്കുകളുടെ അർത്ഥം മനസിലാക്കി മനസ്സിൽ ആ ആശയങ്ങളെ ഉൾക്കൊണ്ട് പാടി പ്രാർത്ഥിക്കുമ്പോൾ ഈ ഗീതങ്ങൾ വലിയൊരു പ്രാർത്ഥനാനുഭവമായി മാറുന്നു.

മേൽ പറഞ്ഞ രണ്ട് ഗീതങ്ങളിലും പൊതുവായി കാണപ്പെടുന്ന രണ്ട് ഖണ്ഡങ്ങളെപ്പറ്റി മാത്രം അല്പമായി ചിന്തിക്കാം.

**1. "ഹാബേലിൻ** കുഞ്ഞാടും....നോഹിനുടെ"എന്നു തുടങ്ങുന്ന 4 വരികൾ. പഴനിയമ കാലത്തെ മൂന്നു പ്രധാന ബലിയർപ്പണങ്ങൾ, യഹോവയായ ദൈവത്തിന് ഏറെ പ്രീയപ്പെട്ട മൂന്ന് അർപ്പണങ്ങൾ അവയെ ചൂണ്ടികാട്ടികൊണ്ട് സഭാമാതാവ് ആഗ്രഹിക്കുന്നത് - ഓരോ വിശ്വാസിയുടെയും ബലിയർപ്പണം അങ്ങനെയായി തീരട്ടെ എന്നാണ്.

**ഹാബേലിന്റെ ബലി:-** ഹാബേലും, കായേനും ബലിയർപ്പിച്ചു. ഹാബേലിന്റെ ബലിയർപ്പണം ദൈവത്തിന് പ്രീതികരമായി, സ്വീകാര്യമായി. ബാഹ്യമായി നോക്കുമ്പോൾ രണ്ടു പേരും ഒരുപോലെയാണ് എല്ലാം ചെയ്തത്. ബലിപീഠം രണ്ടുപേരും ഒരുക്കി, ബലി വസ്തുക്കൾ അർപ്പിച്ചു, പ്രാർത്ഥിച്ചു...അങ്ങനെ രണ്ടു പേരും ചെയ്തത് പുറമേ ഒരുപോലെയാണെങ്കിലും, ഹൃദയം കാണുന്ന കർത്താവ് ഹാബേലിന്റെ ഹൃദയം നിറഞ്ഞ ആത്മാർത്ഥതയും, സ്നേഹവും നിറഞ്ഞ കാഴ്ചകൾ സ്വീകരിച്ചു. ഇന്നും, വി.കുർബ്ബാനയിൽ സംബന്ധിക്കുന്ന, ബലിയർപ്പിക്കുന്ന സമൂഹം ബാഹ്യമായി എല്ലാകാര്യങ്ങളും ഒരുപോലെ ചെയ്യുന്നതായി കാണപ്പെടുമ്പോഴും സ്വർഗ്ഗത്തിന് സ്വീകാര്യമാകുന്നത് ഹൃദയം നിറഞ്ഞ സ്നേഹത്തോടെ ആത്മാർത്ഥമായ

www.malankaralibrary.com

പ്രാർത്ഥനകളും അർപ്പണങ്ങളുമാണെന്ന സത്യം എന്നെ ഓർമ്മപ്പെടുത്തുന്നു. ഹാബേലിന്റെ ബലി - അധരങ്ങളല്ല, ഹൃദയമാണല്ലോ പ്രാർത്ഥിക്കേണ്ടത്.!

**നോഹയുടെ ബലി:-** ഏതാണ്ട് പതിനൊന്ന് മാസക്കാലം ഒഴുകിനടന്ന ശേഷം പെട്ടകം അറാറത്ത് പർവ്വതത്തിൽ ഉറച്ചപ്പോൾ നോഹക്ക് അടിയന്തിരമായി ചെയ്യേണ്ട പല കാര്യങ്ങളും ഉണ്ടായിരുന്നിരിക്കണം. ദീർഘകാലത്തിനു ശേഷം ഉണങ്ങിയ നിലത്തിറങ്ങിയ നോഹ പക്ഷേ ആദ്യം ചെയ്തത്, തന്റെ ദൈവത്തിന് ബലിപീഠം പണിത് ബലിയർപ്പിക്കുകയായിരുന്നു. ജീവിതത്തിന്റെ തിരക്കിലും, വ്യഗ്രതയിലും ഞാൻ തിരിച്ചറിയണം, ഇതിനെല്ലാം മുകളിലാണ്, ഉപരിയാണ് എല്ലാത്തിലും പ്രധാന്യമർഹിക്കുന്നതാണ് എന്റെ ദൈവത്തിന് ബലിയർപ്പിക്കുക എന്നത്. വി.കുർബ്ബാനയുടെ പ്രാധാന്യത്തെയും, പ്രഥമ സ്ഥാനീയതയെയും ബോധപൂർവ്വം ഉൾക്കൊണ്ട് കൊണ്ട് ബലിയർപ്പിക്കുന്നവരായി നമുക്കുമാറാം.

**അബ്രഹാമിന്റെ ബലി:-** അനുസരണയുടെ,വിധേയത്വത്തിന്റെ ദൈവാശ്രയത്തിന്റെ ബലിയായിരുന്നു അത്. തന്റെ വാർദ്ധക്യത്തിലെ സന്തോഷം; ഏക ആശ്രയം; കർത്താവ് വാഗ്ദാനം ചെയ്തതുപോലെ കടൽത്തീരത്തെ മണൽതരികൾ പോലെ, ആകാശത്തിലെ നക്ഷത്രങ്ങൾ പോലെ വലിയൊരു ജനതതിയുടെ ഇങ്ങേ അറ്റത്തെ കണ്ണി; ഇതൊന്നും അബ്രഹാമിന്, ഇസഹാക്കെന്ന പ്രിയ പുത്രനെ ബലിയർപ്പിക്കുന്നതിന് ഒരു തടസ്സമായി തോന്നിയില്ല. ദൈവം ആവശ്യപ്പെട്ടു താനത് നിവർത്തിക്കുന്നു. എന്തിനെന്ന് മറുത്തൊരു ചോദ്യവുമില്ല. പൂർണ്ണ വിധേയത്വം, പൂർണ്ണ അനുസരണം, പൂർണ്ണ സമർപ്പണം, ഒപ്പം ദൈവത്തിലുള്ള വിശ്വാസവും, ആശ്രയ ബോധവും. അബ്രഹാമിന്റെ ഈ അർപ്പണ ബോധവും, അനുസരണയുമാണ് അനുഗ്രഹങ്ങൾക്ക് കാരണമായതെന്ന് വിശുദ്ധ ഗ്രന്ഥം പഠിപ്പിക്കുന്നു.

www.malankaralibrary.com

മേൽപ്പറഞ്ഞ നാല് വരികളിലൂടെ സഭാപിതാക്കൻമാർ നമ്മെ ഓർമ്മപ്പെടുത്തുന്നു. എന്റെ ബലിയർപ്പണവും ഹാബേലിനെപ്പോലെ ഹൃദയത്തിന്റെ ആഴങ്ങളിൽ നിന്ന്, നോഹയെപ്പോലെ സർവ്വ പ്രധാനമായത് എന്ന ബോധ്യത്തോടെ, അബ്രഹാത്തെ പോലെ പൂർണ്ണ സമർപ്പണത്തോടെ, അനുസരണയോടെ, ദൈവത്തിൽ പൂർണ്ണ ആശ്രയം വെച്ച് കൊണ്ടായിരിക്കണം എന്ന്.

വീണ്ടും രണ്ട് ഗീതികളിലും പൊതുവായി കാണുന്ന മറ്റ് നാല് വരികളാണ് പരേതരായ വിശ്വാസികളെ ഓർമ്മിച്ചുകൊണ്ടുള്ള 'കർത്താവേ നിൻ രക്തശരീരങ്ങൾ കൈകൊണ്ട' എന്ന് തുടങ്ങുന്ന വരികൾ.

അന്ത്യോക്യൻ സുറിയാനി ആരാധനക്രമത്തിന്റെ ഒരു സവിശേഷതയാണിതെന്ന് പറയാം. നമ്മുടെ മൺമറഞ്ഞ പിതാക്കൻമാർക്കുവേണ്ടി/ പൂർവ്വികരായ വിശ്വാസികൾക്കു വേണ്ടിയുള്ള പ്രാർത്ഥനകൾ. മലങ്കര ആരാധന ക്രമത്തിലെ ഏതാണ്ടെല്ലാം പേജുകളിലും മരിച്ച വിശ്വാസികളെ അനുസ്മരിക്കുന്ന ഒരു പ്രാർത്ഥനയെങ്കിലും കാണാനാകും. ഇത് എനിക്കും നൽകുന്നത് വലിയൊരു ഉറപ്പാണ് എന്റെ മരണശേഷവും, ലോകമുള്ളിടത്തോളം കാലം നമ്മുടെ കർത്താവിന്റെ മഹത്വമേറിയ 2-ാം ആഗമനം വരെയും, ഓരോ ബലിയർപ്പണത്തിലും ഞാനും അനുസ്മരിക്കപ്പെടും, എനിക്കുവേണ്ടിയും പ്രാർത്ഥനകൾ ഉയരും. വി. കുർബാനയുടെ ഒരുക്ക ശുശ്രൂഷ ഇവിടെ അവസാനിക്കുന്നു.

www.malankaralibrary.com

## വചന ശുശ്രൂഷ



"അങ്ങയുടെ വചനം എന്റെ പാദത്തിനു വിളക്കും പാതയിൽ പ്രകാശവുമാണ് "(സങ്കീ 119:105)

"അവരെ അങ്ങ് സത്യത്താൽ വിശുദ്ധീകരിക്കണമേ! അവിടുത്തെ വചനമാണ് സത്യം" (യോഹ.17:17)

"ദൈവത്തിന്റെ വചനം സജീവവും ഊർജസ്വലവുമാണ്; ഇരുതലവാളിനെക്കാൾ മൂർച്ചയേറിയതും, ചേതനയിലും, ആത്മാവിലും, സന്ധിബന്ധങ്ങളിലും, മജ്ജയിലും തുളച്ച് കയറി ഹൃദയത്തിന്റെ വിചാരങ്ങളെയും നിയോഗങ്ങളെയും വിവേചിക്കുന്നതുമാണ്". (ഹെബ്രായർ 4:12)

www.malankaralibrary.com

വി. കുർബ്ബാനയുടെ പരസ്യ ശുശ്രൂഷ തുടങ്ങുമ്പോൾ തന്നെ പരിശുദ്ധ ദൈവമാതാവിന്റെയും, സ്നാപക യോഹന്നാന്റെയും മദ്ധ്യസ്ഥം തേടുന്നു. യേശുവിന്റെ ജനനത്തിന് സവിശേഷമായ രീതിയിൽ വഴിയൊരുക്കാൻ ദൈവീക പദ്ധതിയോട് സഹകരിച്ചവരാണല്ലോ ഇവർ.

ദൈവജനം പരസ്യശുശ്രൂഷയിൽ ആദ്യമായി ചൊല്ലുന്ന പ്രാർത്ഥനയാണ് "സ്വഭാവ പ്രകാരം മരണമില്ലാത്തവനും......" എന്നു തുടങ്ങുന്നത്. നമ്മുടെ രക്ഷക്കായി ജന്മമെടുത്ത യേശുവിനെ സ്തുതിക്കുന്ന ഒരു പ്രാർത്ഥനയാണിത്. ഒപ്പം യേശു ആരാണ്? അവനെന്തിനായി ജന്മമെടുത്തു? അവിടുത്തെ ജീവിത ലക്ഷ്യമെന്ത്? ഇങ്ങനെയുള്ള കാര്യങ്ങൾ ചുരുങ്ങിയ വാക്കുകളിൽ കൃത്യമായ ദൈവ ശാസ്ത്ര അവബോധത്തോടെ ഞാൻ നടത്തുന്ന ഒരു വിശ്വാസ പ്രഖ്യാപനവും, യാചനയും ആണ് ഈ പ്രാർത്ഥന. അവൻ മരണമില്ലാത്തവൻ, മനുഷ്യവർഗം മുഴുവന്റെയും രക്ഷകൻ, കന്യകയിൽ നിന്നും ജനിച്ചവൻ, കുരിശിൽ തറയ്ക്കപ്പെട്ടവൻ, സ്വർഗ്ഗീയ പിതാവിന്റെ ഏകപുത്രൻ, വചനം, രാജാവ് ഇതെല്ലാമാണ് യേശു എന്ന് ഞാനേറ്റു പറയുന്നു. ഒപ്പം ഞങ്ങളോട് കരുണയായിരിക്കേണമേ എന്ന് അപേക്ഷിക്കുകയും ചെയ്യുന്നു.

ആഘോഷമായ വി. കുർബ്ബാനയിൽ നടത്തപ്പെടുന്ന വി. ത്രോണോസ് (നമ്മുടെ കർത്താവിന്റെ സിംഹാസനം - Throne എന്ന ഇംഗ്ലീഷ് വാക്കിൽ നിന്നാണ് ത്രോണോസ് എന്ന പദം ഉണ്ടാകുന്നത്. ഇതാണ് കൃപയുടെ സിംഹാസനം. ഹെബ്രാ. 4: 16 ൽ നാം കാണുന്നു. "വേണ്ട സമയത്ത് കരുണയും, കൃപവരവും ലഭിക്കുന്നതിനായി, നമുക്ക് പ്രത്യാശയോടെ കൃപാവരത്തിന്റെ സിംഹാസനത്തെ സമീപിക്കാം".) ചുറ്റി നടത്തപ്പെടുന്ന പ്രദിക്ഷണത്തിൽ മെഴുകുതിരിയുമായി മുമ്പേ പോകുന്ന പ്രധാന

www.malankaralibrary.com

വി. കുർബ്ബാനയുടെ പരസ്യ ശുശ്രൂഷ തുടങ്ങുമ്പോൾ തന്നെ പരിശുദ്ധ ദൈവമാതാവിന്റെയും, സ്നാപക യോഹന്നാന്റെയും മദ്ധ്യസ്ഥം തേടുന്നു. യേശുവിന്റെ ജനനത്തിന് സവിശേഷമായ രീതിയിൽ വഴിയൊരുക്കാൻ ദൈവീക പദ്ധതിയോട് സഹകരിച്ചവരാണല്ലോ ഇവർ.

ദൈവജനം പരസ്യശുശ്രൂഷയിൽ ആദ്യമായി ചൊല്ലുന്ന പ്രാർത്ഥനയാണ് "സ്വഭാവ പ്രകാരം മരണമില്ലാത്തവനും......" എന്നു തുടങ്ങുന്നത്. നമ്മുടെ രക്ഷക്കായി ജന്മമെടുത്ത യേശുവിനെ സ്തുതിക്കുന്ന ഒരു പ്രാർത്ഥനയാണിത്. ഒപ്പം യേശു ആരാണ്? അവനെന്തിനായി ജന്മമെടുത്തു? അവിടുത്തെ ജീവിത ലക്ഷ്യമെന്ത്? ഇങ്ങനെയുള്ള കാര്യങ്ങൾ ചുരുങ്ങിയ വാക്കുകളിൽ കൃത്യമായ ദൈവ ശാസ്ത്ര അവബോധത്തോടെ ഞാൻ നടത്തുന്ന ഒരു വിശ്വാസ പ്രഖ്യാപനവും, യാചനയും ആണ് ഈ പ്രാർത്ഥന. അവൻ മരണമില്ലാത്തവൻ, മനുഷ്യവർഗം മുഴുവന്റെയും രക്ഷകൻ, കന്യകയിൽ നിന്നും ജനിച്ചവൻ, കുരിശിൽ തറയ്ക്കപ്പെട്ടവൻ, സ്വർഗ്ഗീയ പിതാവിന്റെ ഏകപുത്രൻ, വചനം, രാജാവ് ഇതെല്ലാമാണ് യേശു എന്ന് ഞാനേറ്റു പറയുന്നു. ഒപ്പം ഞങ്ങളോട് കരുണയായിരിക്കേണമേ എന്ന് അപേക്ഷിക്കുകയും ചെയ്യുന്നു.

ആഘോഷമായ വി. കുർബ്ബാനയിൽ നടത്തപ്പെടുന്ന വി. ത്രോണോസ് (നമ്മുടെ കർത്താവിന്റെ സിംഹാസനം - Throne എന്ന ഇംഗ്ലീഷ് വാക്കിൽ നിന്നാണ് ത്രോണോസ് എന്ന പദം ഉണ്ടാകുന്നത്. ഇതാണ് കൃപയുടെ സിംഹാസനം. ഹെബ്രാ. 4: 16 ൽ നാം കാണുന്നു. "വേണ്ട സമയത്ത് കരുണയും, കൃപവരവും ലഭിക്കുന്നതിനായി, നമുക്ക് പ്രത്യാശയോടെ കൃപാവരത്തിന്റെ സിംഹാസനത്തെ സമീപിക്കാം".) ചുറ്റി നടത്തപ്പെടുന്ന പ്രദിക്ഷണത്തിൽ മെഴുകുതിരിയുമായി മുമ്പേ പോകുന്ന പ്രധാന

www.malankaralibrary.com

ശുശ്രൂഷകൻ സ്നാപകയോഹന്നാനെയും, തിരുവസ്ത്രങ്ങൾ ധരിച്ച പുരോഹിതൻ, പരസ്യമായി പ്രത്യക്ഷപ്പെടുന്ന യേശുവിനെയും പിന്നാലെ പോകുന്ന ശുശ്രൂഷകർ അപ്പോസ്തോലൻമാരെയും സൂചിപ്പിക്കുന്നു.

വി.മദ്ബഹാ ബേത്‌ലഹേം ഗോശാലയായും, വി.ത്രോണാസ് പരിശുദ്ധ മാതാവിന്റെ മടിത്തട്ടായും, അപ്പവും വീഞ്ഞും ഉണ്ണീയേശു ആയും കാസായും, പീലാസായും മൂടിയിരിക്കുന്ന ശോശപ്പാ ഉണ്ണീശോയെ പുതപ്പിച്ചരുന്ന പിള്ളക്കച്ചയായും പരിഗണിക്കപ്പെടുന്നു.

ഗാനാലാപം സ്വർഗ്ഗീയ മാലാഖമാരുടെ കീർത്തനങ്ങളായും, വൈദീകൻ ത്രോണോസ് മുത്തുന്നത് രാജാക്കന്മാരും ആട്ടിടയൻന്മാരും വന്ന് ഉണ്ണീശോയെ വണങ്ങുന്നതിനും തുല്യം. ഒപ്പം പുരോഹിതൻ ഉണ്ണീശോയെ ആലിംഗനം ചെയ്ത് ബലി അർപ്പിക്കാൻ വേണ്ടതായ പ്രത്യേക അനുഗ്രഹങ്ങൾ പ്രാപിക്കുന്നതിനെയും സൂചിപ്പിക്കുന്നു.

## ത്രൈ ശുദ്ധ കീർത്തനം (ദൈവമേ നീ പരിശുദ്ധനാകുന്നു... എന്ന പ്രാർത്ഥന)

മനുഷ്യവതാരം ചെയ്ത യേശുവിനോടുള്ള ആദരവും, ആരാധനയും പ്രകടിപ്പിക്കുകയും, ദൈവത്തിന്റെ പരമമായ വിശുദ്ധിയെയും, അമർത്യതയെയും, ശക്തിയെയും ഏറ്റു പറയുകയും ചെയ്യുകയാണ് ഈ പ്രാർത്ഥനയിലൂടെ ഏശയ്യാ പ്രവാചനത്തിൽ നിന്നും എടുത്തിട്ടുള്ള 'പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ' എന്നുള്ള മാലാഖാ കീർത്തനത്തിന് (ഏശയ്യാ 6:3) പ്രത്യുത്തരമായി വിശ്വാസികളുടെ സമൂഹം ഞങ്ങൾക്ക് വേണ്ടി ക്രൂശിക്കപ്പെട്ടവനേ, ഞങ്ങളോട് കരുണ ചെയ്യേണമേ എന്ന് ചൊല്ലുന്നു.

ഇത് ഒരു വിശുദ്ധ പാരമ്പര്യം കൂടെയാണ് (സഭ എഴുതപ്പെട്ട വചനമായ ബൈബിളിനെയും വിശുദ്ധ പാരമ്പര്യങ്ങളേയും

www.malankaralibrary.com

തുല്യ പ്രാധാന്യത്തോടെ കാണുന്നു.) AD 45 ലെ കൽക്കദോനിയാ സൂന്നഹദോസിൽ ഇത് ആലപിച്ചിരുന്നത്രേ. ഈ പ്രാർത്ഥനക്ക് പിന്നിലുള്ള വി. പാരമ്പര്യം ഇപ്രകാരമാണ്; യേശുവിന്റെ കുരിശിൻചുവട്ടിലാണ് ഇതാരംഭിച്ചത്. ക്രൂശിൻ ചുവട്ടിൽ നിക്കോദേമോസ് നിൽക്കുമ്പോൾ, ചിലർ യേശു വഞ്ചകനാണെന്നും, ദൈവദൂഷകനാണെന്നും പറഞ്ഞ് കൊണ്ട് പരിഹസിക്കുന്നതായി കേട്ടു. ഈ സമയം സ്വർഗ്ഗത്തിൽ മാലാഖമാർ പാടി "ദൈവമേ നീ പരിശുദ്ധനാകുന്നു". മറ്റൊരു കൂട്ടർ 'ശക്തിയുണ്ടെങ്കിൽ കുരുശിൻ നിന്നും ഇറങ്ങി വരിക' എന്ന് യേശുവിനെ വെല്ലുവിളിക്കുന്നു. അപ്പോൾ മാലാഖാമ്മാർ സ്വർഗ്ഗത്തിൽ നിന്നും പാടി "ബലവാനെ നീ പരിശുദ്ധനാകുന്നു". മറ്റുള്ളവരെ രക്ഷിക്കാൻ നടന്നവൻ എന്തുകൊണ്ട് സ്വയം രക്ഷിക്കുന്നില്ല എന്ന പരിഹാസത്തിന് പ്രത്യുത്തരമായി മാലാഖാമ്മാർ പാടി "മരണമില്ലാത്തവനെ നീ പരിശുദ്ധനാകുന്നു". ഈ പരിഹാസങ്ങളും പ്രത്യുത്തരങ്ങളും കേട്ടുകൊണ്ടു നിന്ന നിക്കോദേമോസ് വിശ്വസികളുടെ നാമത്തിൽ "ഞങ്ങൾക്കുവേണ്ടി ക്രൂശിക്കപ്പെട്ടവനെ ഞങ്ങളെ അനുഗ്രഹിക്കണമേ" എന്നു പ്രാർത്ഥിച്ചു.

(കൽദായ സുറിയാനി റീത്തിലെ "പരിശുദ്ധനായ ദൈവമേ പരിശുദ്ധനായ ബലവാനേ, പരിശുദ്ധനായ അമർത്യനേ ഞങ്ങളെ അനുഗ്രഹിക്കേണമേ" എന്ന പ്രാർത്ഥനയും ഇതു തന്നെയാണ്.)


www.malankaralibrary.com

## വിശുദ്ധ ഗ്രന്ഥവായനകൾ

മനുഷ്യൻ അപ്പം കൊണ്ട് മാത്രമല്ല, ദൈവത്തിന്റെ നാവിൽ നിന്നും പുറപ്പെടുന്ന ഓരോ വാക്കു കൊണ്ടുമാണ് ജീവിക്കുന്നത്. (മത്തായി 4:4)

ജാതി മതഭേദമന്യേ ഏവർക്കും സ്വീകരിക്കാവുന്ന ദിവ്യകാരുണ്യമാണ് ദൈവം വചനം.

(വാഴ്ത്തപ്പെട്ട ജോൺ പോൾ 2-ാമൻ മാർപ്പാപ്പ.)



www.malankaralibrary.com

# അദ്ധ്യായം-3

## വിശുദ്ധ ഗ്രന്ഥ വായനകൾ

പ്രബോധനപരമായ ഈ ഭാഗം, നമ്മുടെ കർത്താവിന്റെ പരസ്യശുശ്രൂഷയുടെയും, പ്രബോധനങ്ങളുടെയും സൂചനയാണ്. രക്ഷകനായ മിശിഹായെ സ്വീകരിക്കാനായി പഴയ നിയമ ജനതയെ ഒരുക്കിയതുപോലെ മിശിഹായെ ഹൃദയത്തിലേക്ക് സ്വീകരിക്കാനായി ആരാധനാ സമൂഹത്തെ ഒരുക്കുക എന്നതാണ് ഈ വായനകളിലൂടെ സഭ ലക്ഷ്യമാക്കുന്നത്.

പഴയനിയമ വായനകൾ ഹൈക്കലയിൽ നിന്നും, ലേഖന വായന മദ്ബഹായുടെ ഒരു പടി താഴെ നിന്നും, സുവിശേഷ വായന വി. മദ്ബഹായിൽ നിന്നുമാണ് നടത്തപ്പെടുന്നത്. ഓരോ വായനയുടെയും പ്രധാന്യമനുസരിച്ചാണ് ഈ ക്രമം പാലിക്കുന്നത്.

വി. കുർബ്ബാന മദ്ധ്യേ വൈദികൻ സുവിശേഷം വായിക്കുകയും, വ്യാഖ്യാനിക്കുകയും ചെയ്യുമ്പോൾ, യഥാർത്ഥത്തിൽ കർത്താവായ യേശുക്രിസ്തു തന്നെ സംസാരിക്കുന്നു എന്ന രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ പ്രബോധനം ഇവിടെ ഓർക്കേണ്ടതാണ്. അതുകൊണ്ടുതന്നെ മറ്റേതൊരു സുവിശേഷ പ്രഘോഷണത്തിനും മുകളിലാണ് വി.കുർബ്ബാന മദ്ധ്യേ വൈദികൻ നടത്തുന്ന വചനവായനയും, വിശദീകരണവും.

വചനത്താൽ ജ്വലിക്കുന്ന ഹൃദയത്തോടെ അപ്പം മുറിക്കുമ്പോഴാണ്, അപ്പത്തിൽ ഈശോയെ തിരിച്ചറിയാനാകുന്നത്- എന്ന് ലൂക്കാ സുവിശേഷകൻ 24-ാം അദ്ധ്യായം 13 തുടങ്ങുന്ന തിരുവചനങ്ങളിൽ എമ്മാവൂസിലേക്ക് പോയ ശിഷ്യരുടെ അനുഭവത്തിലൂടെ പഠിപ്പിക്കുന്നു.

സുവിശേഷ വായനയ്ക്ക് മുമ്പായി ശുശ്രൂഷകൻ ഓർമ്മപ്പെടുത്തുന്നുണ്ട് "ദൈവത്തിന്റെ ജീവനുള്ള വചനങ്ങൾ, ആദരവോടും ഭക്തിയോടും കൂടെ നാം ശ്രദ്ധിച്ച് കേൾക്കണം" എന്ന്.വചനം ദൈവമാണ് (യോഹ: 1:1)

www.malankaralibrary.com

അയോഗ്യനായ എനിക്ക് ലഭിക്കുന്ന വലിയ ദൈവീക ദാനമാണ് ജീവനുള്ള ദൈവവചനം. അത് വേണ്ടവിധം ഹൃദയത്തിൽ സംഗ്രഹിക്കുവാൻ, ജീവിതത്തിൽഫലം പുറപ്പെടുവിക്കാൻ, ദൈവമേ നീ ഞങ്ങളെ യോഗ്യരാക്കി തീർക്കേണമേ എന്നാണ് വിശ്വാസികൾ നൽകുന്ന പ്രത്യുത്തരം ("ദൈവമായ കർത്താവേ, അതിനു ഞങ്ങളെ യോഗ്യരാക്കി തീർക്കേണമേ!)

വി. കുർബ്ബാന സ്വീകരിക്കുമ്പോഴുള്ള അതേ മനോഭാവത്തോടെ, എളിമയോടെ, വലിയ സ്നേഹത്തോടെയും, ആഗ്രഹത്തോടും വേണം സുവിശേഷം / ലേഖനങ്ങൾ എന്നിവ ശ്രവിക്കാൻ.

അന്ത്യോക്യൻ ആരാധനക്രമത്തിലെ ആദ്യത്തെ സമാധാന ആശംസ പുരോഹിതൻ നൽകുന്നു. മറ്റുള്ള സമാധാനാശംസകൾ എല്ലാംതന്നെ കർമ്മികൻ കർത്താവിന്റെ തിരുശരീരരക്തങ്ങളിലോ തബലീത്താ (വി. ത്രോണോസിന്റെ മുകളിൽ വയ്ക്കുന്ന തടികൊണ്ടുള്ള ചെറിയ ബലിപീഠം. ഇതിൽ മേലാണ് കാസായും പീലാസായും വയ്ക്കുന്നത്. ബലിയർപ്പണം ഇതിൻമേൽ നടക്കുന്നതിനാൽ വി. സ്ളീബായായും ഈ ചെറിയ ബലിപീഠത്തെ (തബലീത്ത) മനസിലാക്കുന്നുണ്ട്. അതുകൊണ്ടാണ് മലങ്കരയിൽ ഇത് തടികൊണ്ട് മാത്രം ഉണ്ടാക്കുന്നത്) യിലോ ഇടതുകരം തൊട്ടുകൊണ്ട് വലതുകരം കൊണ്ട് ആശിർവാദം നൽകുമ്പോൾ, സുവിശേഷ വായനയ്ക്ക് മുമ്പും പിമ്പും ഉള്ള മൂന്ന് ആശീർവാദങ്ങൾ വി. ഗ്രന്ഥത്തെ തൊട്ടുകൊണ്ടാണ് നൽകുന്നത്. ഇത് വീണ്ടും ദൈവവചനത്തിന്റെ പ്രാധാന്യം നമ്മുടെ കർത്താവിന്റെ തിരുശരീരരക്തങ്ങളോളം ഉണ്ടെന്നതിനെ സമർത്ഥിക്കുന്നു.

വിശ്വാസികളുടെ സമൂഹം 'അങ്ങയുടെ ആത്മാവിനും ഉണ്ടായിരിക്കട്ടെ' എന്ന് ഓരോ സമാധാന ആശംസക്കും പ്രത്യുത്തരിക്കുന്നു. പുരോഹിതൻ തിരുപ്പട്ട സ്വീകരണത്തിലൂടെ പ്രത്യേക അഭിഷേകമായി പ്രാപിച്ചിട്ടുള്ള, തന്നിൽ നിറഞ്ഞു നിൽക്കുന്ന ദൈവാരൂപി അദ്ദേഹത്തിൽ സമാധാനത്തിൽ, രമ്യതയിൽ ആയിരിക്കട്ടെ എന്നാണ് ഈ പ്രത്യുത്തരത്തിന്റെ

www.malankaralibrary.com

പൊരുൾ. കാരണം തന്നിൽ വസിക്കുന്ന ദൈവാരൂപിയുമായി പുരോഹിതൻ സമാധാനത്തിൽ വസിച്ചാൽ അത് തിരുസഭയ്ക്ക് മുഴുവനും നന്മയും, വളർച്ചയും, അല്ലാത്ത പക്ഷം ഇടർച്ചയും ഉണ്ടാക്കും.

രണ്ടാമെതൊരിക്കൽ കൂടി ജനത്തെ വൈദികൻ ആശീർവദിക്കുന്നു. തലവണങ്ങി കുരിശ് വരച്ച് ഞാൻ ഓരോ ആശീർവാദവും അനുഭവിക്കണം.

തങ്ങൾ കേൾക്കാൻ പോകുന്ന ദൈവവചനത്തിലുള്ള വിശ്വാസം, ദൈവജനം ഏറ്റു പറയുന്നതാണ് "അങ്ങനെ വിശ്വസിച്ച് ഞങ്ങൾ ഏറ്റു പറയുന്നു" എന്ന പ്രഖ്യാപനം തുടർന്ന് പുരോഹിതൻ സുവിശേഷം അവതരിപ്പിക്കുന്നു. യേശുവിന്റെ തന്നെ വാക്കുകൾ ആയിട്ടാണ് സുവിശേഷത്തെ ക്രിസ്തീയ പാരമ്പര്യം കാണുന്നത്. യേശുവിന്റെ വാക്കുകൾ, പുരോഹിതന്റെ നാവിലൂടെ ഞാൻ കേൾക്കുന്നതാണ് സുവിശേഷം. ഉദ്ത്ഥിതനായ ക്രിസ്തുവുമായുള്ള കണ്ടുമുട്ടലാണ് അത്. യേശുവാണ് നിൽക്കുന്നതെന്ന സത്യത്തെ വ്യക്തമാക്കുന്നതാണ് സുവിശേഷ വായനക്ക് മുമ്പും, ശേഷവും നൽകപ്പെടുന്ന സമാധാനാശംസകൾ.

സുവിശേഷവും ലേഖനവും വായിച്ച് കേൾക്കുമ്പോൾ ഞാനത് ഏറെ ശ്രദ്ധാപൂർവ്വം ശ്രവിക്കണം. ആരുടെ സുവിശേഷമെന്ന്/ ആർക്കെഴുതിയ ലേഖനമെന്ന് ഓർക്കാൻ ശ്രമിക്കുക പിന്നീട് വായിച്ചു കേട്ടതിലെ എന്റെ മനസിനെ സ്പർശിക്കുന്ന വചനം (അതിന്റെ ഉൾക്കാമ്പ് എങ്കിലും) ഓർത്തുവയ്ക്കാൻ ശ്രമിക്കണം. വീട്ടിലെത്തിയ ശേഷം ആ വചനഭാഗം കണ്ടുപിടിക്കാനും, ഏകാന്തതയിൽ അത് ധ്യാനാത്മകമായി വായിക്കാനും ശ്രദ്ധിക്കണം. അപ്പോഴാണ്, ഞാൻ കേട്ട വചനത്തിലൂടെ വ്യക്തിപരമായിഎന്റെ ദൈവം എന്നോട് എന്താണ് സംസാരിക്കുന്നത് എന്ന് ഞാൻ തിരിച്ചറിയുന്നത്. അടുത്ത തവണ വി. കുർബ്ബാനയിൽ പങ്കെടുക്കുന്നതിനു മുമ്പായി ഇങ്ങനെ തലേ പ്രാവശ്യം കേട്ട വചനങ്ങൾ ഒരിക്കലെങ്കിലും ആഴമായി വായിച്ച് ധ്യാനിച്ചിരിക്കണം. വി. ഗ്രന്ഥത്തെ കൂടുതൽ ആഴത്തിൽ,

www.malankaralibrary.com

അടുത്തറിയാനും ഇത് സഹായിക്കും. എന്റെ അനുദിന ജീവിതത്തിനും, നിത്യജീവനും വേണ്ട മാർഗരേഖകളാണ് ഞാൻ കേൾക്കുന്ന ദൈവവചനം. അത് സ്നേഹമാണ്, ശക്തിയാണ്, വഴികാട്ടിയാണ്.

സുവിശേഷ വായനയ്ക്ക് ശേഷം ആരാധാനക്രമ മത്സരത്തിലെ ദിനമനുസരിച്ച് ഗീതം ആലപിക്കുന്നു. (വ്യത്യസ്തങ്ങളായ കാലങ്ങളിലെ ഗീതങ്ങൾ ആരാധനാക്രമത്തിൽ ചേർത്തിരിക്കുന്നു).


ഈ സമയത്ത് പുരോഹിതൻ ബലിപീഠത്തിലേക്ക് മടങ്ങി, സഭ ശ്രവിച്ച ദൈവ വചനത്തെ പ്രതി നന്ദി പറയുന്നു. പൗരസ്ത്യ ദൈവശാസ്ത്രത്തിന്റെ ഗഹനമായ സൗന്ദര്യം കാണാം ഈ നന്ദി പ്രകാശത്തിൽ ഞങ്ങൾക്ക് നൽകിയ ജീവദായകമായ വചനങ്ങൾക്ക് വേണ്ടി കർത്താവീശോ മിശിഹാക്കും, 'ഞങ്ങളുടെ രക്ഷയ്ക്കുവേണ്ടി അവനെ അയച്ച പിതാവിനും, ഞങ്ങൾക്ക് ജീവൻ നൽകുന്ന, ജീവനുള്ള പരിശുദ്ധാത്മാവിനും ഇപ്പോഴും എന്നേക്കും സ്തുതിയും, സ്തോത്രവും ആരാധനയും ഉണ്ടായിരിക്കട്ടെ! ആമേൻ!' എന്നാണ് വൈദികൻ രഹസ്യമായി പ്രാർത്ഥിക്കുന്നത്.

തുടർന്ന് സുവിശേഷ വിശദീകരണം നടത്തപ്പെടുന്നു. അതിനുശേഷം ശുശ്രൂഷകൻ "ബാറെക്മോർ സ്തൗമൻകാലൊസ് എന്ന് പ്രഖ്യാപിക്കുന്നു. 'ബാറെക്മോർ' എന്ന വാക്കിന് 'നാഥാ അനുഗ്രഹിച്ചാലും' എന്നും 'സ്തൗമൻ കാലൊസ്' എന്നതിന് 'നമുക്ക് നന്നായി നിൽക്കാം' എന്നുമാണ് അർത്ഥം. അതിനു പ്രത്യുത്തരമായി ദൈവജനം പറയുന്നു. "കുറിയേലായ്സോൻ" 'കർത്താവേ ഞങ്ങളോട് കരുണ ചെയ്യേണമേ' എന്നർത്ഥം.

ദൈവ സന്നിധിയിൽ ഒന്നു നന്നായി നിൽക്കാൻ പോലും അവിടുന്ന് നമ്മെ സഹായിക്കണം. പൂർണ്ണമായ ദൈവാശ്രയത്വമാണ് നാം ഇവിടെ കാണിക്കുന്നത്.

www.malankaralibrary.com

## പാപപരിഹാര പ്രാർത്ഥനകൾ



എല്ലാവരും പാപം ചെയ്ത് ദൈവമഹത്വത്തിന് അയോഗ്യരായി. അവർ അവിടുത്തെ കൃപയാൽ, യേശുക്രിസ്തു വഴിയുള്ള വീണ്ടെടുപ്പിലൂടെ സൗജന്യമായി നീതികരിക്കപ്പെടുന്നു.

(റോമാ 3.24)

കാരുണ്യത്തിന്റെ പിതാവാണ് എല്ലാ ക്ഷമിക്കലിന്റെയും ഉറവിടം. അവിടുന്ന് തന്റെ പുത്രന്റെ പെസഹായിലൂടെയും പരിശുദ്ധാത്മാവിന്റെ ദാനത്തിലൂടെയും സഭയുടെ പ്രാർത്ഥനയും ശുശ്രൂഷയും വഴിയും പാപികളുടെ അനുരഞ്ജനം സാക്ഷാത്കരിക്കുന്നു.

[കത്തോലിക്ക സഭയുടെ മതബോധനഗ്രന്ഥം : 1449]

www.malankaralibrary.com

# അദ്ധ്യായം - 4

## പാപപരിഹാര പ്രാർത്ഥനകൾ

പാപക്ഷമ ലഭിക്കാതെ വിശുദ്ധ രഹസ്യങ്ങളെ സമീപിക്കുക സാധ്യമല്ല. അതിനാൽ ബലിയുടെ മർമ്മ പ്രധാനമായ ഭാഗങ്ങളിലേക്ക് കടക്കുന്നതിനുമുമ്പ് (പ്രുമിയോൻ എന്നും സെദറാ എന്നുമുള്ള പാപ പരിഹാര പ്രാർത്ഥനകൾ നടത്തപ്പെടുന്നു. ആരാധനാ സമൂഹത്തിന് വൈദികൻ പൊതുവായ പാപമോചനം ആശംസിക്കുകയും, ദൈവ തിരുമുമ്പിൽ ജനത്തിനുവേണ്ടി പാപമോചനം യാചിക്കുകയും ചെയ്യുന്ന പ്രാർത്ഥനകൾ ആണിത്. (പുമിയോൻ എന്നാൽ ആമുഖമെന്നും സെദറാ എന്നാൽ ക്രമം, നിര എന്നൊക്കെയാണ് അർത്ഥം.) കർമ്മികൻ, "സ്തുതിയും സ്തോത്രവും......" എന്നു തുടങ്ങുന്ന പ്രാർത്ഥനകൾ അന്ത്യോക്യൻ ആരാധനാ ക്രമത്തിലെ തന്നെ ഏറ്റം ദൈർഘ്യമേറിയതും, ആഴമേറിയതും, സുന്ദരമായ വർണനകൾ നിറഞ്ഞതും, ഹൃദയ സ്പർശിയുമായ പ്രാർത്ഥനകളാണ്. പ്രൗഢമായ വാക്കുകളും ഈ പ്രാർത്ഥനകളെ അനന്യമാക്കുന്നു. ദൈർഘ്യമേറിയ പ്രാർത്ഥനകൾ ആയതിനാൽ ഞാൻ ഏറെ ശ്രദ്ധയോടെ വൈദികന്റെ വാക്കുകളെ ഹൃദയംകൊണ്ട് ഏറ്റുപറഞ്ഞ് ആ പ്രാർത്ഥനകളിൽ പങ്കെടുക്കണം. അശ്രദ്ധ കടന്നുവരാതിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കണം.

ഓരോ പ്രാർത്ഥനകൾക്കും ആമ്മേൻ എന്ന പ്രത്യുത്തരം വ്യക്തമായും ഉച്ചത്തിലും പറയുമ്പോഴാണ് ഞാൻ ഈ പ്രാർത്ഥനകളിൽ ആത്മാർത്ഥമായും പങ്കെടുക്കുന്നത്. അപ്പോൾ മാത്രമാണ് കർമ്മികൻ ആശംസിക്കുന്ന പാപമോചനത്തിന് ഞാൻ അർഹിനായി തീരുന്നത്. (വി. കുമ്പസാരത്തിന് പകരമാകുന്നില്ല. ഈ പ്രാർത്ഥനകൾ എന്നതും ഓർക്കേണ്ടതാണ്.)

ഇപ്രകാരം ശുദ്ധീകരിക്കപ്പെട്ടാണ് വിശ്വാസികൾ വി. കുർബ്ബാനയുടെ ശേഷം ഭാഗങ്ങളിൽ ഭാഗഭാക്കാകുന്നത്. ആദിമ സഭയുടെ ഒരു വിശുദ്ധ പാരമ്പര്യം കൂടിയാണ്. പൊതുവായ പാപമോചനം.

www.malankaralibrary.com

### ധൂപക്കുറ്റി വാഴ്വ്

ത്രീയേക ദൈവത്തിന്റെ പരിശുദ്ധിയും ആ ദൈവത്തിലുള്ള വിശ്വാസവും ദൈവജനത്തിനുവേണ്ടി വൈദികൻ ഏറ്റുപറയുന്നു. വളരെ ആഘോഷമായും പ്രതീകാത്മകമായും നടത്തപ്പെടുന്ന ഒരു ശുശ്രൂഷയാണിത്. ധൂപക്കുറ്റി സഭയുടെയും ലോകത്തിന്റേയും പ്രതീകമാണ്. സഭയുടെയും ലോകത്തിന്റേയും ശുദ്ധീകരണത്തെ ധൂപക്കുറ്റി വാഴ്വ് സൂചിപ്പിക്കുന്നു.

ധൂപക്കുറ്റിയുടെ താഴെതട്ട് ഭൂമിയായും, മുകൾതട്ട് സ്വർഗ്ഗമായും പരിഗണിക്കപ്പെടുന്നു. ഭൂമിയിൽ നിന്നും പ്രാർത്ഥനയാകുന്ന സുഗന്ധധൂപം സ്വർഗ്ഗത്തിലേക്കുയരുന്നു. ധൂപക്കുറ്റിയിലെ അഗ്നി, പരിശുദ്ധ ദൈവമാതാവിൽ വസിച്ച അഗ്നിയായ പുത്രൻ തമ്പുരാനെയും, ചങ്ങലയിലെ 72 കണ്ണികൾ (18 X 4) അറിയിപ്പുകാരെയും, 12 മണികൾ അപ്പോസ്തോലൻമാരെയും സൂചിപ്പിക്കുന്നു. 1-ാം ചങ്ങല പിതാവായ ദൈവത്തെയും, 2 ഉം 3 ഉം ചങ്ങലകൾ പുത്രൻതമ്പുരാന്റെ ദൈവീകതയെയും മാനുഷികതെയും, 4-ാം ചങ്ങല പരിശുദ്ധത്മാവിനെയും പ്രതിനിധീകരിക്കുന്നു.

ധൂപ്പക്കുറ്റി വാഴ്ത്തിയശേഷം പുരോഹിതൻ ജനത്തിന് ധൂപം വീശുന്നു. തുടർന്ന് ശുശ്രൂഷകൻ വി. മദ്ബഹായ്ക്കുള്ളിലും, ഹൈക്കലായുടെ അവസാനം വരെയും ധൂപം വീശുന്നു. ദൈവത്തിന് എല്ലാവരോടുമുള്ള കരുണയും, കരുതലും കാണിക്കാനും വൈദികനാൽ വാഴ്ത്തപ്പെട്ട ധൂപത്താൽ ദൈവജനം മുഴുവനും വിശുദ്ധീകരിക്കപ്പെടാനുമാണ് ശുശ്രൂഷകൻ ഹൈക്കലായുടെ അവസാനം വരെയും ധൂപം വീശുന്നത്.

കുറെകാലം മുമ്പുവരെ ഹൈക്കലായുടെ അവസാനം, പടിഞ്ഞാറെ അറ്റത്ത്, മോണ്ടളത്തിൽ എത്തുമ്പോൾ ധൂപവുമായി വരുന്ന ശുശ്രൂഷകൻ വിളിച്ചു പറയുമായിരുന്നു. 'മാമോദീസാ സ്വീകരിച്ചിട്ടില്ലാത്തവർക്ക് പിരിഞ്ഞു പോകാമെന്ന്.' വി. കുർബ്ബാനയുടെ ശേഷം ഭാഗങ്ങൾ വിശ്വാസികളുടെ കുർബ്ബാന (Mass of the faithfull) എന്നാണ് അറിയപ്പെടുന്നത്.

തിരുസഭ ഇന്ന് ഇപ്രകാരം ആരെയും പുറത്താക്കുന്നില്ല. എന്നാൽ ഈ സമയത്ത് ഞാനോർക്കണം. എന്റെ മാമോദീസായിലൂടെ ഞാൻ സ്വീകരിച്ച വിളിക്കനുസരിച്ചുള്ള ജീവിതം നയിക്കാത്ത പക്ഷം, സ്വർഗ്ഗീയ ജെറുസലേമിലെ നിത്യവിരുന്നിൽ

www.malankaralibrary.com

നിന്നും ഞാൻ തിരസ്കൃതനാകും എന്നത്. ഇപ്രകാരം പല തലങ്ങളിലായി വിശ്വാസികളെ വിശുദ്ധീകരിച്ചാണ് ക്രിസ്തുവിന്റെ ശരീരരക്തങ്ങളിലേക്ക് നയിക്കപ്പെടുന്നത് സങ്കീർത്തനങ്ങളാൽ സ്തുതിച്ച് ദൈവ വചനത്താൽ ഹൃദയം ജ്വലിപ്പിച്ച്, പൊതുവായ പാപമോചനം നൽകി, ധൂപത്താൽ വിശുദ്ധീകരിക്കപ്പെട്ട ദൈവജനം കാർമ്മികന്റെ നേതൃത്വത്തിൽ തങ്ങളുടെ വിശ്വാസം ഉച്ചസ്വരത്തിൽ ഏറ്റു പറയുന്നു. "ബാറക്മോർ, ദിവ്യജ്ഞാനം ഉദ്ഘോഷിക്കപ്പെടുന്നു. നാമെല്ലാവരും ഭക്തിയായി നിന്ന് ഏറ്റു ചൊല്ലണമെന്ന " ശുശ്രൂഷകന്റെ ആഹ്വാനം സഭാപിതാവായ വിശുദ്ധ സിറിൾ ആദ്യമായി നിഖ്യാ വിശ്വാസ പ്രമാണം അവതരിപ്പിക്കുന്നതിന് ആമുഖമായി നടത്തിയ പ്രഖ്യാപനമാണെന്ന് കരുതപ്പെടുന്നു.


എ.ഡി. 325 ലെ നിഖ്യാ സൂന്നഹദോസ് ക്രോഡീകരിച്ച വിശ്വാസപ്രമാണമാണ് മലങ്കര കത്തോലിക്കാ സഭ ഉപയോഗിക്കുന്നത്. തിരുസഭയുടെ വിശ്വാസസത്യങ്ങൾ എല്ലാം ഉൾകൊള്ളുന്നതാണ് നിഖ്യാ വിശ്വാസ പ്രമാണം. വിശ്വാസ പ്രമാണം ഉച്ചത്തിൽ ഏറ്റുചൊല്ലുന്നത് പാപബന്ധനങ്ങളിൽ നിന്നും, പൈശാചിക സ്വാധീനങ്ങളിൽ നിന്നും വിടുതൽ നേടാനും നമ്മെ സഹായിക്കുന്നു.

ഈ സമയത്ത് ആത്മീയമായ ഒരുക്കത്തെ സൂചിപ്പിക്കാനായി പുരോഹിതൻ കൈകൾ കഴുകുന്നു. വിശ്വാസികളുടെ സമൂഹത്തോട് പ്രാർത്ഥനാ സഹായം യാചിക്കുന്നു. തുടർന്ന് ബലിപീഠത്തിനു മുമ്പിൽ സാഷ്ടാംഗപ്രണാമം ചെയ്യുന്നു. തുടർന്ന് തന്നെ ഭരമേൽപിച്ചിരിക്കുന്ന ജനത്തിനുവേണ്ടി പ്രാർത്ഥിക്കുന്നു. വിശുദ്ധ കുർബ്ബാനയുടെ നിയോഗം വീണ്ടും ദൈവതിരുസന്നിധിയിൽ സമർപ്പിക്കുകയും ചെയ്യുന്നു.

ശുശ്രൂഷകൻ വീണ്ടും "നമുക്ക് നന്നായി നിൽക്കാം" എന്നർത്ഥമുള്ള 'ബാറക്മോർ, സ്തൗമൻകാലൊസ്' എന്ന് ഓർമ്മപ്പെടുത്തുകയും, വിശ്വാസികളുടെ സമൂഹം "കർത്താവേ ഞങ്ങളോട് കരുണയായിരിക്കേണമേ" (കുറിയേലായ്സോൻ) എന്ന് പ്രത്യുത്തരിക്കുകയും ചെയ്യുന്നു. 'യാചിക്കേണ്ടും സമയമിതാ' എന്ന ഗീതം ഈ സന്ദർഭത്തിൽ പാടാറുമുണ്ട്. സ്തൗമൻകാലൊസ് എന്ന വാക്കിന്റെ ഒരു വ്യാഖ്യാനം തന്നെയാണ് ഈ ഗീതം.

www.malankaralibrary.com

## അന്നാഫുറ



**ഈ സമയത്ത് നമ്മുടെ ബോധങ്ങളും, വിചാരങ്ങളും ഹൃദയങ്ങളും പിതാവായ ദൈവത്തിന്റെ വലത്തുഭാഗത്ത് മിശിഹാതമ്പുരാൻ ഇരിക്കുന്ന മഹോന്നതങ്ങളിൽ ആയിരിക്കണം**

**[മലങ്കര വി. കുർബ്ബാന തക്സാ.]**

www.malankaralibrary.com

# അദ്ധ്യായം-5

## അന്നാഫുറ

അന്നാഫുറ എന്ന ഗ്രീക്ക് വാക്കിന്റെ അർത്ഥം ഉയർത്തുക, സമർപ്പിക്കുക, എന്നൊക്കെയാണ് വിശുദ്ധ കുർബ്ബാനയുടെ ഈ ഭാഗം എല്ലാ റീത്തുകളിലും ഏതാണ്ട് ഒരുപോലെ തന്നെയാണ് എന്ന കാര്യവും ശ്രദ്ധാർഹമാണ്. എല്ലാ റീത്തുകളിലും അന്നാഫുറക്ക് പൊതുവായി ചില ഘടകങ്ങൾ കാണാം.

1 സമാധാനാശംസ/ സമാധാന ചുംബനം.
2 ദൈവസ്തുതിപ്പിനുള്ള ആഹ്വാനം.
3 മാലാഖമാരുടെ സ്തുതിപ്പ്.
4 അന്ത്യ അത്താഴ വിവരണം.
5 കല്പനാനുസ്മരണം.
6 റൂഹാക്ഷണ പ്രാർത്ഥന.
7 മദ്ധ്യസ്ഥ പ്രാർത്ഥന.
8 സ്തുതി ഗീതങ്ങൾ.

ഇവയ്ക്കു ശേഷം അപ്പം മുറിക്കൽ ശുശ്രൂഷയും, വിശുദ്ധ കുർബ്ബാന സ്വീകരണത്തിനുള്ള ഒരുക്കവും, കുർബ്ബാന സ്വീകരണവും, സമാപനാശീർവാദവും നടത്തപ്പെടുന്നു.

അന്ത്യോക്യൻ ആരാധനാ ക്രമത്തിൽ അന്നാഫുറ എന്നത്, സമാധാന ചുംബനത്തിന് മുമ്പുള്ള പ്രാർത്ഥന തുടങ്ങി വി. കുർബ്ബാനയുടെ സമാപനാശീർവാദം വരെയുള്ള ഭാഗത്തിനു മുഴുവനും കൂടിയുള്ള പേരാണ്. പുരോഹിതൻ രഹസ്യമായും, പരസ്യമായും ചൊല്ലുന്ന 66 പ്രാർത്ഥനകളാണ് അന്നാഫുറായിൽ ക്രമീകരിച്ചിരിക്കുന്നത്. ഇതിൽ 33 പ്രാർത്ഥനകൾ സ്ഥിരമായും ബാക്കി 33 പ്രാർത്ഥനകൾ സന്ദർഭോചിതമായി മാറി, മാറി ചൊല്ലുന്നവയും ആണ്. മാറ്റമില്ലാത്ത 33 പ്രാർത്ഥനകൾ നമ്മുടെ കർത്താവിന്റെ മാറ്റമില്ലാത്ത ദൈവീക സ്വഭാവത്തെയും,

www.malankaralibrary.com

സന്ദർഭോചിതമായി ചൊല്ലുന്ന 33 പ്രാർത്ഥനകൾ അവിടുന്ന് ഈ ലോകത്തിൽ ജീവിച്ചിരുന്ന 33 വർഷങ്ങളെയും സൂചിപ്പിക്കുന്നവയും ആണ്. 33 -ാം വയസ്സിൽ അർപ്പിക്കപ്പെട്ട ആ ബലി ആവർത്തിക്കാൻ 33 പ്രാർത്ഥനകളാൽ കോർത്തിണക്കിയ ഒരാരാധനാക്രമം ഉപയോഗിക്കുന്നത് തീർത്തും ഉചിതം തന്നെയല്ലേ?

പുരോഹിതൻ 'ദർഗായിൽ' കയറി നിന്നുകൊണ്ടാണ് സ്മാധാന പ്രാർത്ഥന ആരംഭിക്കുന്നത്. 'ദർഗാ' എന്ന വാക്കിനർത്ഥം പടി, പദവി എന്നൊക്കെയാണ്. ദേവാലയത്തിനുള്ളിൽ മനുഷ്യന് കയറി നിൽക്കാവുന്ന ഏറ്റവും ഉന്നതമായ സ്ഥലമാണ് ദർഗാ. ശുശ്രൂഷാ പൗരോഹിത്യമുള്ള വൈദികർ മാത്രമേ ദർഗായിൽ കയറാൻ പാടുള്ളൂ എന്ന് സഭ പഠിപ്പിക്കുന്നു.

തന്റെ പരസ്യജീവിതത്തിന്റെ അവസാനം, സുവിശേഷ പ്രഘോഷണങ്ങളെല്ലാം അവസാനിപ്പിച്ച ശേഷം കാൽവരി കുരിശിലെ ബലിയുടെ ആദ്യപടിയായി, മർക്കോസിന്റെ ഭവനമായ സെഹിയോൻ മാളികയുടെ മട്ടുപ്പാവിലേക്ക് പെസഹാ അനുഷ്ഠിക്കാനായി കയറിയ യേശുക്രിസ്തുവിനെ ഈ ദർഗാ പ്രവേശനം ഓർമ്മപ്പെടുത്തുന്നു. അതുകൊണ്ടാണ് സുവിശേഷ വായനകൾക്ക് ശേഷം ഇത് ക്രമീകരിച്ചിരിക്കുന്നത്. അങ്ങനെ വിശുദ്ധ കുർബ്ബാന, പഴയനിയമത്തിലൂടെ കടന്ന് യേശുവിന്റെ ജനനം, രഹസ്യജീവിതം, സുവിശേഷ പ്രഘോഷണങ്ങൾ ഇങ്ങനെ ക്രമാനുഗതമായി പുരോഗിമിച്ച് കാൽവരിയിലേക്ക് അടുക്കുന്നു. എത്ര കൃത്യതയോടെയാണ് ഓരോ പ്രാർത്ഥനകളും സഭാമാതാവ് ചിട്ടപ്പെടുത്തിയിരിക്കുന്നതെന്ന് നോക്കുക.

താൻ ഈ ലോകത്തിൽ നിന്നും ഉയർന്നു നിൽക്കുന്നു എന്നും, ദൈവീകമായ കാര്യങ്ങളെ കുറിച്ച് മാത്രമാണ് ഇനിമുതൽ തന്റെ ചിന്തയെന്നും കൂടി വൈദീകന്റെ ഈ ദർഗാ പ്രവേശനം സൂചിപ്പിക്കുന്നു.

www.malankaralibrary.com

ബലി അർപ്പിക്കുന്നതിനു മുമ്പായി ദൈവത്തോടും സഹോദരങ്ങളോടും രമ്യപ്പെട്ടിരിക്കണമെന്ന കർത്തൃ കൽപന അനുസരിച്ചാണ് സമാധാന പ്രാർത്ഥനയും സമാധാന ചുംബനവും നടത്തപ്പെടുന്നത്. മത്തായി 5: 23,24 "നീ ബലിപീഠത്തിൽ കാഴ്ചയർപ്പിക്കുമ്പോൾ, നിന്റെ സഹോദരന് നിന്നോട് എന്തെങ്കിലും വിരോധം ഉണ്ടെന്ന് അവിടെ വച്ചോർത്താൽ, കാഴ്ച വസ്തു, അവിടെ ബലിപീഠത്തിനും മുമ്പിൽ വച്ചിട്ട് പോയി സഹോദരനോട് രമ്യപ്പെടുക. പിന്നെ വന്ന് കാഴ്ചയർപ്പിക്കുക". മർക്കോസ് 11: 25 " നിങ്ങൾ പ്രാർത്ഥിക്കുമ്പോൾ നിങ്ങൾക്ക് ആരോടെങ്കിലും വിരോധമുണ്ടെങ്കിൽ അത് ക്ഷമിക്കുവിൻ, അപ്പോൾ, സ്വർഗ്ഗത്തിലുള്ള നിങ്ങളുടെ പിതാവ് നിങ്ങളുടെ തെറ്റുകൾ ക്ഷമിക്കും"

സൈന്യങ്ങളുടെ ദൈവമായ കർത്താവിന്റെ സിംഹാസനമാകുന്ന വിശുദ്ധ ത്രോണോസിൽ നിന്നും, പുരോഹിതന്റെയും ശുശ്രൂഷകന്റെയും കൈകളിലൂടെകൈമാറ്റം ചെയ്യപ്പെട്ട് ഞാൻ സ്വീകരിക്കുന്ന സമാധാനം ആദരവോടും, സ്നേഹത്തോടുംകൂടെ ഞാൻ സ്വീകരിക്കണം, കൈമാറാണം; യേശുക്രിസ്തു വാഗ്ദാനം ചെയ്ത വലിയ സമാധാനമാണ് ഞാൻ സ്വീകരിക്കുന്നത്. യോഹ 14:27 "ഞാൻ നിങ്ങൾക്ക് സമാധാനം തന്നിട്ട് പോകുന്നു. എന്റെ സമാധാനം ഞാൻ നിങ്ങൾക്ക് നൽകുന്നു". ക്രിസ്തുവിന്റെ സമാധാനമെന്നാൽ ക്രിസ്തുതന്നെ എന്നർത്ഥം. വി.പൗലോസ് അപ്പോസ്തലൻ പറയുന്നു. "അവൻ നമ്മുടെ സമാധാനമാണ്".(എഫെ 2:14)

(സീറോ മലബാർ റീത്തിൽ വിശുദ്ധ കുർബ്ബാന അർപ്പിക്കപ്പെടുമ്പോൾ, ശുശ്രൂഷകൻ ഇടക്കിടെ ഇങ്ങനെ വിശ്വാസികളെ ഓർമ്മപ്പെടുത്തുന്നു. "സമാധാനം നമ്മോട് കൂടെ" എന്നുവച്ചാൽ യേശുക്രിസ്തു നമ്മോട് കൂടെ എന്നു തന്നെ.)

അതിനാൽ എല്ലാവരോടും ഹൃദയം കൊണ്ട് ക്ഷമിക്കുക. ക്ഷമിക്കാൻ കഴിയാത്തവർക്ക് ഇനിയും നടക്കുന്ന ശുശ്രൂഷ

www.malankaralibrary.com

കളിൽ യാതൊരു പങ്കുമില്ല ഈ ചിന്തകളോട് കൂടി വേണം ഞാൻ സമാധാനം സ്വീകരിക്കാനും കൈമാറാനും.

തുടർന്ന് ശുശ്രൂഷകൻ ഓർമ്മപ്പെടുത്തുന്നു " കരുണയുള്ള കർത്താവിന്റെ മുമ്പാകെ നാം തല കുനിക്കണം, എന്ന് ദൈവജനം "തലകുനിക്കുന്നു" എന്ന് പ്രത്യുത്തരിക്കുകയും തല കുനിക്കുകയും ചെയ്യുന്നു..

തല കുനിക്കുന്നത്, എളിമയുടെയും വിധേയത്വത്തിന്റെയും അടയാളമാണ്. ദൈവാരാധനയുടെയും, അനുസരണയുടെയും, സമ്പൂർണ്ണ സമർപ്പണത്തിന്റെയും അടയാളമായിട്ടാണ്. ഈ മനോഭാവം ഉൾകൊണ്ടുകൊണ്ട് ഓരോ വിശ്വാസിയും തലകളെ വണക്കണമെന്നാണ് സഭയുടെ ആഗ്രഹം. ദൈവ തിരുസന്നിധിയിൽ എളിമപ്പെടാതെ അനുഗ്രഹം പ്രാപിക്കുക സാധ്യമല്ലെന്നും ഈ തല കുനിക്കൽ ഓർമപ്പെടുത്തുന്നു.

തലകുനിച്ച് നിൽകുന്ന വിശ്വാസികളുടെ സമൂഹത്തിനു വേണ്ടി പുരോഹിതൻ അനുഗ്രഹങ്ങൾ യാചിക്കുകയും ജനത്തെ ആശീർവദിക്കുകയും ചെയ്യുന്നു. (ദൈവമേ, നിന്റെ വിശുദ്ധബലി പീഠത്തിനു മുമ്പാകെ തല കുനിച്ചു നിൽകുന്ന......എന്ന ആശീർവാദ പ്രാർത്ഥന) ഇതിന് ജനങ്ങളുടെ മേലുള്ള പ്രാർത്ഥനയെന്നും, കൈവയ്പ് പ്രാർത്ഥനയെന്നും പേരുണ്ട്.

അതിനുശേഷം കാർമ്മികൻ വിശ്വാസികൾ പരിശുദ്ധമനസ്സോടെ വ്യാപരിക്കാൻ തക്കവണ്ണം, അശുദ്ധമായ സകല ചിന്തകളും നീക്കികളയേണമേ എന്നും പ്രാർത്ഥിക്കുന്നു. (സമർപ്പണ പ്രാർത്ഥന)

**ശോശപ്പാ ആഘോഷം.** കാസായും പീലാസായും മൂടിയിരിക്കുന്ന പട്ടുതുണിയാണ് ശോശപ്പാ. ആവരണം, മൂടി, തൂവാല എന്നൊക്കെയാണ് ശോശപ്പാ എന്ന വാക്കിനർത്ഥം.

പുരോഹിതൻ രഹസ്യ പ്രാർത്ഥനകളോടും കർമ്മങ്ങളോടും കൂടെ ശോശപ്പാ മൂന്നുതവണ ഉയർത്തിയും താഴ്ത്തിയും ചലിപ്പിക്കുന്നു തുടർന്ന് തിരുശരീരരക്തങ്ങളുടെ

www.malankaralibrary.com

ചുറ്റുമായി ഇടത്തേക്ക് രണ്ട് തവണയും, വലത്തേക്ക് ഒരു പ്രാവശ്യവും ശോശപ്പാ ആഘോഷിക്കുന്നു.

ശോശപ്പാ ഉയർത്തി ആഘോഷിക്കുന്നത് സ്വർഗ്ഗം തുറക്കപ്പെടുന്നതിന്റെയും സ്വർഗ്ഗീയ രഹസ്യങ്ങൾ വിശുദ്ധ കുർബ്ബാനയിലൂടെ വെളിപ്പെടുന്നതിനെയും സൂചിപ്പിക്കുന്നു.

സ്വർഗ്ഗീയ വൃന്ദങ്ങൾ അൾത്താരയിലേക്ക് ഇറങ്ങിവരികയും, വിശ്വാസികളുടെ സമൂഹം ആത്മീയമായി സ്വർഗ്ഗത്തിലേക്ക് ഉയരുകയും ചെയ്യുന്ന സമയമാണിത്. അൾത്താരയിൽ സ്വർഗ്ഗവും ഭൂമിയും സമ്മേളിക്കുന്ന അതിപാവനമായ സമയം.! അതുകൊണ്ട്തന്നെ ശോശപ്പായെ യാക്കോബ് ബഥേലിൽ കണ്ട ഗോവേണിയോട് ഉപമിക്കുന്നു. ഉൽപത്തി 28: 12 "അവന് ഒരു ദർശനമുണ്ടായി. ഭൂമിയിൽ ഉറപ്പിച്ചിരിക്കുന്ന ഒരു ഏണി, അതിന്റെ അഗ്രം സ്വർഗ്ഗത്തിൽ മുട്ടിയിരുന്നു. ദൈവദൂതൻമാർ അതിലൂടെ കയറുകയും ഇറങ്ങുകയും ചെയ്തുകൊണ്ടിരുന്നു". ഇത് സൂചിപ്പിക്കാനാണ് ശോശപ്പാ 3 തവണ മുകളിലേക്കും താഴേക്കും ചലിപ്പിക്കുന്നത്.

ഇസ്രയേൽ മക്കൾക്ക് മരുഭൂമിയിൽ വെള്ളം ഒഴുക്കികൊടുത്ത പാറയോടും (സംഖ്യാ 20: 2-13) നമ്മുടെ കർത്താവിന്റെ കബറിടം മൂടിയിരുന്ന കല്ലിനോടും ശോശപ്പായെ സാമ്യപ്പെടുത്തിക്കൊണ്ടാണ് ഈ സമയത്ത് പുരോഹിതൻ രഹസ്യപ്രാർത്ഥന നടത്തുന്നത്

ഇവിടെ ശോശപ്പാ 2 തവണ ഇടത്തേക്കും ഒരു തവണ വലത്തേക്കും ദിവ്യരഹസ്യങ്ങളുടെ ചുറ്റും കറക്കുന്നത്, പാപം മൂലം അനേക ദൂരം ദൈവത്തിൽ നിന്നും അകന്ന്പോയ മനുഷ്യന്റെ അവസ്ഥയെയും, ദൈവപുത്രൻ ഇങ്ങനെ അകന്നുപോയവരെ തന്റെ ബലിയിലൂടെ ദൈവത്തിങ്കലേക്ക് മടക്കികൊണ്ടുവന്നതിനെയും അനുസ്മരിപ്പിക്കുന്നു.

www.malankaralibrary.com


പാറയിൽ നിന്നും ധാരാളം ജലം ഒഴുകിയതുപോലെ ക്രിസ്തുവാകുന്ന ആത്മീയ പാറയിൽനിന്നും ദൈവ കൃപയാകുന്ന ജീവജലം സഭയിലേക്ക് ധാരാളമായി ഒഴുകട്ടെ എന്നാണ് സഭയുടെ പ്രാർത്ഥന!.

യോഹ 4:14 "യേശു പറഞ്ഞു ഞാൻ നൽകുന്ന വെള്ളം കുടിക്കുന്നവന് പിന്നീട് ഒരിക്കലും ദാഹിക്കുകയില്ല. ഞാൻ നൽകുന്ന ജലം അവനിൽ നിത്യജീവനിലേക്ക് നിർഗളിക്കുന്ന അരുവിയാകും".

1 കൊറി 10:3 പൗലോസ് അപ്പോസ്തോലൻ ഇസ്രായേൽ ജനത്തെപ്പറ്റി പറയുന്നു. "എല്ലാവരും ഒരേ ആത്മീയ ഭക്ഷണം കഴിച്ചു. എല്ലാവരും ഒരേ ആത്മീയ പാനീയം കുടിച്ചു. തങ്ങളെ അനുഗമിച്ച ആത്മീയ ശിലയിൽ നിന്നാണ് അവർ പാനം ചെയ്തത്. ആ ശില ക്രിസ്തുവാണ്.'

www.malankaralibrary.com

## എവുക്കാറെസ്തിയ (കൃതജ്ഞതാ സ്തോത്രം)




**ഒന്നിനെക്കുറിച്ചും ആകുലനാകേണ്ട,**

**പ്രാർത്ഥനയിലൂടെയും അപേക്ഷയിലൂടെയും**

**കൃതജ്ഞതാ സ്തോത്രങ്ങളോടെ നിങ്ങളുടെ**

**യാചനകൾ ദൈവസന്നിധിയിൽ അർപ്പിക്കുവിൻ.**

**(ഫിലിപ്പി-4:6)**

**കൃതജ്ഞതയായിരിക്കട്ടെ നീ**

**ദൈവത്തിനർപ്പിക്കുന്ന ബലി (സങ്കീ: 50:14)**



www.malankaralibrary.com

## അദ്ധ്യായം-6

## എവുക്കാറെസ്തിയ (കൃതജ്ഞതാ സ്തോത്രം)

പുരോഹിതനും ദൈവജനവും തമ്മിലുള്ള ഒരു സംഭാഷണം (Dialogue) പോലെയാണ് ഇനി വരുന്ന പ്രാർത്ഥനകൾ. വളരെ ചെറിയ മാറ്റങ്ങളോടെ ഏതാണ്ടെല്ലാ റീത്തുകളിലും ഈ പ്രാർത്ഥനകൾ നമുക്ക് കാണാം.

### ശ്ലൈഹീകാശീർവാദം

ശ്ലൈഹീകാശിർവാദത്തോടെയാണ് ഈ പ്രാർത്ഥനകൾ തുടങ്ങുന്നത്. "പിതാവായ ദൈവത്തിന്റെ സ്നേഹവും, ഏകജാതന്റെ കൃപയും, പരിശുദ്ധാത്മാവിന്റെ സംബന്ധവും സഹവാസവും, നാമെല്ലാവരിലും എല്ലായ്പ്പോഴും ഉണ്ടായിരിക്കട്ടെ." എന്നാണ് കാർമ്മികൻ ആശംസിക്കുന്നത്. കോറിന്തോസിലെ സഭക്ക് പൗലോസ് ശ്ലീഹാ നൽകുന്ന ആശീർവാദമാണിത് (2 കൊറി: 13:13)അതുകൊണ്ടാണിത് ശ്ലൈഹീകാശിർവാദം എന്നറിയപ്പെടുന്നത്. ഈ ആശീർവാദത്തിലൂടെ ആരാധന സമൂഹത്തെ പുരോഹിതൻ പരിശുദ്ധ ത്രീത്വത്തിന് സമർപ്പിക്കുന്നു.

സ്വർഗ്ഗം തുറക്കപ്പെട്ടിരിക്കുന്ന ഈ സമയത്ത് നമ്മുടെ ചിന്തകളും വിചാരങ്ങളും ഹൃദയങ്ങളും സ്വർഗ്ഗത്തിലേക്ക് ഉയർത്തുവാൻ വൈദികൻ ആഹ്വാനം ചെയ്യുകയും ദൈവജനം തങ്ങളുടെ ബോധങ്ങളും വിചാരങ്ങളും ഹൃദയങ്ങളും ദൈവമായ കർത്താവിങ്കൽ ആയിരിക്കുന്നു എന്ന് ഉറപ്പ് നൽകുകയും ചെയ്യുന്നു. തുറക്കപ്പെട്ടിരിക്കുന്ന സ്വർഗ്ഗത്തെയും മഹിമയുടെ സിംഹാസനത്തിലിരിക്കുന്ന ക്രിസ്തുരാജനെയും മനസിൽ കണ്ടുകൊണ്ടാകണം ഞാൻ നിൽക്കുന്നത്.

### മാലാഖമ്മാരുടെ സ്തുതിപ്പ്

ഇപ്രകാരം സ്വർഗ്ഗീയ അനുഭവത്തിലും ആനന്ദത്തിലും ആയിരിക്കുന്ന വിശ്വാസികളോട് കർമ്മികൻ തുടർന്ന് ആഹ്വാനം ചെയ്യുന്നത് ദൈവത്തെ മാലാഖമാരോട് ചേർന്ന് സ്തുതിക്കു

www.malankaralibrary.com

വാനാണ് ആ സ്തുതിപ്പാണ്. "തന്റെ മഹത്വത്താൽ ആകാശവും ഭൂമിയും നിറഞ്ഞിരിക്കുന്ന ബലവാനായ........ "എന്ന പ്രാർത്ഥന.

സ്വർഗ്ഗീയ വിശുദ്ധരോടും, മാലാഖമാരോടും, പ്രപഞ്ചം മുഴുവനോടും ചേർന്ന് ഞാനെന്റെ നല്ല ദൈവത്തെ സ്തുതിച്ച് ആരാധിക്കുന്നു. ഏശയ്യാ പ്രവാചകനുണ്ടായ ദർശനത്തിലും **(ഏശയ്യാ 6:3)** വിശുദ്ധ യോഹന്നാന് ലഭിച്ച വെളിപാടിലും **(വെളി 4:8)** കേട്ട പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ, എന്ന സ്തുതിപ്പുകളോട്, യേശുവിന്റെ ജെറുസലേം പ്രവേശനത്തിലെ ഓശാന ഗീതികളും ചേർത്ത് വളരെ സുന്ദരമായ ഈ കീർത്തനം സഭ ഒരുക്കിയിരിക്കുന്നു. സ്വർഗ്ഗീയ ജെറുസലേമിൽ നിത്യകാലവും ദൈവത്തെ സ്തുതിച്ചാരാധിക്കേണ്ടവരായ സഭാമക്കൾക്ക്, തിരുസഭ ഈ ഭൂമിയിൽ ആയിരിക്കുമ്പോൾ നൽകുന്ന ഒരു പരിശീലനമായി ഇതിനെ മനസ്സിലാക്കാം.

ഈ സമയത്ത് പുരോഹിതൻ നടത്തുന്ന രഹസ്യ പ്രാർത്ഥനയിൽ പരിശുദ്ധ ത്രീത്വത്തിലെ ഓരോ വ്യക്തിയെയും പ്രത്യേകം സ്തുതിക്കുകയും, യേശുവിന്റെ രക്ഷാകര പ്രവർത്തികൾ അനുസ്മരിക്കുകയും ചെയ്യുന്നു.

**സ്ഥാപന വചനങ്ങൾ**

അന്ത്യത്താഴ വേളയിൽ സെഹിയോൻ മാളികയുടെ മട്ടുപ്പാവിൽ യേശു ഉച്ചരിച്ച തിരുവചനങ്ങൾ പുരോഹിതന്റെ നാവിലൂടെ ആവർത്തിക്കപ്പെടുന്നു. (അതുകൊണ്ടാണല്ലോ വൈദികൻ Alter Christ അഥവാ അൾത്താരയിലെ ക്രിസ്തു എന്നറിയപ്പെടുന്നത്)

പുരോഹിതൻ ക്രിസ്തുവിന്റെ പ്രതിനിധിയായി- അല്ല -ക്രിസ്തുവായി നിന്നുകൊണ്ട് ചരിത്രത്തിൽ ക്രിസ്തു ചെയ്ത രക്ഷാകര കർമ്മങ്ങൾ അനുഷ്ഠിച്ചുകൊണ്ട് അവ വീണ്ടും യഥാർത്ഥ്യമാക്കിതീർക്കുന്നു. (ഈ സമയത്ത് വിശ്വാസികർ ഹൃദയംകൊണ്ട് സെഹിയോൻ മാളികയുടെ മട്ടുപ്പാവിൽ നിൽക്കണം.) ഇതാ എന്റെ മുമ്പിൽ ക്രിസ്തു തന്നെയാണ് നിൽക്കുന്നത് എന്നബോദ്ധ്യം ഉണ്ടാകണം.

www.malankaralibrary.com

ക്രിസ്തുവിന്റെ ശരീരരക്തങ്ങൾ നൽകപ്പെട്ടിരിക്കുന്നത് ഒന്നാമതായി പാപ മോചനത്തിനും, രണ്ടാമതായി നിത്യജീവനും വേണ്ടിയാണെന്ന് ഈ വിവരണം നമ്മെ ഓർമ്മപ്പെടുത്തുന്നു.

തുടർന്ന് ഓർമ്മയാചരണത്തിന്റെ കൽപന പുരോഹിതൻ ആവർത്തിക്കുന്നു. (ലൂക്കോ 22:19) തന്റെ രണ്ടാം ആഗമനം വരെയും ആവർത്തിക്കപ്പെടേണ്ടതായി ക്രിസ്തു സഭയെ ഭരമേൽപിച്ചിരിക്കുന്ന ഉത്തരവാദിതമാണിത്.

ഈ സമയത്ത് പുരോഹിതൻ വിശുദ്ധ ത്രോണോസിൽ മേൽ ഇടതുവശത്ത് വച്ചിരിക്കുന്ന സ്പൂൺ (തർവോദോ)കാസായിലും, പീലാസായിലും വി. ത്രോണോസിലും, തന്റെ നെറ്റിയിലും തൊടുവിച്ചശേഷം ഉയർത്തുകയും പെട്ടെന്ന് താഴ്ത്തി വലതുവശത്ത് വയ്ക്കുകയും ചെയ്യുന്നു.

കാസായിലും പീലാസായിലും തൊടുവിക്കുന്നത് തിരുശരീരവും, തിരുരക്തവും വേവ്വേറെ ഇരിക്കുന്നതിനാൽ യേശുവിന്റെ മരണത്തെ സൂചിപ്പിക്കുന്നു. തുടർന്ന് ത്രോണോസിനെ തൊടുവിക്കുന്നത് നമ്മുടെ കർത്താവിന്റെ കബറടക്കത്തെയും, തന്റെ നെറ്റിയിൽ തൊടുവിക്കുന്നത് പുനരുത്ഥാനത്തെയും, ശേഷം ഉയർത്തി പെട്ടെന്ന് താഴ്ത്തുന്നത് രക്ഷകന്റെ മഹത്വമേറിയ 2-ാം വരവിനെയും സൂചിപ്പിക്കുന്നു. വലതുവശത്ത് വയ്ക്കുന്നത് അന്ത്യവിധിയുടെ സമയത്ത് ക്രിസ്തു പിതാവായ ദൈവത്തിന്റെ വലതുവശത്തിരിക്കുന്നതിനാലാണ്. ഇങ്ങനെ രക്ഷാകര ചരിത്രം വീണ്ടും ചുരുക്കമായി ഓർമ്മപ്പെടുത്തുന്നു.

ഈ സമയത്ത് വിശ്വാസികളുടെ സമൂഹം 'ഞങ്ങളുടെ കർത്താവേ നിന്റെ മരണത്തെ ഓർക്കുന്നു. ഉയർത്തെഴുന്നേൽപിന്നെ ഞങ്ങൾ ഏറ്റുപറയുന്നു. നിന്റെ രണ്ടാമത്തെ വരവിനായി നോക്കിപ്പാർക്കുന്നു'. എന്ന് ഉദ്ഘോഷിക്കുകയും, അനുഗ്രഹം യാചിക്കുകയും ചെയ്യുന്നു.

പുരോഹിതൻ ക്രിസ്തുവിന്റെ 2-ാം വരവിനെയും ഒരോരുവനും അവനവന്റെ പ്രവർത്തിക്കനുസരണമായി വിധിക്കപ്പെടുന്ന അന്ത്യവിധിയെയും ഓർമ്മപ്പെടുത്തുകയും, ദൈവജനം ആ നേരത്ത് ഞങ്ങളോട് കരുണയായിരിക്കേണമേ എന്ന പ്രാർത്ഥിക്കുകയും ചെയ്യുന്നു. വീണ്ടും ജനം ദൈവത്തെ സ്തുതിക്കുന്നു.

www.malankaralibrary.com

റൂഹാകക്ഷണ പ്രാർത്ഥന



പൗരസ്ത്യ ക്രിസ്തീയ ദർശനമനുസരിച്ച് പരിശുദ്ധാത്മാവിന്റെ ആവസിപ്പോടു കൂടെയാണ് ഓരോ കൂദാശകളും പൂർണ്ണമാകുന്നത്. അർപ്പിക്കപ്പെട്ടിരിക്കുന്ന തിരുശരീര രക്തങ്ങളുടെമേൽ ഇറങ്ങിവന്ന്, ആവസിച്ച് അവയെ യഥാർത്ഥ ശരീരരക്തങ്ങളാക്കി മാറ്റുന്നതിനായി പരിശുദ്ധാത്മാവിനെ വൈദികൻ ക്ഷണിച്ചിറക്കുന്ന പ്രാർത്ഥനയാണിത്. ദിവ്യവും ഭയഭക്തിജനകവുമായ ഈ സമയത്ത് നാമോരുത്തരും ഏറ്റം തീക്ഷണതയോടെ, ഭയഭക്തിയോടെ പ്രാർത്ഥിക്കണമെന്ന് ശുശ്രൂഷകൻ നമ്മെ ഓർമ്മപ്പെടുത്തുകയും ചെയ്യുന്നു.

പരിശുദ്ധ കന്യാമാതാവിന്റെ ഉദരത്തിൽ പരിശുദ്ധാത്മാവിന്റെ ആവസിപ്പോടുകൂടെയാണല്ലോ വചനമായ ദൈവം മാംസം ധരിച്ചത്. അതേ പരിശുദ്ധാത്മാവ് തന്നെ ബലിപീഠത്തിൻ മേൽ അർപ്പിക്കപ്പെട്ടിരിക്കുന്ന അപ്പത്തിന്റെയും വീഞ്ഞിന്റെയും മേൽ ഇറങ്ങി ആവസിക്കുമ്പോൾ ദൈവമാതാവിന്റെ ഉദരത്തിൽ വചനം മാംസം ധരിച്ച പ്രക്രിയ അൾത്താരയിൽ ആവർത്തിക്കപ്പെടുന്നു.

നമ്മുടെ വി.കുർബ്ബാനകർ നല്ല ഒരു അനുഭവമായി മാറാത്തതിന്റെ ഒരു കാരണം കിടക്കുന്നത് ഇവിടെയാണ്- അതായത്, ഞാൻ സ്വീകരിക്കുന്ന വി.കുർബ്ബാന എന്റെ തമ്പുരാന്റെ ജീവൻ തുടിക്കുന്ന ശരീരരക്തങ്ങൾ ആണെന്നുള്ള ബോധ്യം പലപ്പോഴും എനിക്കുണ്ടാകുന്നില്ല- ഈയൊരു ബോധ്യം ദൈവകൃപയാൽ ലഭിക്കുന്നതിനായി പ്രാർത്ഥിക്കണം -, കാരണം, ഒരു മനുഷ്യനും മറ്റൊരാളെ ഇവ പറഞ്ഞ് ബോധ്യപ്പെടുത്താനാവില്ല. പ്രാർത്ഥന വഴി പ്രാപിക്കേണ്ടവയാണ് ഈ ബോധ്യങ്ങൾ.

www.malankaralibrary.com

പരിശുദ്ധാത്മ പ്രതീകമായ പ്രാവിന്റെ ചിറകടി പോലെയാണ് പുരോഹിതന്റെ രഹസ്യപ്രാർത്ഥനയിലെ കരചലനങ്ങൾ. വിശ്വാസികളുടെ ഹൃദയത്തിലും പരിശുദ്ധാത്മാവിന്റെ ആവസിപ്പ് വഴിയായി മാറ്റമുണ്ടാകട്ടെ, ദൈവം പിറക്കപ്പെടട്ടെ എന്നാണ് തിരുസഭ ആഗ്രഹിക്കുന്നത്.

വിരിച്ചു പിടിച്ചിരിക്കുന്ന കരങ്ങളുമായി സ്വർഗ്ഗത്തിലേക്ക് മിഴികളും ഹൃദയവും ഉയർത്തികൊണ്ട് പുരോഹിതൻ പ്രാർത്ഥിക്കുന്നു. 'കർത്താവേ എന്നോട് ഉത്തരമരുളേണമേ' എന്ന് മൂന്ന് പ്രാവിശ്യം. 1 രാജാക്കൻമാർ 13:20 തുടങ്ങിയുള്ള തിരുവചനങ്ങളിൽ സ്വർഗ്ഗത്തിലേക്ക് നോക്കി ഹൃദയഭേദകമായ പ്രാർത്ഥന നടത്തുന്ന പരിശുദ്ധാത്മ അഗ്നി ഇറങ്ങത്തക്കവണ്ണം പ്രാർത്ഥിക്കുന്ന ഏലിയ പ്രവാചകനെപ്പോലെയല്ലേ പുരോഹിതന്റെ ഈ പ്രാർത്ഥന?

ഏറെ വർഷക്കാലം പുരോഹിതനായിരുന്ന ഒരു ശ്രേഷ്ഠ വൈദികനോട് ഏറ്റം ഹൃദയസ്പർശിയായി വി.കുർബ്ബാന മദ്ധ്യേ ചൊല്ലുന്ന പ്രാർത്ഥനയേതാണെന്ന ചോദ്യത്തിനുത്തരം അദ്ദേഹം പറഞ്ഞതിങ്ങനെയാണ്, "വി.കുർബ്ബാനയിൽ ചൊല്ലുന്ന ഓരോ പ്രാർത്ഥനയും ഞാൻ വളരെ തീക്ഷണതയോടെ ഹൃദയത്തിന്റെ ആഴങ്ങളിൽ നിന്നുതന്നെയാണ് ചൊല്ലുന്നത് എന്നാൽ റൂഹാക്ഷണ പ്രാർത്ഥനയിലെ "കർത്താവേ എന്നോട് ഉത്തരമരുളേണമേ എന്ന അപേക്ഷ എന്റെ പുരോഹിതനെന്ന അസ്ഥിത്വത്തെ മുഴുവനായും സമർപ്പിച്ച് ഹൃദയം നുറുങ്ങി തമ്പുരാനിൽ ആശ്രയിച്ച് നടത്തുന്നു" എന്നാണ്.

വിശ്വാസികളുടെ കൂട്ടായ്മ ഈ സമയത്ത് കർത്താവേ ഞങ്ങളോട് കരുണയായിരിക്കേണമേ എന്നർത്ഥമുള്ള കുറിയേലായ്സോൻ എന്ന പ്രാർത്ഥന 3 തവണ ആവർത്തിക്കുന്നു.

www.malankaralibrary.com


## മദ്ധ്യസ്ഥ പ്രാർത്ഥനകൾ (തുബ്ദേൻ)

റൂഹാക്ഷണ പ്രാർത്ഥനയുടെ തുടർച്ചയായാണ് മദ്ധ്യസ്ഥ പ്രാർത്ഥനകൾ നടത്തപ്പെടുന്നത്. പരിശുദ്ധാത്മാവ് യാഗവസ്തുക്കളുടെ മേൽ മാത്രമല്ല, പിന്നെയോ, വിശ്വാസികളുടെ സകലവിധ ആവശ്യങ്ങളിലേക്കും ഇറങ്ങി വരട്ടെ എന്നു പ്രാർത്ഥിക്കുന്നതിനാലാണ് 'തുബ്ദേൻ = എന്നാൽ വീണ്ടും എന്ന് മദ്ധ്യസ്ഥ പ്രാർത്ഥനകൾ അറിയപ്പെടുന്നത്.

ശുശ്രൂഷകൻ ചൊല്ലുന്ന 6 പ്രാർത്ഥനകളും വൈദികൻ രഹസ്യവും, പരസ്യവുമായി നടത്തുന്ന 12 പ്രാർത്ഥനകളും അടക്കം 18 പ്രാർത്ഥനകളാണ് ഈ ഭാഗത്തുള്ളത്. ശുശ്രൂഷൻ നടത്തുന്ന ആദ്യത്തെ മൂന്നു പ്രാർത്ഥനകൾ ജീവിച്ചിരിക്കുന്നവർക്ക് വേണ്ടിയും ഈ ലോക ജീവിതത്തിനു വേണ്ടിയും, തുടർന്നുള്ള മൂന്നു പ്രാർത്ഥനകൾ കടന്നുപോയവർക്കുവേണ്ടിയും, നിത്യഭാഗ്യത്തെ ലക്ഷ്യം വച്ചുള്ളവയും ആണ്. വിശ്വാസികളുടെ വ്യക്തിപരമായ നിയോഗങ്ങളും ദൈവ തിരുസന്നിധിയിൽ സമർപ്പിക്കാനുള്ള ഏറ്റം ഉചിതമായ സമയവും ഇതു തന്നെ. കാരണം, ക്രിസ്തുവിന്റെ ശരീരരക്തങ്ങളായി പൂർണ്ണമായും രൂപാന്തരം സംഭവിച്ചിരുക്കുന്ന തിരുശരീരരക്തങ്ങളുടെ സാന്നിദ്ധ്യത്തിൽ നടത്തപ്പെടുന്ന പ്രാർത്ഥനകൾക്ക് പ്രത്യേകമായ ഫലമുണ്ടല്ലോ? സഭ വളരെ കൃത്യതയോടെയാണ് ഓരോ പ്രാർത്ഥനയും ക്രമീകരിച്ചിരിക്കുന്നത്. പരിശുദ്ധ ത്രീത്വത്തിന്റെ ആശീർവാദത്തോടെ ഈ പ്രാർത്ഥനകൾ അവസാനിക്കുന്നു.

www.malankaralibrary.com

## അപ്പം മുറിക്കൽ (ഖണ്ഡിപ്പിന്റെ) ശുശ്രൂഷ



"നമ്മുടെ അതിക്രമങ്ങൾക്കുവേണ്ടി അവൻ മുറിവേൽപ്പിക്കപ്പെട്ടു. നമ്മുടെ അകൃത്യങ്ങൾക്കുവേണ്ടി ക്ഷതമേൽപിക്കപ്പെട്ടു. അവന്റെ മേലുള്ള ശിക്ഷ നമുക്ക് രക്ഷ നൽകി. അവന്റെ ക്ഷതങ്ങളാൽ നാം സൗഖ്യം പ്രാപിച്ചു"

(ഏശയ്യാ 53.5)

www.malankaralibrary.com

## അദ്ധ്യായം -7

## അപ്പം മുറിക്കൽ (ഖണ്ഡിപ്പിന്റെ) ശുശ്രൂഷ

തിരുശരീരം മുറിക്കുകയും, പീലാസായിൽ ക്രമപ്പെടുത്തുകയും, തിരുശരീരവും തിരുരക്തവും തമ്മിൽ കലർത്തുകയും ചെയ്യുന്ന അതിപ്രധാനമായ ശുശ്രൂഷയാണ് കാർമ്മികൻ അടച്ചിട്ട മറക്കുള്ളിൽ രഹസ്യാത്മകമായി ചെയ്യുന്നത്.

പുരോഹിതൻ തിരുശരീരം കൈയ്യിലെടുത്ത്, ഉയർത്തി, രണ്ടായി മുറിക്കുന്നതുവഴി, വചനമായ ദൈവം സത്യമായും ശരീരത്തിൽ കഷ്ടത അനുഭവിച്ചെന്നും, നുറുക്കപ്പെട്ടു എന്നും സൂചിപ്പിക്കുന്നു. മുറിക്കപ്പെട്ട തിരുശരീരം പീലാസായിൽ ക്രമപ്പെടുത്തുന്നത്, പഴയനിയമത്തിൽ അറുക്കപ്പെട്ട കുഞ്ഞാടിനെ ബലിപീഠത്തിൽ ക്രമപ്പെടുത്തുന്നതിനു സമമാണ്.

മുറിക്കപ്പെട്ട അപ്പത്തിന്റെ ഒരു ഭാഗം, തിരുരക്തത്തിൽ മുക്കി, മുറിക്കപ്പെട്ടിടത്തെല്ലാം പുരട്ടുക വഴി, തകർക്കപ്പെട്ട അവിടുത്തെ ശരീരം രക്തത്താൽ നനഞ്ഞെന്നും, അവിടുന്ന് രക്തം ചിന്തി മരിച്ചെന്നും അർത്ഥമാക്കുന്നു ശേഷം, മൂന്നുതവണ തിരുരക്തം പുരട്ടി മുറിവുകൾ യോജിപ്പിക്കുന്നതിലൂടെ നമ്മുടെ കർത്താവിന്റെ പുനരുത്ഥാനം നടക്കുന്നു. കാരണം "ശരീരത്തിന്റെ ജീവൻ രക്തത്തിലാണല്ലോ അടങ്ങിയിരിക്കുന്നത്. (ലേവ്യർ 17: 11) " ഞാൻ വന്നിരിക്കുന്നത് അവർക്ക് ജീവനുണ്ടാകാനും, അത് സമൃദ്ധമായുണ്ടാകാനുമാണ്". യോഹ10:10

അതേ, ജീവന്റെ സമൃദ്ധിയുണ്ടാക്കുന്ന രക്തം പുരട്ടി യോജിപ്പിക്കുമ്പോൾ പുനരുത്ഥാനം നടക്കുന്നു. ഇങ്ങനെ യേശുക്രിസ്തുവിന്റെ പീഡാസഹനം, കുരിശുമരണം, പുനരുത്ഥാനം എന്നീ അതിപ്രാധാനമായ രക്ഷണീയ സംഭവങ്ങളാണ് അടച്ചിട്ട മറക്കുള്ളിൽ നടക്കുന്നത്.

ക്രിസ്തുവിന്റെ മരണസമയത്ത് 6-ാം മണിക്കൂർ മുതൽ 9-ാം മണിക്കൂർ വരെ സൂര്യൻ ഇരുണ്ട് പോകുകയും,

www.malankaralibrary.com

ഭൂമിയിലെങ്ങും അന്ധകാരം വ്യാപിക്കുക വഴി, പ്രകൃതി പോലും സൃഷ്ടാവിന്റെ മരണം നേരിൽ കാണാതെ മറഞ്ഞുനിന്നതിനെ സൂചിപ്പിച്ചുകൊണ്ടാണ് അടച്ചിട്ട മറക്കുള്ളിൽ രഹസ്യാത്മാക മായി പുരോഹിതൻ ഈ ശുശ്രൂഷ നടത്തുന്നത്. ഇനിമുതൽ വിശുദ്ധ ത്രോണോസിൽ മേലുള്ളത് നമ്മുടെ കർത്താവിന്റെ മഹത്വീകരിക്കപ്പെട്ട, പുനരുത്ഥാനം ചെയ്ത ശരീരമാണ്.

ഈ തിരുകർമ്മങ്ങൾ നടക്കുമ്പോൾ ജനം "അൻപുട യോനെ....., നീതിജ്ഞൻ താതാ കാൺക........."എന്നീ ഗീതങ്ങൾ ആലപിക്കുന്നു. ആ വരികളിലെ, വാക്കുകളുടെ അർത്ഥമറിഞ്ഞ്, ധ്യാനാത്മകമായി പാടി നോക്കൂ. എത്രയോ അർത്ഥ സമ്പു ഷ്ടവും, മനോഹരവുമാണ് ഈ ഗീതങ്ങളെന്ന് മനസ്സിലാകും.

തുടർന്ന് മറ നീക്കുന്നു (തുറക്കുന്നു). ഇപ്പോൾ മറ നീക്കു ന്നത് സൂചിപ്പിക്കുന്നത്. രണ്ടു കാര്യങ്ങളാണ്.

1 പുനരുത്ഥാനം ചെയ്ത ക്രിസ്തു പ്രത്യക്ഷപ്പെടുന്നു.

2 പാപം മൂലം മനുഷ്യനു മുമ്പിൽ അടക്കപ്പെട്ട പറു ദീസയിലേക്കും ദൈവസന്നിധിയിലേക്കും, യേശുക്രിസ്തുവിന്റെ ക്രൂശുമരണവും, പുനരുത്ഥാനവും വഴി വീണ്ടും വഴി തുറക്കപ്പെടു ന്നു. ഈ രണ്ടു കാര്യങ്ങളും ഓർമ്മപ്പെടുത്തുന്നു ഈ മറ നീക്കം. മനുഷ്യനും ദൈവത്തിനും ഇടക്കുണ്ടായിരുന്ന പാപത്തിന്റെ വൻമതിൽ ക്രിസ്തു തന്റെ കുരിശുമരണത്തിലൂടെ ഇല്ലാതാ ക്കിയിരിക്കുന്നു.

**കർത്തൃ പ്രാർത്ഥന**

മറ നീക്കികൊണ്ട് പുരോഹിതൻ ദൈവജനത്തെ കർത്തൃ പ്രാർത്ഥനക്കായി ക്ഷണിക്കുന്നു. മാമോദീസയിലൂടെ നമുക്ക് ലഭിച്ചിരിക്കുന്ന പരിശുദ്ധാത്മാവിന്റെ കൃപയാലാണ് നാം ദൈവത്തെ പിതാവേ എന്നു വിളിക്കുന്നത്. അതിന് നമ്മെ യോഗ്യരാക്കി തീർക്കുന്നതോ യേശുക്രിസ്തുവിന്റെ പീഡാസ ഹനങ്ങളും, കുരിശുമരണവും, പുനരുത്ഥാനവും തന്നെ. വിശുദ്ധ ത്രോണാസിൻ മേൽ, പീഡാസഹനവും, മരണവും, ഉത്ഥാനവും

www.malankaralibrary.com

നടന്നതുവഴി, വീണ്ടും ദൈവമക്കളുടെ സ്ഥാനത്തേക്കുയർന്ന ദൈവജനം, ആത്മധൈര്യത്തോടെ ദൈവത്തെ പിതാവേ എന്നു വിളിച്ചു പ്രാർത്ഥിക്കുന്നു! സഭാമാതാവ് ഒരോ പ്രാർത്ഥനയും എത്ര കൃത്യമായാണ് ക്രമപ്പെടുത്തി തന്നിരിക്കുന്നതെന്ന് നോക്കുക.

മാമോദീസാ മുങ്ങിയ ക്രിസ്ത്യാനിയുടെ വലിയ, ശ്രേഷ്ഠമായ അവകാശമാണ് 'സ്വർഗ്ഗസ്ഥനായ പിതാവേ' എന്ന പ്രാർത്ഥന. യേശുവാണ് ആദ്യമായി ദൈവത്തെ 'അബ്ബാ, പിതാവേ' എന്നു വിളിക്കാൻ പഠിപ്പിച്ചത്. കർത്തൃ പ്രാർത്ഥനയിൽ സ്വർഗ്ഗം മുഴുവനും സകല വിശുദ്ധരോടും രക്ത സാക്ഷികളോടും സർവ്വോപരി യേശുവിനോടും ചേർന്ന് സഭ ഒന്നടങ്കം കുടുംബനാഥനായ ദൈവപിതാവിനെ വിളിച്ചു പ്രാർത്ഥിക്കുന്നു. അതാണാ പ്രാർത്ഥനയുടെ വലിയ ശക്തി. ജെറുസലേമിലെ വിശുദ്ധ കുറിലോസ് കർത്തൃ പ്രാർത്ഥനയെ വിളിക്കുന്നത് ക്രിസ്തീയ സഭയുടെ കുടുംബ പ്രാർത്ഥന എന്നാണ്.

വിശുദ്ധ ഫ്രാൻസിസ് അസ്സീസിയുടെ പ്രാർത്ഥന ചൈതന്യം കണ്ട ഒരു സഹ സന്യാസി അദ്ദേഹത്തോട് എങ്ങനെയാണ് അദ്ദേഹം പ്രാർത്ഥിക്കുന്നതെന്ന് ചോദിക്കുന്നു. വിശുദ്ധൻ പറഞ്ഞു. "നമുക്കൊരുമിച്ച് പ്രാർത്ഥിക്കാം". വൈകുന്നേരം ഒന്നിച്ചു പ്രാർത്ഥിക്കാൻ തുടങ്ങിയപ്പോൾ ആ സന്യാസ വൈദികൻ കാണുകയാണ്- ഫ്രാൻസിസ് അസ്സീസി മുട്ടുകുത്തി, സ്വർഗ്ഗത്തിലേക്ക് മിഴികളുയർത്തി "സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ എന്നു വിളിക്കുന്നു തുടർന്ന് ദീർഘസമയത്തേക്ക് യാതൊരു ചലനങ്ങളും ഇല്ല". വിശുദ്ധന്റെ ഹൃദയം ദൈവവുമായി ആത്മീയമായി ഒന്നായി തീരുന്നു. ഹൃദയം, ഹൃദയത്തോടാണ് പിന്നീട് സംസാരം സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ എന്ന ഒറ്റ വിളിയിൽ തന്നെ വി. ഫ്രാൻസിസ് അസ്സീസി സ്വർഗ്ഗീയാനുഭവത്തിലായി തീർന്നു.

പാകിസ്ഥാനിലെ ഒരുന്നത യാഥാസ്ഥിതിക കുടുംബാംഗമായിരുന്ന മഹതി-ബിലിക്യിസ് ഷേഖ്, യാദൃശ്ചികമായി

www.malankaralibrary.com

ബൈബിൾ വായിക്കുകയും, ഒരു കന്യാസ്ത്രീയോട് പ്രാർത്ഥനയെപ്പറ്റി സംസാരിക്കുകയും ചെയ്തപ്പോൾ ആ കന്യാസ്ത്രീ പറഞ്ഞു കൊടുത്തു ഇനി പ്രാർത്ഥിക്കുമ്പോൾ ദൈവത്തെ പിതാവേ എന്ന് ഹൃദയംകൊണ്ട് മനസ്സിലാക്കി വിളിച്ച് പ്രാർത്ഥിക്കുക എന്ന്.

ബിലിക്യിസ് ഷേഖ് സാക്ഷ്യപ്പെടുത്തുന്നു, അന്നു രാത്രി തന്റെ മുറിയുടെ സ്വകാര്യതയിൽ, തന്റെ മരിച്ചുപോയ പിതാവിന്റെ മുഖമോർത്ത് ആ പിതാവിനെക്കാളും തന്നെ സ്നേഹിക്കുന്നവനാണ് ദൈവമെന്ന ബോധ്യത്തോടെ അവർ സ്വർഗ്ഗസ്ഥനായ പിതാവേ എന്ന് വിളിച്ചു പ്രാർത്ഥിച്ചു. ആ നിമിഷം തുടങ്ങി അവരുടെ ജീവിതം കീഴ്മേൽ മറിഞ്ഞു. ജീവിക്കുന്ന ദൈവത്തിന്റെ സജീവ സാന്നിധ്യം ഓരോ നിമിഷാർത്ഥത്തിലും അനുഭവിച്ചു കൊണ്ട്, തന്റെ ജീവനെപ്പോലും തൃണവൽക്കരിക്കുമാറ് അവരിന്ന് വലിയൊരു സാക്ഷ്യ ജീവിതം നയിക്കുന്നു തന്റെ ജീവിതകഥക്ക് അവർ കൊടുത്ത പേരും അതുതന്നെ "I DARED TO CALL HIM FATHER".

പ്രീയരേ, നാമെത്ര ആയിരം തവണ സ്വർഗ്ഗസ്ഥനായ പിതാവേ എന്നു വിളിച്ച് പ്രാർത്ഥിച്ചിരിക്കുന്നു? എന്തേ ഒരു മാറ്റവും ഉണ്ടാകാത്തത്? ഹൃദയത്തിന്റെ ആഴങ്ങളിൽ നിന്നും, ബോധ്യത്തോടെ, അവിടുത്തെ പിതാവേ എന്നു വിളിക്കാനുള്ള കൃപ ലഭിക്കുന്നതാനായി നമുക്ക് പ്രാർത്ഥിക്കാം. ഉറച്ച ബോധ്യത്തോടെയും സ്നേഹത്തോടെയും അവിടുത്തെ 'പിതാവേ' എന്നു വിളിച്ച് പ്രാർത്ഥിച്ചാൽ തീർച്ചയായും അത് വലിയ മാറ്റങ്ങൾ തമ്മിലുണ്ടാക്കും.

**സമാധാനാശംസകൾ**

പുരോഹിതൻ വിശ്വാസികളുടെ സമൂഹത്തിന് ആവർത്തിച്ച് സമാധാനം ആശംസിക്കുന്നു. ഈ ഭാഗത്ത് കൃത്യമായി പറഞ്ഞാൽ 3 സമാധാനാശംസകളാണ് ഉള്ളത്. ഉദ്ത്ഥിതനായ കർത്താവ് ആവർത്തിച്ച് തന്റെ ശിഷ്യൻമാർക്കും

www.malankaralibrary.com

പ്രീയപ്പെട്ടവർക്കും പ്രത്യക്ഷപ്പെടുകയും, ഓരോതവണയും അവർക്ക് സമാധാനം ആശംസിക്കുകയും ചെയ്തതിനെ ഓർമ്മപ്പെടുത്തുന്നു. വൈദികൻ ആവർത്തിച്ച് നൽകുന്ന സമാധാനാശംസകൾ.

മൂന്നാമത്തെ ആശീർവാദത്തിലൂടെ ശിഷ്യൻമാരെ ഒലിവ് മലയിലേക്ക് കൂട്ടികൊണ്ട് പോയി ഇരുകരങ്ങളും ഉയർത്തി അവരെ അനുഗ്രഹിച്ചുകൊണ്ട്, സ്വർഗ്ഗാരോഹണം ചെയ്തതിനു സമം.

ഇതിനിടയിൽ ശുശ്രൂഷകൻ നമ്മെ ഓർമ്മപ്പെടുത്തുന്നു, വിശുദ്ധരഹസ്യങ്ങളെ കൈകൊള്ളുന്നതിനു മുമ്പ് കരുണയുള്ള കർത്താവിന്റെ മുമ്പാകെ നാം തലകുനിക്കണം, എന്ന്. ദൈവ ജനം 'തലകുനിക്കുന്നു' എന്നു പറയുകയും തല കുനിച്ച് നിൽക്കുകയും ചെയ്യുന്നു.

തല കുനിക്കുന്നതിലൂടെ, വി. കുർബ്ബാന സ്വീകരിക്കാൻ ഞാൻ യോഗ്യനല്ലെന്നും അയോഗ്യനായ എനിക്ക് ദൈവം തന്റെ സ്നേഹത്തിന്റെ പൂർണ്ണതയിൽ നൽകുന്ന വലിയ ദാനമാണ് വി. കുർബ്ബാനയെന്നും ഞാൻ ഓർക്കുന്നു. അതിനാൽതന്നെ ഞാനിത് സ്വീകരിക്കുന്നത് ദൈവത്തോടുള്ള വിധേയത്വത്തിലും അനുസരണത്തിലും ആണെന്ന് സ്വയം ഓർമ്മപ്പെടുത്തുകയും, സാക്ഷ്യപ്പെടുത്തുകയും ചെയ്യുന്നു ഈ തല കുനിയ്ക്കലിലൂടെ. തല കുനിച്ചു നിൽക്കുന്ന ഓരോ വിശ്വാസിയുടെയും ഹൃദയത്തിൽ ഈ ഭാവം/ചിന്ത ഉണ്ടാകണം.

### തിരു ശരീരരക്തങ്ങളുടെ ആഘോഷം

പുരോഹിതൻ തിരുശരീരരക്തങ്ങൾ ഉയർത്തി ആഘോഷിക്കുന്നത് നമ്മുടെ കർത്താവിന്റെ സ്വർഗ്ഗാരോഹണത്തെ സൂചിപ്പിക്കുന്നു. പീലാസാ ഉയർത്തുമ്പോൾ കർമ്മികൻ ഇങ്ങനെയാണ് പ്രഖ്യാപിക്കുന്നത് "വിശുദ്ധമായവ വിശുദ്ധിയും വെടിപ്പുമുള്ളവർക്ക് നൽക്കപ്പെടുന്നു" എന്നു പറഞ്ഞാൽ ഈ വിരുന്ന് വിശുദ്ധിയും ഒരുക്കവും ഉള്ളവർക്കായി മാത്രം ഒരുക്കപ്പെട്ടിരിക്കുന്നു എന്നാണല്ലോ അർത്ഥം? അങ്ങനെയെങ്കിൽ ഞാനെത്ര


www.malankaralibrary.com


മാത്രം യോഗ്യനാണ് ഈ ദാനം സ്വീകരിക്കാൻ ഈ ഭൂമിയിൽ ജീവിക്കുന്ന ഒരു മനുഷ്യനും നാവിൻ തുമ്പിലേക്ക് പരമപരിശുദ്ധനായ ദൈവത്തെ സ്വീകരിക്കാൻ മാത്രം വിശുദ്ധിയിലേക്ക് ഒരുതരത്തിലും വളരുന്നില്ല.


അതിനാലാണ് പുരോഹിതന്റെ ഈ പ്രഖ്യാപനത്തിന് പ്രത്യുത്തരമായി ദൈവജനം പറയുന്നത് "പരിശുദ്ധനായ ഏക പിതാവും, പരിശുദ്ധനായ ഏക പുത്രനും, പരിശുദ്ധനായ ഏക റൂഹായും അല്ലാതെ പരിശുദ്ധനില്ല" എന്ന് ദൈവതിരുമുമ്പിൽ ഞാനെന്റെ അയോഗ്യത ഏറ്റുപറയുന്നു. യഥാർത്ഥത്തിൽ ഈ അയോഗ്യതയുടെ ഏറ്റുപറച്ചിലാണ് വിശുദ്ധ കുർബ്ബാനയാകുന്ന മഹാവിരുന്നിൽ സംബന്ധിക്കാനും, അവിടുത്തെ പുണ്യപാവനമായ തിരുശരീരരക്തങ്ങൾ സ്വീകരിക്കാനും എനിക്ക് യോഗ്യത നൽകുന്നതെന്നു പറയാം. അപ്പോൾ എത്രമാത്രം നുറുങ്ങിയ ഹൃദയത്തോടെ, ആത്മാർത്ഥതയോടെ, തീക്ഷണതയോടെ ഞാനീ പ്രാർത്ഥനകൾ നടത്തണം! തുടർന്ന് പരിശുദ്ധത്രീത്വത്തിലെ ഓരോ വ്യക്തികളെയും ദൈവജനം പുരോഹിതനോട് ചേർന്ന് സ്തുതിക്കുന്നു. "ഒന്നായിരിക്കുന്ന പിതാവിനും, പുത്രനും" എന്ന പ്രാർത്ഥനയിലൂടെ ഈ സമയത്ത് പുരോഹിതൻ തിരുശരീര രക്തങ്ങൾ ഇരു കരങ്ങളിലും വഹിച്ചുകൊണ്ട് ദൈവജനത്തിനു വേണ്ടി ഏറ്റു പറയുന്നു. "പിതാവും, പുത്രനും,പരിശുദ്ധറൂഹായും നമ്മോട് കൂടെ" എന്ന്! ദൈവപുത്രന്റെ സാന്നിധ്യമുള്ളിടത്ത് പിതാവും പരിശുദ്ധാ റൂഹായും സന്നിഹിതരാകുന്നു. ഈ അവസരത്തിൽ ഓരോ വിശ്വാസിയും പരിശുദ്ധ ത്രീത്വത്തിന്റെ സാന്നിധ്യം ആത്മീയമായി അനുഭവിക്കണമെന്നാണ് തിരുസഭ ആഗ്രഹിക്കുന്നത്.

www.malankaralibrary.com

## ധൂപ പ്രാർത്ഥനകൾ (കുക്കിലിയോൻ)







www.malankaralibrary.com

# അദ്ധ്യായം-8

## ധൂപ പ്രാർത്ഥനകൾ (കുക്കിലിയോൻ)

പരിശുദ്ധ ത്രീത്വത്തിന്റെ സാന്നിധ്യം പൂർണ്ണമായും, വിശുദ്ധ കുർബ്ബാനയിലൂടെ വിശുദ്ധ ത്രോണോസിൽ മേൽ സന്നിഹിതമായിരിക്കുന്ന ഈ അവസരത്തിൽ, ത്രീയേക ദൈവത്തോട് ഏറ്റം അടുത്തിരിക്കുന്നവരെ പ്രത്യേകം അനുസ്മരിക്കുകയും, അവരുടെ മദ്ധ്യസ്ഥം അപേക്ഷിക്കുകയും ചെയ്യുന്ന പ്രാർത്ഥനകളാണ് കൂക്കിലിയോനുകൾ. 'കൂക്കിലിയോൻ' എന്ന വാക്കിന് 'വൃത്തം' എന്നാണർത്ഥം. ഒരുവട്ടം പൂർണ്ണമായും പ്രാർത്ഥിക്കുന്നു എന്ന അർത്ഥത്തിലും, നമ്മുടെ പ്രാർത്ഥനകളിലെ അപൂർണ്ണതകളും, കുറവുകളും വിശുദ്ധരുടെ മദ്ധ്യസ്ഥത്താൽ നികത്തപ്പെടുന്നു എന്ന അർത്ഥത്തിലുമാണ് 'കൂക്കിലിയോൻ' എന്ന വാക്ക് ഉപയോഗിക്കുന്നത്.

1 പരിശുദ്ധ ദൈവമാതാവ്
2 വിശുദ്ധർ
3 പരേതരായ ആചാര്യൻമാർ
4 പരേതരായ വിശ്വാസികൾ
5 വിശുദ്ധ സ്ലീബാ -എന്നിങ്ങനെ അഞ്ച് കുക്കിലിയോനുകൾ ആണുള്ളത്.

സങ്കീർത്തനങ്ങളുടെ മദ്ധ്യേ, ഹല്ലേലുയ്യാ എന്ന് ചേർത്ത് പാടുന്ന രീതിയാണ് കുക്കിലിയോനുകൾക്ക് ഉള്ളത്. സഭയുടെ പഠനങ്ങൾ അനുസരിച്ച് മരിച്ച് പോയവരും, ജീവിച്ചിരിക്കുന്നവരുമായ എല്ലാ വിശ്വാസികളും ഒന്നിച്ചാണ് ഓരോ വിശുദ്ധ ബലിയും അർപ്പിക്കുന്നത്. നമ്മുടെ പ്രാർത്ഥനകളോടൊപ്പം അവരുടെ പ്രാർത്ഥനകളും, സുഗന്ധ ധൂപത്തോടൊപ്പം ദൈവസന്നിധിയിലേക്ക് ഉയരുന്നു. ഇത് പ്രതീകാത്മകമായി കാണിക്കുന്നതിനാണ് ധൂപാർപ്പണത്തോട് കൂടി ഒരോ കുക്കിലിയോനും ചൊല്ലുന്നത്.

1 നിന്നാൾ സ്തുതിയുടെ രാജമകൾ........(പ. ദൈവമാതാവ്)
സങ്കീ: 45:9-11

www.malankaralibrary.com

2 നയവാൻ പനപോലെ തളിർത്തിടുമേ..........(വിശുദ്ധർ) സങ്കീ: 92:12-14

3 ചാർത്തും നീതിയെ നിന്നാചാര്യർ.........(പരേതരായ ആചാര്യർ) സങ്കീ: 132:9-12

4 മക്കളിലപ്പൻ കൃപ ചെയ്തതു.പോലെ................( പരേതരായ വിശ്വാസികൾ) സങ്കീ: 103:13-15

5 നിന്നാൾ വൈരിയെ വീഴ്ത്തും................(വി. ശ്ലീഹാ) സങ്കീ: 45: 5-7

ഇവയിൽ നിന്നും കാലോചിതവും, സന്ദർഭോചിതവുമായവയാണ് പുരോഹിതൻ ചൊല്ലുന്നത്. കുക്കിലിയോൻ പ്രാർത്ഥനയിൽ കാണുന്ന ചില സുറിയാനി വാക്കുകളാണ് താഴെ പറയുന്നത്.

**എക്ബോ =** പ്രത്യേക പ്രാർത്ഥന. ധ്യാനനിരതരായി ദൈവത്തിൽ ലയിച്ചിരുന്ന സഭാ പിതാക്കൻമാരുടെ ഹൃദയത്തിൽ ഉരുത്തിരിഞ്ഞ മനോഹരങ്ങളായ പ്രാർത്ഥനാ ഗീതങ്ങളാണിവ.

**കോലോ =** ശബ്ദം ഇപ്രകാരമുള്ള അവരുടെ പ്രാർത്ഥനകൾക്ക് അവർകേട്ട സ്വർഗ്ഗീയ മറുപടികൾ ആണ് കോലോകൾ.

**ബോവൂസോ=** സംഭാഷണം വിശുദ്ധരായ, പ്രാർത്ഥനാ വീരൻമാരായ, സഭാപിതാക്കൻമാർ സ്വർഗ്ഗവുമായി നടത്തിയ സംഭാഷണങ്ങളുടെ ഗാനരൂപങ്ങളാണിവ.

**മറയിടുന്നു**

ക്രിസ്തുവിന്റെ സ്വർഗ്ഗാരോഹണത്തെ തുടർന്ന് അവിടുന്ന് അദൃശ്യനായതിനെ സൂചിപ്പിക്കുകയാണ് ഈ മറയിടീൽ. തന്റെ മഹത്വമേറിയ രണ്ടാം വരവിനെ (അതാണല്ലോ സഭയുടെ എക്കാലത്തെയും വലിയ പ്രാർത്ഥന! മാറാനാത്താ= കർത്താവായ യേശുവേ, വേഗം വരേണമേ) പ്രത്യാശയോടെ കാത്തുനിൽക്കുന്ന വിശ്വാസികൾ മറക്ക് പുറത്ത് നിൽക്കുന്നു. വി. കുർബ്ബാന കാലത്തിലൂടെയുള്ള ഒരു യാത്രയാണ്, അല്ലെങ്കിൽ വിശുദ്ധ ഗ്രന്ഥത്തിലെ ആദ്യ വചനം തുടങ്ങി അവസാന തിരുവചനം വരെയുള്ള ഒരാഘോഷമാണല്ലോ അത്. പ്രപഞ്ച സൃഷ്ടി തുടങ്ങി ഒരുക്ക ശുശ്രൂഷയിൽ പഴയ നിയമ കാലഘട്ടത്തെ അനുസ്മരിച്ച് നാം സങ്കീർത്തനങ്ങൾ ആലപിച്ച്, പരസ്യശുശ്രൂഷയിൽ

www.malankaralibrary.com

യേശുവിന്റെ ജനനം, ജ്ഞാനസ്നാനം ഇവയിലൂടെ കടന്ന് തന്റെ പരസ്യ ജീവിതം, പീഡാസഹനം കുരിശുമരണം, പുനരുത്ഥാനം, പ്രത്യക്ഷപ്പെടലുകൾ, സ്വർഗ്ഗാരോഹണം ഇങ്ങനെ ക്രമാനുഗതമായി മുന്നേറി വിശുദ്ധ കുർബ്ബാന വർത്തമാന കാലത്തിൽ എത്തി നിൽക്കുന്ന സമയമാണിത്.

മറക്കുള്ളിൽ പുരോഹിതൻ വിശുദ്ധ ത്രോണോസിനെ വന്ദിച്ച് പ്രാർത്ഥിച്ചശേഷം വിശുദ്ധ കുർബ്ബാന സ്വീകരിക്കുന്നു. തുടർന്നദ്ദേഹം തിരുശരീര രക്തങ്ങൾ ഇരുകരങ്ങളിലും പിടിച്ചുകൊണ്ട് ആഘോഷപൂർവ്വം ജനത്തിനു നേരെ വരികയും, തിരുശരീര രക്തങ്ങൾ കൊണ്ട് വിശ്വാസികളെ ആശീർവദിക്കുകയും ചെയ്യുന്നു.


ഇവിടെ മറ നീക്കുന്നത് ക്രിസ്തുവിന്റെ തേജസുറ്റ രണ്ടാം വരവിനെയാണ് സൂചിപ്പിക്കുന്നത്. പള്ളിമണികൾ മുഴക്കുന്നത് മാലാഖമാരുടെ കാഹളധ്വനിയെയും, കത്തിച്ച മെഴുകുതിരികളുമായി ഇരു വശങ്ങളിലും നിൽക്കുന്ന ശുശ്രൂഷകർ മാലാഖമാരുടെ അകമ്പടിയെയും സൂചിപ്പിക്കുന്നു.

പുരോഹിതൻ ഈ സമയം പ്രാർത്ഥിക്കുന്നു “കർത്താവേ നിന്റെ അദൃശ്യമായ വലതുകരം നീട്ടി നിന്റെ ആരാധകരുടെ ഈ വൃന്ദത്തെ ആശീർവാദിക്കേണമേ” എന്ന്. ഈ സമയത്ത് വിശ്വാസികൾ ശിരസ്സു നമിച്ച്, സൗഖ്യം നൽകുന്ന, അനുഗ്രഹാദയകമായ, മുറിവേറ്റ പൊൻകരങ്ങൾ തങ്ങളുടെ ശിരസ്സിൽ അനുഭവിക്കണമെന്ന് സഭ ആഗ്രഹിക്കുന്നു. (ഒപ്പം ഹൃദയത്തിൽ പ്രാർത്ഥിക്കണം “തമ്പുരാനെ, നിന്റെ 2-ാം ആഗമനത്തിൽ നിന്റെ പ്രിയപ്പെട്ടവരോടൊപ്പം ആ നിത്യ വിരുന്നിലേക്ക് അയോഗ്യനായ എന്നെയും കൃപയോടെ സ്വീകരിക്കേണമേ” എന്ന്)

സമ്പൂർണ്ണമായ ആഘോഷത്തിന്റെ സമയമായതിനാലാണ്, ദേവാലയത്തിലെ എല്ലാ മണികളും ഈ സമയത്ത് ആഘോഷപൂർവ്വം കിലുക്കുന്നത്.

www.malankaralibrary.com

# വിശുദ്ധ കുർബ്ബാന സ്വീകരണം



സത്യം സത്യമായി ഞാൻ നിങ്ങളോട് പറയുന്നു, നിങ്ങൾ മനുഷ്യപുത്രന്റെ ശരീരം ഭക്ഷിക്കുകയും രക്തം പാനം ചെയ്യുകയും ചെയ്യുന്നില്ലെങ്കിൽ നിങ്ങൾക്ക് ജീവൻ ഉണ്ടായിരിക്കുകയില്ല. എന്റെ ശരീരം ഭക്ഷിക്കുകയും എന്റെ രക്തം പാനം ചെയ്യുകയും ചെയ്യുന്നവന് നിത്യജീവനുണ്ട്. അവസാന ദിവസം ഞാനവനെ ഉയിർപ്പിക്കും. (യോഹ. 6:53-54)

“തിരുവോസ്തിയിൽ നിന്നും വേറിട്ടാവരുത് നിന്റെ ജീവിതം. വിശുദ്ധ കുർബാനയിൽ നിന്നും അകന്നു പോകുന്ന ആ നിമിഷത്തിൽ എന്തോ ചിലത് താറുമാറായി പോകുന്നുണ്ട് ജീവിതത്തിൽ. ‘സ്വീകരിക്കുന്നതിനേക്കാൾ ’ ഉൾക്കൊള്ളുന്നതാണ് വിശുദ്ധ കുർബാന”

*വാഴ്ത്തപ്പെട്ട മദർതെരേസ*



www.malankaralibrary.com

# അദ്ധ്യായം -9

## വിശുദ്ധ കുർബ്ബാന സ്വീകരണം

ഇത് യാഗവിരുന്നാണ്. സ്വർഗ്ഗീയ ജെറുസലേമിൽ നമ്മുടെ കർത്താവിനോടൊന്നിച്ചുള്ള നിത്യവിരുന്നിന്റെ യഥാർത്ഥ മുന്നാസ്വാദനമാണ്. ഓരോ വിശുദ്ധ കുർബ്ബാന സ്വീകരണങ്ങളും ധൂർത്ത പുത്രനുവേണ്ടി സ്നേഹപിതാവ് ഒരുക്കുന്ന മഹാസദ്യയായും സ്വർഗ്ഗീയ മണവാളനായ യേശുക്രിസ്തു തന്റെ മണവാട്ടിയായ തിരുസഭയ്ക്കുവേണ്ടി സ്വന്തം ശരീരരക്തങ്ങളാൽ ഒരുക്കുന്ന വിരുന്നായും വിശുദ്ധ കുർബ്ബാന സ്വീകരണത്തെ മനസ്സിലാക്കേണ്ടതാണ്. വിശുദ്ധ കുർബ്ബാന സ്വീകരണവുമായി ബന്ധപ്പെട്ട ചില ചിന്തകൾ കൂടെ ചേർത്തുവയ്ക്കട്ടെ!

**1. കഴിയുന്നത്രയും വിശ്വാസികൾ** വിശുദ്ധ കുർബ്ബാന സ്വീകരിക്കണം. ഒരു വലിയ വിരുന്നൊരുക്കി കാത്തിരിക്കുന്ന സ്നേഹപിതാവായ ദൈവത്തെ ഏറെ വേദനിപ്പിക്കുന്ന ഒന്നാണ്, വിശുദ്ധ കുർബ്ബാനയിൽ പങ്കെടുക്കാനെത്തുന്നവരിൽ പകുതിയിലേറെപ്പേർ വിശുദ്ധ കുർബ്ബാന സ്വീകരിക്കാതെ മടങ്ങിപ്പോകുന്നത്. യേശുനാഥൻ വിശുദ്ധകുർബ്ബാന സ്ഥാപിക്കുന്ന വേളയിൽ പറയുന്നല്ലോ ലൂക്കോ: 22:15"നിങ്ങളോട് കൂടെ ഈ പെസഹാ ഭക്ഷിക്കുന്നതിന് ഞാൻ അത്യധികം ആഗ്രഹിച്ചു" എന്ന്.

ഇന്ന് ദൈവാനുഗ്രഹത്താൽ നമുക്ക് ധാരാളം ദേവാലയങ്ങളുണ്ട്, ആവശ്യത്തിനു പുരോഹിതരുണ്ട്, ഇങ്ങനെ എല്ലാ സാഹചര്യങ്ങളും ഉണ്ടായിട്ടും നാം വി.കുമ്പസാരം നടത്തി വി. കുർബ്ബാന സ്വീകരിക്കാൻ ഒരുക്കമുള്ളവരായി വന്ന് വിരുന്നിൽ പങ്കുകാരാകാതെ കേവലം കാഴ്ചക്കാരായി നിന്ന് വി. കുർബ്ബാന തീരുമ്പോൾ നാട്ടുവിശേഷവും പറഞ്ഞ് പിരിഞ്ഞു പോകുമ്പോൾ കൂടെ വസിക്കാനാഗ്രഹിക്കുന്ന തമ്പുരാൻ, എന്റെ ഉള്ളിൽ കടന്ന് വരാൻ കൊതിയോടെ കാത്തിരിക്കുന്നവൻ, അവിടുന്ന് വേദനിക്കുന്നു. അതുകൊണ്ട് പ്രീയരെ, നമുക്ക് ഒരുക്കമുള്ളവരായി കടന്നുവരാം. വി.കുർബ്ബാന സ്വീകരിക്കുന്നത് ഒരു ശീലമാക്കി മാറ്റാം കൂടെ വസിക്കാനാഗ്രഹിക്കുന്നവനെ സ്വീകരിക്കാതിരിക്കരുത്. എമ്മാവൂസിലേക്ക് പോയ ശിഷ്യൻമാർ (ലൂക്കോ: 24: 13-34) അവർ മ്ളാനവദനരായിരുന്നു, നിരാശയിലായിരുന്നു പക്ഷേ രണ്ടു കാര്യങ്ങൾ അവർ ശരിയായി ചെയ്തു

www.malankaralibrary.com

1. കൂടെ നടന്ന് തിരുവചനങ്ങൾ വ്യാഖ്യാനിച്ച് കൊടുത്തപ്പോൾ അവർ ശ്രദ്ധാപൂർവ്വം അത് ശ്രവിച്ചു സ്വീകരിച്ചു.
2. ലൂക്കോ: 24:29 "അവർ അവനെ നിർബന്ധിച്ചുകൊണ്ട് പറഞ്ഞു ഞങ്ങളോട് കൂടെ താമസിക്കുക".

ഈ രണ്ടു കാര്യങ്ങൾ ശരിയായി ചെയ്തപ്പോൾ അവർക്ക് യഥാർത്ഥ യേശു അനുഭവമായി അത് മാറി. ഞാൻ ചെയ്യേണ്ടതും ഇതുതന്നെയല്ലേ?

## 2. യോഗ്യതയോടെ സ്വീകരിക്കണം

1 കോറി 11:30 "നിങ്ങളിൽ പലരും രോഗികളും ദുർബലരും ആയിരിക്കുന്നതിനും, ചിലർ മരിച്ച് പോകാനും കാരണമിതാണ് " അയോഗ്യതയോടെ ഒരിക്കലും വി. കുർബ്ബാനയെ സമീപിക്കരുത്. ഹൃദയത്തിൽ ദുഷ്ടചിന്തയോടെ, പാപ വിചാരത്തോടെ കർത്താവിന്റെ കരങ്ങളിൽ നിന്നും ശരീരരക്തങ്ങൾ സ്വീകരിച്ചപ്പോൾ ശിഷ്യത്വത്തിന്റെ ഔന്നിത്യത്തിൽ നിന്നും ശാപത്തിന്റെ തമോ ഗർത്തങ്ങളിൽ ചെന്നു പതിച്ച യൂദാസ് നമ്മുടെ മുമ്പിലുണ്ട്. യോഹന്നാൻ 13:27 'അപ്പകഷ്ണം സ്വീകരിച്ചതിനെ തുടർന്ന് സാത്താൻ അവനിൽ പ്രവേശിച്ചു'. കേവലം അപ്പകഷ്ണമായല്ല, മറിച്ച് ജീവൻ തുടിക്കുന്ന തമ്പുരാന്റെ ശരീരരക്തങ്ങളായി ബോധ്യത്തോടെ, യോഗ്യതാപൂർവ്വം ഓരോ ദിവ്യബലിയിലും നമുക്ക് ഈശോയെ സ്വീകരിക്കാം.

ഏശയ്യാ പ്രവാചകന് തന്റെ അശുദ്ധി നീക്കപ്പെടുന്നതിനും, പാപം ക്ഷമിക്കപ്പെടുന്നതിനുമായി സെറാഫുകളിലൊന്ന് ബലിപീഠത്തിൽ നിന്നും കൊടിൽ കൊണ്ടു തീക്കട്ട നാവിൽ തൊടുവിക്കുന്നതുപോലെ (ഏശയ്യാ 6:6,7) യാണ് "തിരുശരീരരക്തങ്ങളാകുന്ന തീക്കട്ട പാപമോചനത്തിനും, നിത്യജീവനുമായി സത്യവിശ്വാസിക്ക് നൽകപ്പെടുന്നത് ".

ഏശയ്യാ പ്രവചനങ്ങൾ 6-ാം അദ്ധ്യായം 5 മുതലുള്ള വാക്യങ്ങളിൽ 3 കാര്യങ്ങൾ നമുക്ക് കാണാം.

ഒന്നാമതായി ഏശയ്യാ 6: 5 ൽ നാം വായിക്കുന്നു ദൈവീക മഹത്വം ദർശിക്കുന്ന പ്രവാചകൻ നിലവിളിക്കുന്നു. 'ഞാൻ അശുദ്ധമായ നാവുള്ളവനും, അശുദ്ധിയുടെ മദ്ധ്യേ ജീവിക്കുന്നവനുമാകുന്നു.' ഈ ഒരു ഭാവമാണ് വിശുദ്ധ കുർബ്ബാന സ്വീകരണത്തിനായി കടന്നു വരുന്ന വിശ്വാസിക്ക് ഉണ്ടായിരിക്കേണ്ടത്. ഞാൻ പാപിയാകുന്നു ദൈവമേ, എനിക്ക് നിന്നെ സ്വീകരിക്കാൻ

www.malankaralibrary.com

യോഗ്യത ഉണ്ടായിട്ടല്ല, മറിച്ച് അങ്ങേ കരുണയിൽ ആശ്രയിച്ച് കൊണ്ടാണ് ഞാൻ വി.കുർബ്ബാന സ്വീകരിക്കുന്നത്. ഞാനെത്ര വിശുദ്ധമായ ഒരു കുമ്പസാരം കഴിഞ്ഞാണ് വരുന്നതെങ്കിലും പരമ പരിശുദ്ധനായവനെ നാവിൽ തുമ്പിലേക്ക് സ്വീകരിക്കാനുള്ള വിശുദ്ധിയിലേക്ക് അതൊന്നും എന്നെ വളർത്തുന്നില്ല. അതുകൊണ്ടാണല്ലോ വി. കുർബ്ബാനയെ ദിവ്യകാരുണ്യം എന്ന് വിളിക്കുന്നത്.

രണ്ടാമതായി ഏശയ്യാ 6: 6,7 "അപ്പോൾ സെറാഫുകളിലൊന്ന് ബലിപീഠത്തിൽ നിന്നും കൊടിൽ കൊണ്ട് എടുത്ത ഒരു തീക്കട്ടയുമായി എന്റെ അധരങ്ങളെ സ്പർശിച്ചിട്ട് പറഞ്ഞു ഇത് നിന്റെ അധരങ്ങളെ സ്പർശിച്ചിരിക്കുന്നു. നിന്റെ മാലിന്യം നീക്കപ്പെട്ടു നിന്റെ പാപം ക്ഷമിക്കപ്പെട്ടിരിക്കുന്നു." വി. കുർബ്ബാന നാവിലേക്ക് സ്വീകരിച്ചു കഴിഞ്ഞ വിശ്വാസിയുടെ അവസ്ഥയാണിത്. ഹൃദയത്തിന്റെ ആഴങ്ങളിലേക്ക് ഈ ബോധ്യം ഉണ്ടാകട്ടെ. "എന്റെ മാലിന്യങ്ങൾ നീക്കപ്പെട്ടു പാപങ്ങൾ ക്ഷമിക്കപ്പെട്ടു".

മൂന്നാമതായി ഏശയ്യാ 6:8 "അതിനുശേഷം കർത്താവ് അരുളിച്ചെയ്യുന്നത് ഞാൻ കേട്ടു ആരെയാണ് ഞാനയ്ക്കുക? ആരാണ് നമുക്കുവേണ്ടി പോവുക? അപ്പോൾ ഞാൻ പറഞ്ഞു ഇതാ ഞാൻ, എന്നെ അയച്ചാലും!" ഞാൻ വിശുദ്ധ കുർബ്ബാന സ്വീകരിക്കുമ്പോൾ ഒരു വലിയ ദൗത്യം എന്നെ ഭരമേൽപിച്ചിരിക്കുകയാണ്. ഇന്നും കർത്താവ് ചോദിക്കുന്നു ആരെയാണ് ഞാനയ്ക്കുക? ആരാണ് നമുക്കുവേണ്ടി പോകുക? വി. കുർബ്ബാന സ്വീകരിക്കുന്ന ഓരോ വിശ്വാസിയും അഭിഷേകം ചെയ്യപ്പെട്ടവനാണ്, അയക്കപ്പെട്ടവനാണ്, പ്രേഷിതനാണ്, തന്റെ കുടുംബത്തിൽ,ഇടവകയിൽ, സമൂഹത്തിൽ ഞാനെവിടെയൊക്കെ ആയിരിക്കുന്നുവോ അവിടെ എല്ലാം ക്രിസ്തുവിന്റെ സാക്ഷിയായി അനേകർക്ക് മാതൃകയായി, കൊളുത്തി വയ്ക്കപ്പെട്ട ദീപമായി, ഭൂമിയുടെ ഉപ്പായി മാറാനുള്ള വലിയ ഒരു ഉത്തരവാദിത്വം ഞാനേറ്റെടുക്കുന്നു. ഓരോ വിശുദ്ധ കുർബ്ബാന സ്വീകരണത്തിലും ചുരുക്കിപ്പറഞ്ഞാൽ 3 തലങ്ങളാണ് ഉള്ളത്.

1 താൻ അയോഗ്യനാണെന്ന തിരിച്ചറിവ്.

2 മാലിന്യം നീക്കപ്പെടുന്നു, പാപം ക്ഷമിക്കപ്പെടുന്നു, യോഗ്യനാക്കപ്പെടുന്നു.

www.malankaralibrary.com

3 യോഗ്യനാക്കപ്പെട്ടവൻ അയക്കപ്പെടുന്നു- പ്രേഷിത ദൗത്യം

ഈ മൂന്ന് തലങ്ങൾ എന്നിൽ പൂർത്തിയാകുമ്പോഴാണ് ഞാൻ യഥാർത്ഥത്തിൽ വി.കുർബ്ബാനയിൽ ഈശോയെ നേടുന്നത്. ഈ അവസ്ഥയിലാണ് പൗലോസ് അപ്പോസ്തോലൻ ആവർത്തിച്ചു പറയുന്നത്.

“ഇനിമേൽ ഞാനല്ല, ക്രിസ്തുവത്രേ എന്നിൽ ജീവിക്കുന്നത്” എന്ന് .

വിശുദ്ധ കുർബ്ബാന നൽകിയതിനു ശേഷം അന്ത്യവിധിയെ ഓർമ്മപ്പെടുത്തുമാറ് പുരോഹിതൻ കാസായും പീലാസായും വഹിച്ചിരിക്കുന്ന കരങ്ങൾ ഇടത്തേക്കും വലത്തേക്കും മാറ്റുന്നു. അന്ത്യവിധിയിൽ മനുഷ്യവംശത്തെ മുഴുവനും ഇടത്തേക്കും വലത്തേക്കും തിരിക്കുന്നതിനു സമമാണിത്.

മത്തായി 25:31 ‘മനുഷ്യ പുത്രൻ എല്ലാ ദൂതൻമാരോടും കൂടെ തന്റെ മഹത്വത്തിൽ എഴുന്നെള്ളുമ്പോൾ അവൻ തന്റെ മഹിമയുടെ സിംഹാസനത്തിൽ ഉപവിഷ്ഠനാകും. അവന്റെ മുമ്പിൽ എല്ലാ ജനതകളും ഒരുമിച്ച് കൂട്ടപ്പെടും, ഇടയൻ ചെമ്മരിയാടുകളെ കോലാടുകളിൽ നിന്നും വേർതിരിക്കുന്നതു പോലെ അവൻ അവരെ തമ്മിൽ വേർതിരിക്കും. അവൻ ചെമ്മരിയാടുകളെ തന്റെ വലതു വശത്തും കോലാടുകളെ ഇടതുവശത്തും നിറുത്തും.

വിശുദ്ധ കുർബ്ബാന നൽകിയശേഷം ദിവ്യരഹസ്യങ്ങളുമായി പുരോഹിതൻ വി. ത്രോണോസിലേക്ക് മടങ്ങിപോകുന്നത അന്ത്യവിധിക്കുശേഷം തന്റെ തിരഞ്ഞെടുക്കപ്പെട്ടവരുമായി യേശു പിതാവിന്റെ ഒരുക്കപ്പെട്ട ഭവനത്തിലേക്ക് കടന്നുപോകുന്നതിന് തുല്യം.


ഈ സമയം വിശ്വാസികളുടെ സമൂഹം യേശുക്രിസ്തുവിനെ “ഭൂവാകെ നമിക്കും നിന്നെ.....” എന്ന സ്തോത്രഗീതം പാടി ആരാധിക്കുന്നു.

**കൃതജ്ഞതാ പ്രാർത്ഥനകൾ**

തിരുശരീര രക്തങ്ങൾ അനുഭവിക്കാനിടയാക്കിയ ദൈവീക സ്നേഹത്തിനും, കരുണയ്ക്കും, ദൈവജനത്തിന്റെ പ്രതിനിധിയായി നിന്നുകൊണ്ട് പുരോഹിതൻ നന്ദി പറയുന്നു.

www.malankaralibrary.com

## സമാപന ആശിർവാദം



**ദൈവം സ്നേഹമാണ്, അതുകൊണ്ട് തന്റെ സന്തോഷത്തിന്റെ വിരുന്നിൽ നമ്മെ പങ്കെടുപ്പിക്കാനും, തന്റെ ആശീർവാദം നൽകാനും അവിടുന്ന് ആഗ്രഹിക്കുന്നു.**

**( Youcat -170)**

**(കത്തോലിക്കാ സഭയുടെ യുവജനമത ബോധന ഗ്രന്ഥം)**

www.malankaralibrary.com

# അദ്ധ്യായം - 10

## സമാപന ആശീർവാദം

അവസാനമായി പരിശുദ്ധ ത്രീത്വത്തിന്റെ കൃപയ്ക്കും അനുഗ്രഹത്തിനും അർഹരാക്കി വിശുദ്ധ കുർബ്ബാനയാകുന്ന യാത്ര ഭക്ഷണത്തോടെ, വിശ്വസികളെ വൈദികൻ യാത്രയാക്കുന്നു. തനിക്കുവേണ്ടി നിരന്തരം പ്രാർത്ഥിക്കണമെന്ന് ഓർമ്മപ്പെടുത്തുകയും ചെയ്യുന്നു.

സമാപനാശീർവാദത്തിലെ ഓരോ വാക്കുകളും ശ്രദ്ധപൂർവ്വം ഒന്നു മനനം ചെയ്തു നോക്കുക അതിനപ്പുറം ഒരനുഗ്രഹമോ, ആശീർവാദമോ വേറെ നൽകാനില്ല. അത്രമാത്രം അർത്ഥപൂർണ്ണവും, മനോഹരവുമാണത്.

ആശീർവാദം കഴിഞ്ഞ് മറയിട്ടശേഷം, പുരോഹിതൻ വി. ത്രോണോസിനു മുമ്പാകെ മുട്ടുകുത്തി, രഹസ്യ പ്രാർത്ഥനകൾ ചൊല്ലുന്നു. കാസായിലും പീലാസായിലും അവശേഷിച്ചിരിക്കുന്ന തിരു ശരീരരക്തങ്ങൾ ഉൾകൊള്ളുന്നു. വി. കുർബ്ബാനയുടെ നിയോഗം വീണ്ടും ആവർത്തിക്കുന്നു. "പരിശുദ്ധവും, പാപപരിഹാരപ്രദവുമായ ബലിപീഠമേ, സമാധാനത്തോടെ വസിക്ക" എന്നാശംസിച്ച് മൂന്ന് തവണ ബലിപീഠം ചുംബിച്ച്, ബലിപീഠത്തോട് ഒരു വ്യക്തിയോടെന്നപോലെ, തന്റെ അവസാനബലിയെന്നോണം വിട പറയുന്നു.

പൗരസ്ത്യ ക്രിസ്തീയ ദർശനത്തിൽ ബലിപീഠമെന്നത് ക്രിസ്തുവിന്റെ കബറിടമാണ്. ജെറുസലേമിൽ വി. അനസ്താസിന്റെ ബസലിക്കായുടെ മദ്ധ്യത്തിലാണ് നമ്മുടെ കർത്താവിന്റെ കബറിടമെന്നാണ് വിശ്വാസം. അതിനു മുകളിലാണ് വിശുദ്ധ കുർബ്ബാന അർപ്പിക്കപ്പെടുന്നത്.

www.malankaralibrary.com

ഇത്ര വലിയൊരു ദൈവീക രഹസ്യത്തിൽ കേവല മനുഷ്യരായ നമ്മെയും ഭാഗഭാക്കാക്കിയതിൽ ഒരിക്കൽ കൂടി സ്വർഗ്ഗീയ പിതാവിന് നന്ദി പറയുന്നു. "സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ "...... എന്ന പ്രാർത്ഥനയിലൂടെ. പരിശുദ്ധ ദൈവമാതാവിനെയും നന്ദിയും സ്നേഹവും നിറഞ്ഞ മനസ്സോടെ ദൈവജനം അനുസ്മരിക്കുകയും "കൃപ നിറഞ്ഞ മറിയമേ"......എന്ന പ്രാർത്ഥന ചൊല്ലുകയും ചെയ്യുന്നു. ക്രിസ്തുവിന്റെ കരങ്ങൾക്ക് പകരം നിന്ന പുരോഹിതന്റെ കരങ്ങൾ മുത്തികൊണ്ട് നേർച്ച സമർപ്പിച്ച് വിശ്വസികൾ മടങ്ങി പോകുന്നു. പിരിഞ്ഞു പോകുന്ന ഓരോ വിശ്വാസിയുടെയും ഹൃദയത്തിൽ, ബലിപീഠത്തിലേക്ക്, യോഗ്യതാപൂർവ്വം ബലി അർപ്പിക്കുവാൻ ഇനിയും ഇടയാക്കേണമേ, തന്നെ മടക്കി കൊണ്ടുവരേണമേ എന്ന പ്രാർത്ഥനയുണ്ടാകണം.

സീറോ മലബാർ റീത്തിലെ വി.കുർബ്ബാനയുടെ വിടവാങ്ങൽ പ്രാർത്ഥന ശ്രദ്ധിക്കുക "വിശുദ്ധീകരണത്തിന്റെ ബലിപീഠമേ സ്വസ്തി. ഞങ്ങളുടെ കർത്താവിന്റെ കബറിടമേ സ്വസ്തി. നിന്നിൽ നിന്നും ഞാൻ സ്വീകരിച്ച വിശുദ്ധ കുർബ്ബാന കടങ്ങളുടെ പൊറുതിക്കും പാപങ്ങളുടെ മോചനത്തിനു കാരണമാകട്ടെ! ഇനിയൊരു ബലിയർപ്പിക്കുവാൻ ഞാൻ വരുമോ ഇല്ലയോ എന്നറിഞ്ഞുകൂടാ "!

ഈയൊരു മനോഭാവത്തോടെ, ഒരോ വിശുദ്ധ കുർബ്ബാനകളും, ഒരുപക്ഷേ ഇതിന്റെ ജീവിതത്തിലെ അവസാന ബലിയർപ്പണമായേക്കാം എന്നൊരു ചിന്തയോടെ ഞാൻ പങ്കെടുക്കുമ്പോൾ വലിയ മാറ്റങ്ങൾ തമ്മിൽ ഉണ്ടാകും.

www.malankaralibrary.com

## ഉപസംഹാരം

പ്രിയ സഹോദരങ്ങളെ, എല്ലാം സമർപ്പിക്കാവുന്ന സ്ഥലമാണ് നമ്മുടെ കർത്താവിന്റെ ബലിപീഠം, ഞാനെന്റെ 'വില' ഞാനെത്ര വിലപ്പെട്ടവനാണെന്ന്, ബഹുമാന്യനാണെന്ന് തിരിച്ചറിയുന്നത് വിശുദ്ധ ത്രോണോസിനു മുമ്പിൽ നിൽക്കുമ്പോഴല്ലേ? എനിക്കത്രമാത്രം വിലയുള്ളതുകൊണ്ടല്ലേ ദൈവം തന്നെ, എന്റെ രക്ഷയെ പ്രതി തന്റെ സകല മഹത്വവും ഉപേക്ഷിച്ച് ഈ മണ്ണിലേക്ക് ഇറങ്ങിവന്ന് എനിക്ക് വേണ്ടി ഇത്രയേറെ നിന്ദകളും, പീഡകളും സഹിച്ച് മരിച്ചത്? ഭൂ സ്വർഗ്ഗങ്ങളുടെ രാജാവായ മിശിഹാ നശ്വരനായ മനുഷ്യന്റെ വിധിവാചകത്തിനു മുന്നിൽ നിശ്ബ്ദനായി നിൽക്കുന്നത്. വി.ത്രോണോസിനു മുൻപിൽ നിന്നൊന്ന് ധ്യാനിക്കുക. ഞാനെത്രമാത്രം സ്നേഹിക്കപ്പെടുന്നു എന്ന് തിരിച്ചറിയുന്നത് അപ്പോഴാണ്!

ഇന്ന് കേരളക്കരയിലാകമാനം ധാരാളം ദേവാലയങ്ങളും, പുരോഹിതൻമാരും ഉണ്ട്. എല്ലാ പ്രഭാതത്തിലും ബലിഒരുക്കി സഭ നമ്മേ കാത്തിരിക്കുന്നു. സ്വർഗ്ഗത്തിലെ പിതാവ് നമ്മെ പ്രതീക്ഷയോടെ കാത്തിരിക്കുന്നു ഒരു ദൈവപൈതലിന് ഈ ബലിപീഠത്തിൽ നിന്നും ഈ സ്നേഹത്തിൽ നിന്നും എന്തെങ്കിലും കാരണത്താൽ അകന്നു നിൽക്കാനാകുമോ?

കർത്താവ് നമ്മെ ക്ഷണിക്കുന്നു. തന്റെ സ്നേഹത്തിലേക്ക്, തന്റെ കരുതലിലേക്ക്, തന്റെ കരുണയിലേക്ക്, Divine (Enghish) Retreat center ന്റെ Director ആയ ബഹുമാനപ്പെട്ട Dr Augustine Vallooran V.C അച്ചന്റെ വാക്കുകളോടെ ഉപസംഹരിക്കട്ടെ. Everything Offered at the Altar is accepted.

www.malankaralibrary.com

Accepted in the Heart of Jesus! Everything Accepted in the Heart of Jesus Is Annoynted by the Holy Spirit. Everything Annoynted by the Holy Spirit is TRANSFORMED.

(എല്ലാം സ്വീകരിക്കപ്പെടുന്ന ഒരൾത്താര, ഇവിടെ സ്വീകരിക്കപ്പെടുന്നതോരോന്നും ക്രിസ്തുവിന്റെ തിരുഹൃദയത്തിലേക്കാണ് സ്വീകരിക്കപ്പെടുന്നത്. ക്രിസ്തുവിന്റെ തിരുഹൃദയത്തിൽ സ്വീകരിക്കപ്പെടുന്നതെന്തും, അത് പരിശുദ്ധാത്മാവിനാൽ അഭിഷേകം ചെയ്യപ്പെടുന്നു. പരിശുദ്ധാത്മാവിനാൽ അഭിഷേകം ചെയ്യപ്പെടുന്നതിന് രൂപമാറ്റം സംഭവിക്കുന്നു.)

പ്രിയരെ, വിശുദ്ധ കുർബ്ബാനയിൽ പങ്കെടുക്കുകയും യാതൊരു രൂപമാറ്റവും സംഭവിക്കുകയും ചെയ്യുന്നില്ലെങ്കിൽ ഞാനാത്മശോധന ചെയ്യണം. കാരണം, വി.കുർബ്ബാന എന്നെ അടിമുടി മാറ്റി മറിക്കുന്നതാണ്. അത് നടക്കുന്നില്ല എങ്കിൽ എന്റെ ബലിയർപ്പണം കായേന്റെ ബലിപോലെ ബാഹ്യപ്രകടനം മാത്രമാണ്. വർഷങ്ങളായി നമ്മുടെ ദേവാലങ്ങളിൽ കിടക്കുന്ന മേശകളും, ബെഞ്ചുകളും, കസേരകളും, ഞാനും തമ്മിൽ എന്ത് വ്യത്യാസമാണുള്ളത്? അവയോരോന്നും, എല്ലാ ബലിയർപ്പണങ്ങളിലും ദേവാലയത്തിലുണ്ട്. പക്ഷേ, ഒരു മാറ്റവും സംഭവിക്കുന്നില്ല. എന്റെ കാര്യത്തിൽ അങ്ങനെയാകാൻ പാടില്ല. നമുക്ക് മാറ്റമുണ്ടാകട്ടെ. അതിന് ദൈവത്തിന്റെ പരിശുദ്ധാത്മാവ് നമ്മെ സഹായിക്കട്ടെ. പരിശുദ്ധ ദൈവ മാതാവ് നമ്മുടെകൂടെയായിരുന്ന് ഓരോ വിശുദ്ധ കുർബ്ബാനകളും ആനന്ദത്തിന്റെ വലിയ അനുഭവങ്ങളാക്കി മാറ്റട്ടെ എന്ന് പ്രാർത്ഥനയോടെ......

www.malankaralibrary.com

# അനുബന്ധം - I

## വി.കുർബ്ബാന ഫലദായകമാകാൻ

**1. ഒരുക്കത്തോടുള്ള ബലിയർപ്പണങ്ങൾ**

പ്രാർത്ഥിച്ചൊരുങ്ങുക, വി.കുമ്പസാരം നടത്തുക, ദേവാലയത്തിലേക്കുള്ള യാത്രയിൽ പ്രാർത്ഥനപൂർവ്വം സുകൃതജപങ്ങളോടെ നടക്കുക.

2 പ്രഭാത നമസ്കാരത്തിനു മുമ്പായി തന്നെ ദേവാലത്തിനുള്ളിൽ ആയിരുന്ന് പ്രാർത്ഥിച്ചൊരുങ്ങുക, വൈകിപ്പോകുന്ന അവസരത്തിൽ കർത്താവിനോട് മാപ്പ് ചോദിക്കുക, ആവർത്തിക്കുകയില്ലെന്ന് ഉറപ്പു നൽക്കുകയും ചെയ്യുക പരസ്യ ശുശ്രൂഷ ആരംഭിച്ചശേഷമാണ് എത്തുന്നതെങ്കിൽ കുമ്പസാരത്തിൽ ഏറ്റുപറയുക.

3 ക്ഷമിക്കുകയും, പൊറുക്കുകയും ചെയ്യുക, വിദ്വേഷം, വെറുപ്പ് എല്ലാം ഉപേക്ഷിച്ച് പ്രാർത്ഥിക്കുക. ക്ഷമിക്കാനായുള്ള കൃപ ലഭിക്കാൻ ആഗ്രഹത്തോടെ പ്രാർത്ഥിക്കുക.

4 വി.കുർബ്ബാന ക്രമം കൈയ്യിലെടുത്ത് വാക്കുകൾ ഹൃദയത്തിന്റെ ആഴങ്ങളിൽ നിന്നും ഉച്ചത്തിൽ അർത്ഥം മനസ്സിലാക്കി ചൊല്ലുക. എല്ലാ പ്രത്യുത്തരങ്ങളും വ്യക്തമായി പറയുക ഹൃദയം പ്രാർത്ഥിക്കട്ടെ!

5 ദൈവ വചനം/ സുവിശേഷം ഇവ ശ്രദ്ധാപൂർവ്വം, ആഗ്രഹത്തോടെ, എളിമയോടെ എപ്രകാരം വി.കുർബ്ബാന സ്വീകരിക്കുന്നുവോ അതേ തീക്ഷണതയോടെ സ്വീകരിക്കുക. മടങ്ങി വീട്ടിലെത്തിയശേഷം കേട്ട ഭാഗങ്ങൾ ഏകാന്തതയിൽ ശാന്തമായി ആവർത്തിച്ച് വായിക്കുകയും, അതിലൂടെ ദൈവസ്വരം വ്യക്തിപരമായി കേൾക്കുകയും, അനുഭവിക്കുകയും ചെയ്യുക.

6 കഴിയുന്നത്ര അവസരങ്ങളിൽ (എല്ലാ ബലികളിലും തന്നെ) വി.കുർബ്ബാന യോഗ്യതയോടെ സ്വീകരിക്കാൻ ഒരുങ്ങി വരിക.

7 സ്വീകരിക്കുന്ന വി. കുർബ്ബാന ക്രിസ്തുവിന്റെ തിരുശരീര രക്തങ്ങൾ ആണെന്നുള്ള ആഴമേറിയ ബോധ്യവും, ദൈവത്തെ സ്നേഹത്തോടെയും, യാഥാത്ഥ്യബോധത്തോടെയും പിതാവേ എന്നു വിളിക്കാനുമുള്ള കൃപയ്ക്കുമായി പ്രാർത്ഥിക്കുക.

8 പരിശുദ്ധ ദൈവമാതാവിന്റെ മദ്ധ്യസ്ഥം ഓരോ വിശുദ്ധ കുർബ്ബാനക്കായും യാചിക്കുക.

9 വിശുദ്ധ കുർബ്ബാനയെ പൂർണ്ണ വ്യക്തിത്വമുള്ളതായി മനസ്സിലാക്കുകയും, സ്നേഹിക്കുകയും ചെയ്യുക.

www.malankaralibrary.com

10 പുരോഹിതന്റെ പ്രാർത്ഥനയിലെ ഓരോ വാക്കും മനസു കൊണ്ട് ഏറ്റുപറഞ്ഞ് ശ്രദ്ധയോടെ ആയിരിക്കുക.
11 ദേവാലയത്തിലും പരിസരങ്ങളിലും, അനാവശ്യ സംസാരവും, അനുചിതമായ പെരുമാറ്റങ്ങളും, വസ്ത്രധാരണവും ഒഴിവാക്കുക, നമുക്കും മറ്റുള്ളവർക്കും അത് ദൈവാനുഭവത്തിന് തടസ്സമായേക്കാം.
12 സ്നേഹത്താടെ നന്ദി പറഞ്ഞ് മടങ്ങി പോകുക.
13 വി.ബലി അർപ്പിക്കുന്ന പുരോഹിതനെ ആദരവോടെ സ്നേഹിക്കുക, പുരോഹിതന് വേണ്ടി പ്രാർത്ഥിക്കുക, അദ്ദേഹത്തെ പ്രതി ദൈവത്തിന് നന്ദി പറയുക.
14 വി.കുർബ്ബാനയുടെ ഓരോ പ്രാർത്ഥനയിലും ആ സാഹചര്യങ്ങളിലേക്ക് സ്വയം ആയിതീരുക ഉദാ: പരസ്യ ശുശ്രൂഷയുടെ പ്രാരംഭ പ്രാർത്ഥനയുടെ സമയത്ത് ഞാൻ നിൽക്കുന്നത് ബേത്‌ലഹേമിലെ കാലിത്തൊഴുത്തിനു മുന്നിലാണെന്ന് മനസ്സിൽ കാണുക; സുവിശേഷ വായനയുടെ നേരത്ത് ഞാൻ ആയിരിക്കുന്നത് യൂദയയിലെയോ സമരിയായിലെയോ ഏതോ വെളിമ്പ്രദേശത്താണ്. അന്നാഫൂറയുടെ തുടക്കത്തിൽ പുരോഹിതൻ സമാധാനം ആശംസിക്കുമ്പോൾ ഞാൻ മനസ്സിൽ കാണുന്നത് എന്റെ സമാധാനം ഞാൻ നിങ്ങൾക്കു നൽകുന്നു എന്നു പറഞ്ഞുകൊണ്ട് ശിഷ്യൻമാരുടെ നടുവിൽ നിൽക്കുന്ന ഈശോയെയാണ്. ശോശപ്പാ ആഘോഷത്തിന്റെ സമയത്തും മാലാഖമാരുടെ സ്തുതിപ്പിലും ഞാൻ കാണുന്നത് തുറക്കപ്പെട്ടിരിക്കുന്ന സ്വർഗ്ഗവും, തന്റെ രാജകീയ മഹത്വത്തിൽ ക്രിസ്തു പിതാവിന്റെ വലതുവശത്ത് സിംഹാസനസ്ഥനായിരിക്കുന്നതുമാണ്.

സ്ഥാപന വചനങ്ങൾ ഉച്ചരിക്കപ്പെടുമ്പോൾ ഞാൻ നിൽക്കുന്നത് സെഹിയോൻ മാളികയുടെ മട്ടുപ്പാവിലാണ്. റൂഹാകക്ഷണ പ്രാർത്ഥനയിൽ പറന്നിറങ്ങുന്ന പരിശുദ്ധാത്മാവിനെയും, അപ്പം മുറിക്കൽ ശുശ്രൂഷയുടെ നേരത്ത് ക്രിസ്തുവിന്റെ പീഡാസഹനങ്ങളും മനസ്സിൽ ഉണ്ടാകണം. ഞാൻ കാൽവറിയിൽ കുരിശിന്റെ ചുവട്ടിൽ നിൽക്കുന്നു. തിരുശരീര രക്തങ്ങളുടെ ആഘോഷം നടക്കുമ്പോൾ ഞാൻ ഒലിവു മലയിലാണ്. വി.കുർബ്ബാന സ്വീകരിച്ചു കഴിയുമ്പാൾ ഞാൻ സ്വർഗ്ഗത്തിലാണ്. ഇങ്ങനെ നടക്കുന്ന ശുശ്രൂഷക്കും പ്രാർത്ഥനക്കും അനുസൃതമായി ഞാനും സഞ്ചരിച്ചുകൊണ്ടേയിരിക്കുന്നു.

www.malankaralibrary.com

10 പുരോഹിതന്റെ പ്രാർത്ഥനയിലെ ഓരോ വാക്കും മനസു കൊണ്ട് ഏറ്റുപറഞ്ഞ് ശ്രദ്ധയോടെ ആയിരിക്കുക.
11 ദേവാലയത്തിലും പരിസരങ്ങളിലും, അനാവശ്യ സംസാരവും, അനുചിതമായ പെരുമാറ്റങ്ങളും, വസ്ത്രധാരണവും ഒഴിവാക്കുക, നമുക്കും മറ്റുള്ളവർക്കും അത് ദൈവാനുഭവത്തിന് തടസ്സമായേക്കാം.
12 സ്നേഹത്താടെ നന്ദി പറഞ്ഞ് മടങ്ങി പോകുക.
13 വി.ബലി അർപ്പിക്കുന്ന പുരോഹിതനെ ആദരവോടെ സ്നേഹിക്കുക, പുരോഹിതന് വേണ്ടി പ്രാർത്ഥിക്കുക, അദ്ദേഹത്തെ പ്രതി ദൈവത്തിന് നന്ദി പറയുക.
14 വി.കുർബ്ബാനയുടെ ഓരോ പ്രാർത്ഥനയിലും ആ സാഹചര്യങ്ങളിലേക്ക് സ്വയം ആയിതീരുക ഉദാ: പരസ്യ ശുശ്രൂഷയുടെ പ്രാരംഭ പ്രാർത്ഥനയുടെ സമയത്ത് ഞാൻ നിൽക്കുന്നത് ബേത്‌ലഹേമിലെ കാലിത്തൊഴുത്തിനു മുന്നിലാണെന്ന് മനസ്സിൽ കാണുക; സുവിശേഷ വായനയുടെ നേരത്ത് ഞാൻ ആയിരിക്കുന്നത് യൂദയയിലെയോ സമരിയായിലെയോ ഏതോ വെളിമ്പ്രദേശത്താണ്. അന്നാഫൂറയുടെ തുടക്കത്തിൽ പുരോഹിതൻ സമാധാനം ആശംസിക്കുമ്പോൾ ഞാൻ മനസ്സിൽ കാണുന്നത് എന്റെ സമാധാനം ഞാൻ നിങ്ങൾക്കു നൽകുന്നു എന്നു പറഞ്ഞുകൊണ്ട് ശിഷ്യൻമാരുടെ നടുവിൽ നിൽക്കുന്ന ഈശോയെയാണ്. ശോശപ്പാ ആഘോഷത്തിന്റെ സമയത്തും മാലാഖമാരുടെ സ്തുതിപ്പിലും ഞാൻ കാണുന്നത് തുറക്കപ്പെട്ടിരിക്കുന്ന സ്വർഗ്ഗവും, തന്റെ രാജകീയ മഹത്വത്തിൽ ക്രിസ്തു പിതാവിന്റെ വലതുവശത്ത് സിംഹാസനസ്ഥനായിരിക്കുന്നതുമാണ്.

സ്ഥാപന വചനങ്ങൾ ഉച്ചരിക്കപ്പെടുമ്പോൾ ഞാൻ നിൽക്കുന്നത് സെഹിയോൻ മാളികയുടെ മട്ടുപ്പാവിലാണ്. റൂഹാകഷണ പ്രാർത്ഥനയിൽ പറന്നിറങ്ങുന്ന പരിശുദ്ധാത്മാവിനെയും, അപ്പം മുറിക്കൽ ശുശ്രൂഷയുടെ നേരത്ത് ക്രിസ്തുവിന്റെ പീഡാസഹനങ്ങളും മനസ്സിൽ ഉണ്ടാകണം. ഞാൻ കാൽവറിയിൽ കുരിശിന്റെ ചുവട്ടിൽ നിൽക്കുന്നു. തിരുശരീര രക്തങ്ങളുടെ ആഘോഷം നടക്കുമ്പോൾ ഞാൻ ഒലിവു മലയിലാണ്. വി.കുർബ്ബാന സ്വീകരിച്ചു കഴിയുമ്പാൾ ഞാൻ സ്വർഗ്ഗത്തിലാണ്. ഇങ്ങനെ നടക്കുന്ന ശുശ്രൂഷക്കും പ്രാർത്ഥനക്കും അനുസൃതമായി ഞാനും സഞ്ചരിച്ചുകൊണ്ടേയിരിക്കുന്നു.

www.malankaralibrary.com

# അനുബന്ധം – II

## തിരുവോസ്തി മാംസമായി, ഫ്രാൻസിസ് മാർപാപ്പ ദൃക്സാക്ഷി

ന്യൂയോർക്കിലെ അത്യാധുനിക ലാബോറട്ടറിയിൽ നടത്തിയ ശാസ്ത്രീയ പരീക്ഷണത്തിനൊടുവിൽ സുപ്രസിദ്ധ ഫൊറൻസിക് പാതോളജി വിദഗ്ദ്ധൻ ഡോ. ഫെഡറിക് തോമസ് സുഗിബെയുടെ ഒരേയൊരു ചോദ്യം ഡോ. റിക്കാർഡോ കാസ്റ്റനോണിനെ ഉത്തമ കത്തോലിക്കനാക്കി. മരിച്ച ഒരാളുടെ ഹൃദയകോശം മുറിച്ചെടുത്ത് നിങ്ങളെങ്ങനെയാണ് ജീവനോടെ എന്റെയരികിൽ എത്തിച്ചത്?

അമേരിക്കയിലും യൂറോപ്പിലും ഫൊറൻസിക് പാതോളജി ശാസ്ത്രശാഖയിലെ അവസാനവാക്കുകാരിൽ ഒരുവനായ ഡോ. ഫ്രെഡറിക് തോമസ് സുഗിബെയുടെ സംശയവും അത്ഭുതവും ഡോ. റിക്കാർഡോ കാസ്റ്റനോണിനെ ഉയർപ്പിച്ചു, ഇന്നും ജീവിക്കുന്ന ക്രിസ്തുവിലേക്ക്. ലോകമെങ്ങും തന്റെ ദൈവാനുഭവം പകരുന്നതിന്റെ തിരക്കിലാണ് ഇദ്ദേഹം.

ഹൃദയകോശം; മനുഷ്യന്റെ ഡി.എൻ.എ; രക്തഗ്രൂപ്പ്

1996 ഓഗസ്റ്റ് 18. അർജന്റീനയുടെ തലസ്ഥാനമായ ബ്യൂണസ് അയേഴ്സിലെ വാണിജ്യകേന്ദ്രത്തിലുള്ള കത്തോലിക്കാ ദേവാലയം. ഞായറാഴ്ച ദിവ്യബലി അർപ്പണം നടക്കുകയാണ്. സമയം രാത്രി 7.00

ഫാ. അലക്സാണ്ഡ്രോ പെസെറ്റാണ് കാർമികൻ. ദിവ്യകാരുണ്യം കൊടുത്തശേഷം ആൾത്താരയിലേക്കു മടങ്ങനൊരുങ്ങുകയായിരുന്നു അദ്ദേഹം. അപ്പോഴാണ് പിൻനിരയിൽനിന്നൊരു സ്ത്രീ ഓടിക്കിതച്ചെത്തിയത്. ദേവാലയത്തിനു പിന്നിലുള്ള തിരിക്കാലുകളിലൊന്നിൽ ആരോ വലിച്ചെറിഞ്ഞുകളഞ്ഞ ഒരു തിരുവോസ്തി കിടക്കുന്നുണ്ടത്രേ. ദിവ്യകാരുണ്യം

www.malankaralibrary.com

സ്വീകരിച്ചയുടൻ ആരെങ്കിലും തുപ്പിക്കളഞ്ഞതാവാം. വിവരം അറിഞ്ഞയുടൻ ഫാ. അലക്സാൺഡ്രോ ദേവാലയത്തിന്റെ പിൻനിരയിലെത്തി. സംഗതി വാസ്തവം.

ഇത്തരത്തിൽ കണ്ടെത്തുന്ന തിരുവോസ്തി വൈദികർ ഭക്ഷിക്കാറില്ല. കൂദാശ ചെയ്യപ്പെട്ട തിരുവോസ്തി ഭക്ഷിക്കാനാവാത്തവിധം കേടാവുകയോ നിലത്തുവീണ് അഴുക്കുപുരളുകയോ ചെയ്താൽ സഭയിലുടനീളം അനുവർത്തിക്കുന്ന ഒരു പതിവുണ്ട്. ആ തിരുവോസ്തി വെള്ളത്തിൽ ഇട്ട് ലയിപ്പിക്കുക. ഇത്തരത്തിൽ തിരുവോസ്തി അലിഞ്ഞുചേർന്ന വെള്ളം മറ്റാരും ചവിട്ടികടന്നുപോകാത്ത ഒരിടത്ത് ഒഴുക്കിക്കളയുക. ഓവ് ചാലുകളിലേക്കും തുറക്കാതെ നേരെ ഭൂമിയിലേക്ക് പതിക്കത്തക്കവണ്ണം വെള്ളം ഒഴുകാനാകാവും വിധം ഒരു സിങ്ക് ഓരോ ദേവാലയത്തിന്റെയും ആൽത്താരയ്ക്ക് സമീപം ഇങ്ങനെ ക്രമീകരിച്ചിട്ടുണ്ടാകും.

അതിനുവേണ്ടി അദ്ദേഹം ഈ തിരുവോസ്തി വെള്ളത്തിലിട്ട് സുരക്ഷിതസ്ഥാനത്തു സൂക്ഷിച്ചുവെച്ചു. ഓഗസ്റ്റ് 26, തിങ്കളാഴ്ച. തിരുവോസ്തി വെള്ളത്തിലിട്ടു വെച്ചിട്ടിപ്പോൾ ഒരാഴ്ച കഴിഞ്ഞിരിക്കുന്നു. ലയിച്ചു തീർന്നോയെന്നറിയാൻ ഫാ. അലക്സാൺഡ്രോ സൂക്ഷിച്ചുനോക്കി. അസാധാരണം! ആ ഗോതമ്പപ്പം ഒരു ചെറുകഷണം മാംസംപോലെ രൂപാന്തരപ്പെട്ടിരിക്കുന്നു. ബ്യൂണസ് അയേഴ്സിലെ ആർച്ച്ബിഷപ്പായ ജോർജ് ബെർഗോളിയോയെ (നമ്മുടെ പുതിയ പാപ്പ ഫ്രാൻസിസ്) വിവരമറിയിച്ചു വൈദികൻ.

മനുഷ്യമാംസത്തിന്റെ രൂപം കൈവരിച്ച തിരുവോസ്തിയുടെ ചിത്രങ്ങളെടുക്കാൻ ആർച്ച്ബിഷപ് ബെർഗോളിയോ നിർദ്ദേശിച്ചു. സെപ്റ്റംബർ ആറിന് വിദഗ്ധ ഫോട്ടോഗ്രാഫർ ഈ തിരുവോസ്തിയുടെ ചിത്രങ്ങൾ പകർത്തി. രൂപമാറ്റം വന്ന തിരുവോസ്തി സുരക്ഷിതമായൊരിടത്തു രഹസ്യമായി

www.malankaralibrary.com

സൂക്ഷിക്കാനും നിർദേശിച്ചു അദ്ദേഹം. വളരെ ചുരുക്കം വൈദികരൊഴികെ മറ്റാരെയും ഈ സംഭവങ്ങൾ അറിയിച്ചില്ല. മൂന്നു വർഷം കഴിഞ്ഞിട്ടും തിരുവോസ്തി കേടാവുന്നില്ലെന്നു മനസ്സിലാക്കിയശേഷമാണ് ഇത് ശാസ്ത്രീയ പരീക്ഷണങ്ങൾക്കു വിധേയമാക്കാൻ ആർച്ച് ബിഷപ്പ് തീരുമാനിച്ചത്.

1999 ഒക്ടോബർ അഞ്ച്. ആർച്ച്ബിഷപ്പ് ചുമതലപ്പെടുത്തിയ മുതിർന്ന വൈദികരുടെ സാന്നിധ്യത്തിൽ ഡോ. റിക്കാർഡോ കാസ്റ്റനോൺ ഈ അത്ഭുത തിരുവോസ്തിയുടെ അൽപ്പഭാഗം മുറിച്ചെടുത്തു. ന്യൂയോർക്കിലെ ഏറ്റവും ആധുനികമായ ലബോറട്ടറിയിൽ ഇതു പരിശോധിപ്പിക്കാനായിരുന്നു അധികൃതരുടെ തീരുമാനം. തിരുവോസ്തിയുടെ ഭാഗമാണ് ഇതെന്ന കാര്യം ലബോറട്ടറിയിലെ ശാസ്ത്രജ്ഞരെ തൽക്കാലം അറിയിക്കേണ്ടെന്നും നിശ്ചയിച്ചിരുന്നു.

ഡോ. ഫ്രെഡെറിക് സുഗിബെ ആയിരുന്നു പഠനസംഘത്തിലൊരാൾ. സുദീർഘമായ നിരീക്ഷണങ്ങൾക്കും പഠനങ്ങൾക്കും ശേഷം അദ്ദേഹം വിധിയെഴുതി: ശരിക്കും മനുഷ്യമാംസവും രക്തവുമാണ് ഞങ്ങൾ പരിശോധിച്ച വസ്തു. മനുഷ്യന്റെ ഡിഎൻഎ യാണ് ഇതിലുണ്ടായിരുന്നത്. മനുഷ്യഹൃദയത്തിലെ ഇടതു വെൻട്രിക്കിളിൽ വാൽവിനടുത്തുള്ള കോശങ്ങളിലൊന്നാണിത്. ഹൃദയസ്പന്ദനത്തെ നിയന്ത്രിക്കുന്നതാണ് ഈ പേശി. ശരീരത്തിന്റെ എല്ലാ ഭാഗത്തേക്കും രക്തം പമ്പു ചെയ്യുന്നത് ഇടതു വെൻട്രിക്കിളിൽ നിന്നാണ്. ഹൃദയപേശിയിൽ ഒട്ടനവധി വെളുത്ത രക്താണുക്കളുണ്ടാവും. ഈ സാംപിൾ എടുക്കുന്ന സമയവും ഈ ഹൃദയത്തിനു ജീവനുണ്ടായിരുന്നു എന്നാണ് വെളുത്ത രക്താണുക്കളുടെ സജീവസാന്നിധ്യം തെളിയിക്കുന്നത്. ഒരുപാടു വേദനയും സമ്മർദവും അനുഭവിക്കുന്ന ഒരാളുടെ ഹൃദയപേശിയാണിത്. ഗവേഷണഫലം കണ്ട ഡോ. റിക്കാർഡോ കാസ്റ്റനോൺ അസ്തപ്രജ്ഞനായി നിന്നുപോയി!

www.malankaralibrary.com

ഈ സാമ്പിളിലെ രക്തത്തിന്റെ ഗ്രൂപ്പ് എ.ബി. ആണെന്നും പഠനം തെളിയിച്ചു. ഓസ്ട്രേലിയൻ പത്രപ്രവർത്തകനായ മൈക്ക് വില്ലെസിയും അഭിഭാഷകനായ റോൺ ടെസോറീറോയും പരീക്ഷണവേളകളിൽ സന്നിഹിതരായിരുന്നു. മനുഷ്യശരീരത്തിൽ നിന്നെടുക്കുന്ന ഒരു കോശത്തിൽ വെളുത്ത രക്താണുക്കൾ എത്രകാലം സജീവമായിരിക്കുമെന്നു ഡോ. സുഗീബെയുടെ മൈക്ക് വില്ലെസി തിരക്കി.

ഏതാനും നിമിഷങ്ങൾക്കുള്ളിൽ അവ നശിച്ചുപോകുമെന്നായിരുന്നായിരുന്നു ഡോ. സുഗിബെയുടെ മറുപടി. ഈ സാമ്പിൾ സാധാരണജലത്തിൽ ഒരു മാംസവും ഡിസ്റ്റിൽസ് ജലത്തിൽ മൂന്നുവർഷവും സൂക്ഷിച്ചിരുന്നതാണെന്ന് അപ്പോൾ മാത്രമാണ് മൈക്ക് വെളിപ്പെടുത്തിയത്. മാത്രമല്ല കൂദാശ ചെയ്യപ്പെട്ട ഒരു തിരുവോസ്തിയുടെ ഭാഗമാണിതെന്നും മൈക്ക് വെളിപ്പെടുത്തി.

ശാസ്ത്രീയമായി അത് അസാധ്യമാണെന്നായിരുന്നു ഡോക്ടറുടെ മറുപടി: ശാസ്ത്രത്തിനു വിശദീകരിക്കാനാവാത്ത അത്ഭുതമാണിത്. കത്തോലിക്കാസഭയിലെ അത്ഭുതങ്ങളുടെ പൊള്ളത്തരം പൊളിക്കുക എന്ന ഏകലക്ഷ്യവുമായി പരീക്ഷണങ്ങളിൽ മുഴുകിയ ഡോ. റിക്കാർഡോ കാസ്റ്റനോൺ പിന്നെ തന്റെ ജീവിത ലക്ഷ്യവും മാറ്റി: താൻ തിരിച്ചറിഞ്ഞ സത്യം ലോകത്തോടു വിളിച്ചുപറയുക.

സൺഡേ ശാലോം സപ്ലിമെന്റ് 31-3-2013

www.malankaralibrary.com

# അനുബന്ധം - III

## പുതിയ നിയമത്തിൽ വി.കുർബാനയുടെ സ്ഥാപനത്തെപ്പറ്റിയുള്ള വിവരണങ്ങൾ

1. മത്തായി 26 : 26 -28
2. മർക്കോസ് 14 : 22 - 24
3. ലൂക്കോസ് 22 : 17 -20
4. യോഹന്നാൻ 6 : 47 - 59
5. 1 കൊരിന്തോസ് 11 : 23- 25

## പഴയ നിയമത്തിലെ വി.കുർബാനയുമായി ബന്ധപ്പെട്ട സൂചനകൾ

| | | |
|---|---|---|
| 1. ഏശയ്യാക്ക് നൽകപ്പെട്ട തീക്കട്ട | - | ഏശയ്യാ 6:6 |
| 2. ഏലിയാക്ക് ലഭിച്ച അപ്പം | - | 1 രാജാ 19:6 |
| 3. മരുഭൂമിയിലെ മന്നാ | - | പുറപ്പാട് 16:12-15 |
| 4. പെസഹാ കുഞ്ഞാട് | - | പുറപ്പാട് 12:1-11 |
| 5. ഏദനിലെ ജീവന്റെ മരം | - | ഉൽപത്തി 2:9,3:22 |
| 6. അബ്രഹാമിന്റെ ബലി | - | ഉൽപത്തി 22:1-13 |
| 7. പിച്ചള സർപ്പം | - | സംഖ്യ 21:5-9 |
| 8. സഹന ദാസൻ | - | ഏശയ്യാ 53 :2-12 |

## പള്ളിയും ഉപകരണങ്ങളും

ദേവാലയത്തിന് നാല് ഭാഗങ്ങളാണുള്ളത്.

1. വിശുദ്ധ മദ്ബഹാ - അതിവിശുദ്ധ സ്ഥലം, പുരോഹിതരും ശുശ്രൂഷകരും വ്യാപരിക്കുന്ന ഇടം
2. അഴിക്കകം - വിശുദ്ധസ്ഥലം - ശെമ്മാച്ചൻമാർ, ഗായകസംഘം തുടങ്ങിയവർ
3. ഹൈക്കലാ - വിശ്വാസികളുടെ സ്ഥലം
4. മോണ്ടളം - പൂമുഖം - പുറജാതികളുടെ സ്ഥലം

www.malankaralibrary.com

## വിശുദ്ധ മദ്ബഹാ

ഇതിന്റെ മദ്ധ്യത്തിൽ വി.ത്രോണാസാകുന്ന ബലിപീഠം നിൽക്കുന്നു. ധൂപകലശമുണ്ട് – അഹറോന്റെ തളിർത്തവടിക്കുപകരം കുരിശും, ജീവമന്ന വയ്ക്കപ്പെട്ടിരുന്ന പൂജാപാത്രങ്ങളുടെ സ്ഥാനത്ത് കാസായും, പീലാസായുമുണ്ട്. കൃപാസനത്തെ നിഴലിക്കുന്ന മഹത്വത്തിന്റെ കെരൂബുകൾ പോലെ വി.ത്രോണോസിനെ പ്രകാശിപ്പിക്കുന്ന കത്തിനിൽക്കുന്ന തിരികളുണ്ട്. ഗോഗുൽത്തായോടും, ദൈവം ഇറങ്ങിവന്ന സീനായ് മലയോടും വി.മദ്ബഹായെ താരതമ്യപ്പെടുത്താറുണ്ട്. സ്വർഗ്ഗമായി തന്നെയാണ് വിശുദ്ധ മദ്ബഹായെ മനസ്സിലാക്കേണ്ടത്.

**2.തിരശ്ശീല**

ഭൂമിയുടെയും സ്വർഗ്ഗത്തിന്റെയും മദ്ധ്യേ നിൽക്കുന്നു. രണ്ടും തമ്മിലുള്ള ബന്ധത്തെ സൂചിപ്പിക്കുന്നു.

**3. വി.ത്രോണോസ്**

സൈന്യങ്ങളുടെ ദൈവമായ കർത്താവിന്റെ മഹത്വത്തിന്റെ സിംഹാസനം (ത്രോണോസ് - സിംഹാസനം) ജീവന്റെ മേശയായും, നമ്മുടെ കർത്താവിന്റെ കബറിടമായും പരിഗണിക്കപ്പെടുന്നു.

**4. തബ്ലൈത്താ**

വി.ത്രോണോസിൻമേൽ കാസായും പീലാസായും വയ്ക്കുന്ന ചെറിയ പലക (18 ഇഞ്ച് X 9 ഇഞ്ച്) വി.ത്രോണോസ് ഇല്ലായെങ്കിലും ഈ പലകമേൽ വച്ച് വി.കുർബാന അർപ്പിക്കാം. മേൽപട്ടക്കാരൻ വി.മൂറോൻ കൊണ്ട് കൂദാശ ചെയ്തതായിരിക്കണം ഇത്. ഒരു പള്ളി കൂദാശചെയ്യുമ്പോൾ മാത്രമേ, 'തബ്ലൈത്താ' കൂദാശ ചെയ്യപ്പെടുന്നുള്ളു. പറുദീസയിലെ ജീവന്റെ വൃക്ഷത്തിനു സമം.

www.malankaralibrary.com

**5. കുരിശ്**

വി.ത്രോണോസിന്റെ മദ്ധ്യഭാഗത്ത് ഏറ്റം ഉയർന്ന് സ്ഥാപിച്ചിരിക്കുന്ന കുരിശ്, അഹറോന്റെ തളിർത്ത വടിയെ സൂചിപ്പിക്കുന്നു. ഒഴിഞ്ഞ കുരിശ് (ഈസ്റ്റർക്രോസ്സ്) ആണ് മലങ്കരദേവാലയങ്ങളിൽ ഉപയോഗിക്കുന്നത്. കർത്താവ് ഉദ്ഥിതനായി എന്നതാണ് ഒഴിഞ്ഞ കുരിശ് കാണിക്കുന്നത്.

**6. മെഴുകുതിരികൾ**

ജെറുസലേം ദേവാലയത്തിലെ തങ്കവിളക്കിനുള്ള 7 തിരികളോ, അപ്പസ്തോലൻമാരുടെ എണ്ണമനുസരിച്ച 12 തിരികളോ കത്തിക്കുന്നു.

**7. ചിത്തോല**

ത്രോണോസിനെ അലങ്കരിക്കുന്ന മനോഹരമായ ചിത്രതുന്നലുള്ള വിരി. കർത്താവിനെ കബറടക്കിയപ്പോൾ ചുറ്റിപ്പൊതിഞ്ഞ കേത്താനാശീലയുടെ പ്രതീകം.

**8. കാസാ**

വീഞ്ഞ് വച്ചിരിക്കുന്ന പൊക്കമുള്ള പൂജാപാത്രം.

**9. പീലാസാ**

അപ്പം വയ്ക്കുന്ന പരന്ന പൂജാപാത്രം.

**10. സ്പൂൺ (തർവ്വോദോ)**

വീഞ്ഞും വെള്ളവും കലർത്താൻ ഉപയോഗിക്കുന്നു.

**11. ശോശപ്പാ**

കാസായും പീലാസയും ഒരുമിച്ച് മൂടാനുള്ള വെള്ളവിരി. ഉണ്ണി ഈശോയെ പൊതിഞ്ഞ പിള്ളക്കച്ച, തന്റെ തുന്നൽ കൂടാതെയുള്ള ഉടുപ്പ്, പഴയ നിയമത്തിൽ കൃപാസനത്തിനു മുകളിലെ "ഷെക്കീനാ" എന്ന പ്രകാശം, തേജസ്ക്കരണ സമയത്ത് കാണപ്പെട്ട വെൺമേഘം ഇതെല്ലാം സൂചിപ്പിക്കുന്നു.

www.malankaralibrary.com

**12. ചെറിയ കുഷ്യൻ (ഗമൂർത്താ)**

സ്പൂൺ (തർവ്വോദോ) വക്കാനുപയോഗിക്കുന്നു. കുട്ടികൾക്ക് കുർബാന കൊടുത്തുകഴിഞ്ഞ് അധരം തുടക്കാനും ഉപയോഗിക്കുന്നു. സെറാഫുകൾ തീക്കട്ട എടുത്ത കൊടിലിനു സമം.

**13. തൂവാല**

വിശുദ്ധ വസ്തുക്കൾ സ്പർശിച്ച കൈകൾ തുടക്കുന്നതിനുപയോഗിക്കുന്നു. കാസായും പീലാസായും തുടക്കാൻ ഉപയോഗിക്കുന്നു.

**14. ഏവൻഗേലിയോൻ പീഠം/മേശ**

വിശുദ്ധഗ്രന്ഥം വക്കാൻ ഉപയോഗിക്കുന്ന അലങ്കരിച്ച മേശ/ പീഠം. വി.മദ്ബഹായിലെ രണ്ടാമത്തെ ബലിപീഠമായും കണക്കാക്കപ്പെടുന്നു.

**15 മറുവഹ്സാ**

നീണ്ടകമ്പിൽ ഉയർത്തി പിടിച്ച് കിലുക്കുന്ന മണി-ചിറകടിച്ച് ഉയർന്ന് പറന്നുകൊണ്ട് ദൈവത്തെ സ്തുതിക്കുന്ന മാലാഖമാരുടെ പ്രതീകം.

**16. കിലുക്കുമണി**

വി.കുർബാനയിലെ പ്രധാന സന്ദർഭങ്ങളെ വിളിച്ചറിയിക്കുന്നു.

**17. വലിയ മണി**

ആരാധനയുടെ സമയം അറിയിക്കുന്നതിനും, ആരാധനക്കിടയിൽ അതിപ്രധാന വേളകൾ ഓർമ്മിപ്പിക്കുന്നതിനും ഉപയോഗിക്കുന്ന ഉയരത്തിൽ സ്ഥാപിച്ചിട്ടുള്ള മണി. രക്ഷയുടെ കാഹളനാദമായി മനസ്സിലാക്കികൊണ്ട് മണിയടി ശബ്ദം കേൾക്കുമ്പോൾ കുരിശു വരയ്ക്കണം.

www.malankaralibrary.com

**18. വി.കുർബാനയിൽ എങ്ങനെ സംബന്ധിക്കണം ?**

അടക്കത്തോടും, ഭംഗിയോടും, ഭയത്തോടും, വണക്കത്തോടും, വെടിപ്പോടും, വിശുദ്ധിയോടും, സ്നേഹത്തോടും, സത്യവിശ്വാസത്തോടും, ദൈവഭക്തിയോടും കൂടെ സംബന്ധിക്കണം. കർത്തൃപ്രാർത്ഥനയിൽ കൈകൾ മലർത്തിപ്പിടിക്കുകയും മറ്റവസരങ്ങളിൽ കൈകൂപ്പി നിൽക്കുകയും വേണം. കൈകൾ തുറന്ന കീഴ്പോട്ടിടുകയോ, പുറകിലോ നെഞ്ചിലോ കൈകൾ കെട്ടി നിൽക്കുകയോ പാടില്ല. അക്ഷര സ്പുടതയോടെ ഉയർന്ന ശബ്ദത്തിൽ പ്രതിവാക്യങ്ങൾ 'അറിഞ്ഞ് ചൊല്ലണം'. കഴിവതും പുസ്തകം ഉപയോഗിച്ച് ചൊല്ലണം. കുരിശ് വരക്കുന്നത് ആദരവോടെ ചെയ്യണം. കഴിയുന്നതും അലക്കി വെടിപ്പാക്കിയ വൃത്തിയുള്ള വസ്ത്രം ധരിക്കണം. ഭക്ഷണം കഴിക്കാതെ വി.കുർബാനയിൽ സംബന്ധിക്കുന്നതാണ് പാരമ്പര്യം.

(കടപ്പാട് "ജീവനുള്ള ബലി"
സി.കെ.വർഗീസ്)

❖ ❖ ❖ ❖ ❖

www.malankaralibrary.com



www.malankaralibrary.com



**പരിശുദ്ധ പരമ ദിവ്യകാരുണ്യത്തിന് എന്നേരവും**
**ആരാധനയും സ്തുതിയും പുകഴ്ചയുമുണ്ടായിരിക്കട്ടെ !**

അറയ്ക്കമണ്ണിൽ* റാന്നി. 9447207272